Newspaper for malayalees Worldwide
CHICAGO/TORONTO ◆ Estd.2020

വാചകം
VACHAKAM

America | Canada | India | Keralam | Socialmedia | Cinema | Sports | Technology | World

CHICAGO
VOL. 6 / ISSUE 15 / PAGES 32
18
നവംബർ 2026
ബുധനാഴ്ച
1202 വൃശ്ചികം 2

www.vachakam.com
news@vachakam.com
canada@vachakam.com



തീക്കളിയിൽ ലോകം; കനത്ത ജാഗ്രതയിൽ അമേരിക്ക

നിർണ്ണായകമാവുന്ന നയതന്ത്ര സഖ്യങ്ങളും

പ്രതിരോധ നീക്കങ്ങളും

ആഗോള രാഷ്ട്രീയത്തിൽ അമേരിക്ക ഇന്ന് അതീവ നിർണ്ണായകമായ ഒരു ഘട്ടത്തിലാണ് നിൽക്കുന്നത്. ഇറാന്റെ ഭാഗത്തുനിന്നുയരുന്ന പ്രകോപനപരമായ ഭീഷണികളും മിസൈൽ പരീക്ഷണങ്ങളും സൈബർ മേഖലയിലെ കടന്നുകയറ്റങ്ങളും വാഷിംഗ്ടണിന്റെ പ്രതിരോധ തന്ത്രങ്ങളെ നിരന്തരം പരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. വിവിധ മേഖലകളിൽ ഒരേസമയം ഉയരുന്ന വെല്ലുവിളികളെ നേരിടാൻ അമേരിക്കയ്ക്ക് വൻതോതിലുള്ള ജാഗ്രത അനിവാര്യമായിരിക്കുന്നു. സൈനിക കരുത്തും സൈബർ സുരക്ഷാ സംവിധാനങ്ങളും ഒരുപോലെ ശക്തിപ്പെടുത്തേണ്ട ഘട്ടമാണിതെന്ന് വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു. ഇറാനുമായി ബന്ധപ്പെട്ട സുരക്ഷാ ആശങ്കകൾക്കൊപ്പം അമേരിക്ക നടത്തുന്ന മിസൈൽ പരീക്ഷണങ്ങളും തന്ത്രപരമായ സന്ദേശങ്ങളാണ് നൽകുന്നത്. പ്രതിരോധ ശേഷി തെളിയിക്കാനും എതിരാളിക

ശേഷം പേജ് 8ൽ

ലോകരാഷ്ട്രീയത്തിൽ പുതുചരിത്രം; ഷെൻഷെനിൽ ട്രംപ്–ഷി–പുടിൻ നിർണ്ണായക ത്രികക്ഷി ഉച്ചകോടിയിൽ കണ്ണുംനട്ട് ലോകം

ആഗോള രാഷ്ട്രീയ-സാമ്പത്തിക ക്രമത്തിൽ നിർണ്ണായകമായേക്കാവുന്ന ചരിത്ര കൂടിക്കാഴ്ചയ്ക്ക് തെക്കൻ ചൈനയിലെ ഷെൻഷെൻ വേദിയാകുന്നു. ഏഷ്യ-പസഫിക് സാമ്പത്തിക സഹകരണ ഉച്ചകോടിക്കായി എത്തിയ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്, ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്, റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുടിൻ എന്നിവരാണ് ചരിത്രത്തിലാദ്യമായി ഒരേ വേദിയിൽ ത്രികക്ഷി ചർച്ചയ്ക്കായി ഒന്നിക്കുന്നത്. പ്രാദേശിക സമയം ഉച്ചയ്ക്ക് 2:30 ന് നടക്കുന്ന ഈ ഉച്ചകോടി ലോകസമാധാനത്തിനും സ്ഥിരതയ്ക്കും

ശേഷം പേജ് 8ൽ



മാധ്യമപ്രവർത്തനത്തിന്റെ ദുരന്തം; മാധ്യമങ്ങളുടെയും
(എൻ. പി. ചെക്കുട്ടി എഴുതുന്നു).....പേജ് 05
തകരാറാകാതെ വൈദ്യുതി കരാർ; 'ലോ വോൾട്ടേജ് സുതാര്യത .....പേജ് 15
വിശ്വസ്ത വിധേയരില്ലാതെ നാടാറുമാസം.....പേജ് 16
മണിശങ്കര അയ്യരുടെ ദോശയും 'പ്രഭു' സിനിമയിലെ കൈവിട്ട ചാൻസും.....പേജ് 17
സതീശനെ ജഡായുവാക്കി ചിറകരിയാൻ എത്ര രാവണന്മാർ .....പേജ് 24
ആസിയാൻ കരാറിന്റെ 17 വർഷങ്ങൾ: വ്യാപാര നേട്ടങ്ങളും കർഷകന്റെ കണ്ണീരും പിന്നെ 2027ലെ പ്രതീക്ഷകളും.....പേജ് 25

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com
വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ

ഇറാനുമേൽ ഉപരോധം കടുപ്പിച്ച് അമേരിക്ക

നടുക്കടലിലെ എണ്ണ കൈമാറ്റങ്ങൾക്കും കർശന വിലക്ക്, കപ്പലുകൾ പിടിച്ചെടുക്കാൻ സൈനിക ഉത്തരവ്



ഇറാൻ തുറമുഖങ്ങൾക്ക് ഏർപ്പെടുത്തിയ നാവിക ഉപരോധം കൂടുതൽ ശക്തമാക്കാൻ അമേരിക്കൻ സൈന്യം തീരുമാനിച്ചു. നടുക്കടലിൽ വെച്ച് ഇറാൻ കപ്പലുകളിൽ നിന്ന് എണ്ണയോ മറ്റ് ചരക്കുകളോ സ്വീകരിക്കുന്ന കപ്പലുകൾക്കെതിരെ കർശന നടപടിയുണ്ടാകുമെന്നാണ് പുതിയ മുന്നറിയിപ്പ്. അമേരിക്കൻ സെൻട്രൽ കമാൻഡ് പുറത്തിറക്കിയ പ്രത്യേക സുരക്ഷാ നിർദ്ദേശത്തിലാണ് ഇക്കാര്യം വ്യക്തമാക്കിയിരിക്കുന്നത്.

ഇറാൻ തുറമുഖങ്ങളിൽ നേരിട്ട് പ്രവേശിച്ചില്ലെങ്കിൽ പോലും, ഉപരോധമുള്ള കപ്പലുകളിൽ നിന്ന് ചരക്ക് കൈമാറ്റം നടത്തുന്നത് നിയമലംഘനമായി കണക്കാക്കും. ഇത്തരം കപ്പലുകളെ തടഞ്ഞുനിർത്താനും പരിശോധിക്കാനും ആവശ്യമെങ്കിൽ പിടിച്ചെടുക്കാനും നാവികസേനയ്ക്ക് പൂർണ്ണ അധികാരമുണ്ടായിരിക്കും. ചരക്ക് കയറ്റിയ ഇറാൻ തുറമുഖത്തേക്ക് തന്നെ കപ്പലുകളെ തിരിച്ചുവിടാനും സൈന്യത്തിന് സാധിക്കും.

സൈനിക ഉദ്യോഗസ്ഥരുടെ നിയമപരമായ നിർദ്ദേശങ്ങൾ ഉടനടി അനുസരിക്കാത്ത കപ്പലുകൾക്ക് നേരെ ബലപ്രയോഗം നടത്താനും അനുമതി നൽകിയിട്ടുണ്ട്. അന്താരാഷ്ട്ര നിയമങ്ങൾക്ക് വിധേയമായിട്ടായിരിക്കും ഇത്തരം സൈനിക നടപടികൾ സ്വീകരിക്കുകയെന്ന് സെൻട്രൽ കമാൻഡ് വ്യക്തമാക്കുന്നു. ഇറാന്റെ സാമ്പത്തിക സ്രോതസ്സുകൾ പൂർണ്ണമായി അടയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് വാഷിംഗ്ടൺ ഈ നീക്കം നടത്തുന്നത്.

ഈ വർഷം ഏപ്രിൽ പതിമൂന്നിനാണ് ഇറാന്റെ എണ്ണ കയറ്റുമതി തടഞ്ഞുകൊണ്ട് അമേരിക്ക ആദ്യമായി നാവിക ഉപരോധം ഏർപ്പെടുത്തിയത്. ജൂൺ മാസത്തിൽ ഇരു രാജ്യങ്ങളും തമ്മിൽ പ്രാഥമിക ധാരണയിലെത്തിയതിനെ തുടർന്ന് ഈ നിയന്ത്രണങ്ങൾ താൽക്കാലികമായി പിൻവലിച്ചിരുന്നു. എന്നാൽ കരാർ തകർന്നതോടെ ജൂലൈ പതിനാലിന് ഉപരോധം വീണ്ടും ശക്തമായി നടപ്പിലാക്കുകയായിരുന്നു.

കടുത്ത ഉപരോധങ്ങൾ നിലനിൽക്കുമ്പോഴും ജൂലൈയ്ക്ക് ശേഷം കുറഞ്ഞ അളവിൽ എൽ.പി.ജിയും വിമാന ഇന്ധനവും കയറ്റുമതി ചെയ്യാൻ ഇറാന് സാധിച്ചിരുന്നു. നടുക്കടലിൽ വെച്ച് മറ്റ് കപ്പലുകളിലേക്ക് ചരക്ക് മാറ്റിയാണ് ഇറാൻ ഈ നിയന്ത്രണങ്ങളെ മറികടന്നിരുന്നത്. പുതിയ ഉത്തരവ് നിലവിൽ വരുന്നതോടെ ഈ പഴുതും പൂർണ്ണമായി അടയുകയാണ്.

അതേസമയം ഇറാന്റെ അസംസ്കൃത എണ്ണ കയറ്റുമതി കഴിഞ്ഞ കുറേ മാസങ്ങളായി ഏതാണ്ട് പൂർണ്ണമായും സ്തംഭിച്ച അവസ്ഥയിലാണ്. ആഗോള വിപണിയിലേക്ക് എണ്ണ എത്തിക്കാൻ കഴിയാത്തത് ഇറാന്റെ സമ്പദ്വ്യവസ്ഥയെ കടുത്ത പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. മേഖലയിലെ സുരക്ഷാ സാഹചര്യങ്ങൾ വിലയിരുത്തി അമേരിക്കൻ നാവികസേന കടലിൽ നിരീക്ഷണം കൂടുതൽ ശക്തമാക്കി.

പശ്ചിമേഷ്യയിൽ സംഘർഷാവസ്ഥ നിലനിൽക്കുന്നതിനിടെ അമേരിക്കയുടെ ഈ പുതിയ തീരുമാനം ആഗോള കപ്പൽ ഗതാഗത മേഖലയിൽ വലിയ ചലനങ്ങളുണ്ടാക്കും. ഇറാനുമായി വ്യാപാര ബന്ധം പുലർത്തുന്ന അന്താരാഷ്ട്ര കപ്പൽ കമ്പനികൾക്ക് കനത്ത തിരിച്ചടിയാണ് സെൻട്രൽ കമാൻഡിന്റെ ഈ മുന്നറിയിപ്പ്. വരും ദിവസങ്ങളിൽ സമുദ്രപാതകളിൽ പരിശോധനകൾ കൂടുതൽ കർശനമാക്കാനാണ് അമേരിക്കൻ സൈന്യത്തിന്റെ തീരുമാനം.

തിരഞ്ഞെടുപ്പ് ജയിക്കാൻ പണം മാത്രം പോരാ; ട്രംപിന്റെ പാർട്ടിക്ക് ഫണ്ട് നൽകിയതിൽ നിരാശ തുറന്നുപറഞ്ഞ് മസ്ക്



അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ മേക്ക് അമേരിക്ക ഗ്രേറ്റ് എഗെയ്ൻ അഥവാ മാഗാ പ്രസ്ഥാനത്തിന്റെ ഭാഗമല്ല താനെന്ന് ശതകോടീശ്വരൻ ഇലോൺ മസ്ക് വ്യക്തമാക്കി. 2024ലെ പ്രസിഡന്റ് തിരഞ്ഞെടുപ്പ് പ്രചാരണ വേളയിലും നവംബറിൽ നടന്ന ഇടക്കാല തിരഞ്ഞെടുപ്പിലും ട്രംപിന്റെ ഏറ്റവും വലിയ പിന്തുണക്കാരനായിരുന്ന വ്യക്തിയാണ് ടെസ്ല, സ്പേസ് എക്സ് മേധാവിയായ മസ്ക്.

മുൻപ് സ്വയം ഡാർക്ക് ഗോതിക് മാഗാ എന്ന് വിശേഷിപ്പിച്ചിരുന്ന അദ്ദേഹം ഇപ്പോൾ നിലപാടിൽ മാറ്റം വരുത്തുകയാണ്. ന്യൂയോർക്ക് ടൈംസ് സംഘടിപ്പിച്ച ഡീൽബുക്ക് ഉച്ചകോടിയിൽ വീഡിയോ ലിങ്ക് വഴി സംസാരിക്കവെയാണ് മസ്ക് തന്റെ പുതിയ നിലപാട് തുറന്നുപറഞ്ഞത്.

നിലവിൽ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനൊപ്പം ഏഷ്യൻ പര്യടനത്തിന്റെ ഭാഗമായി ചൈനയിലുള്ള അമേരിക്കൻ വ്യവസായ പ്രമുഖരുടെ സംഘത്തിൽ മസ്കും ഉൾപ്പെട്ടിട്ടുണ്ട്. അവിടെ നിന്നാണ് അദ്ദേഹം അമേരിക്കയിലെ ഉച്ചകോടിയിൽ ഓൺലൈനായി പങ്കെടുത്തത്. മാഗാ എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് തനിക്ക് കൃത്യമായി അറിയില്ലെന്നാണ് മസ്ക് അഭിപ്രായപ്പെട്ടത്. റിപ്പബ്ലിക്കൻ പാർട്ടിയുടെ നയങ്ങളെ അന്ധമായി പിന്തുടരുന്നതാണ് മാഗാ എങ്കിൽ തനിക്ക് അത്തരമൊരു നിലപാടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

രാഷ്ട്രീയ പാർട്ടികളുടെ എല്ലാ തീരുമാനങ്ങളെയും കണ്ണുമടച്ച് പിന്തുണയ്ക്കാൻ താൻ തയ്യാറല്ലെന്ന് മസ്ക് വ്യക്തമാക്കുന്നു. ഇടക്കാല തിരഞ്ഞെടുപ്പ് പ്രചാരണ സമയത്ത് ട്രംപിനൊപ്പം വേദികൾ പങ്കിടുകയും വലിയ രീതിയിൽ സാമ്പത്തിക സഹായം നൽകുകയും ചെയ്ത ശേഷമാണ് ഈ പുതിയ പ്രസ്താവന.

അമേരിക്കൻ ഇടക്കാല തിരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥികൾക്കായി ഏകദേശം അമ്പത് കോടി ഡോളറോളം ചെലവഴിച്ചതിൽ തനിക്ക് ഇപ്പോൾ മണ്ടത്തരം തോന്നുന്നുവെന്നും അദ്ദേഹം തുറന്നുസമ്മതിച്ചു. വലിയ തുക ചെലവഴിച്ചിട്ടും പ്രതീക്ഷിച്ച ഫലം ലഭിച്ചില്ലെന്ന നിരാശയും മസ്ക് പങ്കുവെച്ചു.

തിരഞ്ഞെടുപ്പ് ഫലങ്ങൾ പണം കൊണ്ട് മാത്രം നിർണ്ണയിക്കാൻ കഴിയില്ലെന്നാണ് പുതിയ സാഹചര്യങ്ങൾ തെളിയിക്കുന്നതെന്ന് അദ്ദേഹം വിലയിരുത്തി. സമയം പിന്നോട്ട് തിരിക്കാൻ സാധിച്ചിരുന്നെങ്കിൽ തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി ഇത്രയധികം പണം ചെലവഴിക്കില്ലായിരുന്നു എന്നും മസ്ക് പറഞ്ഞു. ടെക്സാസ് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ ഡെമോക്രാറ്റിക് പാർട്ടി നേടിയ അപ്രതീക്ഷിത മുന്നേറ്റമാണ് മസ്കിനെ ഇത്തരമൊരു പുനർവിചിന്തനത്തിന് പ്രേരിപ്പിച്ചത്. റിപ്പബ്ലിക്കൻ പാർട്ടിയുടെ പരാജയത്തിന് പിന്നാലെ അമേരിക്കൻ രാഷ്ട്രീയത്തിലെ തന്റെ ഇടപെടലുകൾ കുറയ്ക്കാനാണ് അദ്ദേഹത്തിന്റെ നീക്കം.

അമേരിക്കൻ ഭരണകൂടവുമായും പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായും അടുത്ത ബന്ധം പുലർത്തുമ്പോഴും സ്വതന്ത്രമായ വ്യക്തിത്വം നിലനിർത്താനാണ് മസ്ക് ശ്രമിക്കുന്നത്. വ്യവസായ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഭരണകൂടത്തോടൊപ്പം നിൽക്കുമ്പോൾ തന്നെ രാഷ്ട്രീയ ലേബലുകളിൽ നിന്ന് ഒഴിഞ്ഞുമാറുകയാണ് അദ്ദേഹം. ഭാവിയിൽ ഏതെങ്കിലും പ്രത്യേക രാഷ്ട്രീയ ചേരിയുടെ വക്താവായി അറിയപ്പെടാൻ താല്പര്യമില്ലെന്ന സൂചനയാണ് മസ്ക് നൽകുന്നത്. ഇലോൺ മസ്കിന്റെ ഈ അപ്രതീക്ഷിത നിലപാട് മാറ്റം അമേരിക്കൻ രാഷ്ട്രീയത്തിലും സാങ്കേതിക ലോകത്തും വലിയ ചർച്ചകൾക്കാണ് വഴിവെച്ചിരിക്കുന്നത്.

നീ...പോളിംഗ്



മദ്യപിച്ച് വാഹനമോടിച്ചാൽ ബാറുടമയും ഉത്തരവാദി

Published from Chicago by Vachakam Ltd,
1001 E. Chicago Ave. Ste.151, Naperville
Illinois 60540, USA. (Corporate Office).

Founder, Chairman & CEO:
Jose Chennikkara
Co-Founder Vice Chairman and CEO:
Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director:
Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad
✆ 1-773-888-2242
1-773-842-9149, 1-773-888-2243
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online)
for Malayalees worldwide)
Cost $1.00 per copy
✆ **1-773-888-2242**
1-773-842-9149
Email: vachakamonline@gmail.com
E-Paper reading
visit vachakam.com
Disclaimer
Vachakam Ltd. assumes no liability or responsibility for claims against advertisments, advertorials, articles or copyright issues.

1-ാമത് ക്നാനായ അന്താരാഷ്ട്ര വടംവലി മത്സരം 2027 ജനുവരി 17 ന് കരിങ്കുന്നത്ത്

കരിങ്കുന്നം: കരിങ്കുന്നം സെന്റ് അഗസ്റ്റിൻസ് ക്നാനായ കത്തോലിക്ക പള്ളി 2027 ജനുവരിയിലെ തിരുനാൾ പ്രസുദേന്തിമാരും, കരിങ്കുന്നം സോഷ്യൽ ക്ലബും സംയുക്തമായി സംഘടിപ്പിക്കുന്ന 1-ാമത് ക്നാനായ അന്താരാഷ്ട്ര വടംവലി മത്സരം 2027 ജനുവരി 17 ന് കരിങ്കുന്നത്ത് വെച്ച് നടത്തപ്പെടുന്നു. സ്വദേശത്ത് നിന്നും വിദേശത്ത് നിന്നുമുള്ള നിരവധി ടീമുകൾ പങ്കെടുക്കുന്നു.

570 കിലോഗ്രാം ഭാര വിഭാഗത്തിലുള്ള മത്സരങ്ങൾ നടക്കുന്നത് കരിങ്കുന്നം സെന്റ് അഗസ്റ്റിൻസ് ഹയർ സെക്കൻഡറി സ്കൂൾ ഇൻഡോർ സ്റ്റേഡിയത്തിലാണ്. ഈ മത്സരങ്ങൾ നിയന്ത്രിക്കുന്നത് തൊമ്മനും മക്കളും ടീമാണ്.

ഈ മത്സരത്തിന്റെ പ്ലാറ്റിനം സ്പോൺസർ ആയി വന്നിരിക്കുന്നത് കരിങ്കുന്നം നിവാസിയും ഷിക്കാഗോയിലെ സ്ഥിര താമസക്കാരനുമായ സജി മുല്ലപ്പള്ളിൽ ആണ്. അദ്ദേഹം ഷിക്കാഗോയിലെ ഒരു ലീഡിങ് ബിസിനസ്സുകാരനും, അറിയപ്പെടുന്ന ഒരു സാമൂഹിക പ്രവർത്തകനും, ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റ ഇന്റർനാഷണൽ വടംവലി മത്സരത്തിന്റെ ഭാരവാഹിയുമാണ്.

ഈ ടൂർണമെന്റിന്റെ മെഗാ സ്പോൺസർ ആയി വന്നിരിക്കുന്നത് ഷിബു ജോസഫ് മുളയാനിക്കുന്നേൽ ആണ്. അദ്ദേഹം മുൻ കരിങ്കുന്നം ഡിവിഷൻ ബ്ലോക്ക് മെമ്പറും ഇപ്പോൾ ഷിക്കാഗോയിലെ ക്നാനായ കാത്തോലിക് സൊസൈറ്റിയുടെ നിയുക്ത പ്രസിഡന്റുമാണ്.

ഒന്നാം സമ്മാനമായ 100,001/രൂപയും, സൈമൺ കൈതക്കത്തൊട്ടിയിൽ മെമ്മോറിയൽ ട്രോഫിയും സ്പോൺസർ ചെയ്തിരിക്കുന്നത് ഷിക്കാഗോയിലെ ബിസിനസ്കാരനും ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ മുൻ പ്രസിഡന്റുമായ ബിനു കൈതക്കത്തൊട്ടിയിലും കുടുംബവുമാണ്.



രണ്ടാം സമ്മാനമായ 75,001/ രൂപയും കൂവപ്ലാക്കൽ കെ.ജെ. പോത്തൻ & മാർഗ്ഗരീത്ത മെമ്മോറിയൽ ട്രോഫിയും സ്പോൺസർ ചെയ്തിരിക്കുന്നത്. സൗദിയിൽ ബിസിനസ്കാരനും കരിങ്കുന്നത്തെ പ്രധാന ക്ലബ്ബായ ചാരിറ്റിബിൾ സൊസൈറ്റിയുടെ സജീവ പ്രവർത്തകൻ ഷാജി കൂവപ്ലാക്കലും കുടുംബവുമാണ്.

മൂന്നാം സമ്മാനമായ 50,001/ രൂപയും മാത്യു & ഏലിയാമ്മ കുഴിപറമ്പിൽ മെമ്മോറിയൽ ട്രോഫിയും സ്പോൺസർ ചെയ്തിരിക്കുന്നത് അമേരിക്കയിലെ മറ്റൊരു ലീഡിങ് ക്ലബ്ബായ ഷിക്കാഗോ ഫ്രണ്ട്സ് ക്ലബ്ബിന്റെ മുൻ പ്രസിഡന്റും ഷിക്കാഗോയിലെ സോഷ്യൽ വർക്കറുമായ സോയി കുഴിപറമ്പിലും കുടുംബവുമാണ്.

നാലാം സമ്മാനമായ 25,001/ രൂപയും റ്റി.എം. സിറിയക് തട്ടാമറ്റത്തിൽ മെമ്മോറിയൽ ട്രോഫിയും സ്പോൺസർ ചെയ്തിരിക്കുന്നത് യു.കെ. യിൽ സ്ഥിര താമസക്കാരനും കരിങ്കുന്നം ചാരിറ്റിബിൾ സൊസൈറ്റിയുടെ സജീവ പ്രവർത്തകനുമായ സജി തട്ടാമറ്റത്തിലും കുടുംബവുമാണ്.

MVP ജോൺ & അന്നക്കുട്ടി ആലപ്പാട്ട് മെമ്മോറിയൽ ട്രോഫി സ്പോൺസർ ചെയ്തിരിക്കുന്നത് ആലപ്പാട്ട് കുടുംബമാണ്.

ബെസ്റ്റ് ഫ്രന്റിനെ സ്പോൺസർ ചെയ്തിരിക്കുന്നത് കരിങ്കുന്നം സോഷ്യൽ ക്ലബ്ബിന്റെ സ്ഥാപക നേതാവും ഇപ്പോൾ ഹൂസ്റ്റണിൽ സ്ഥിര താമസക്കാരനായ ജെയിംസ് വടക്കേക്കരയും കുടുംബവുമാണ്.

ഈ ടൂർണമെന്റിന്റെ കോർട്ട് സ്പോൺസർ ചെയ്തിരിക്കുന്നത് കരിങ്കുന്നം നിവാസികളും ഷിക്കാഗോയിൽ സ്ഥിര താമസക്കാരുമായ ജെസ്സ്മോൻ പുറമഠവും ജിതിൻ കാരുപ്ലാക്കലും കുടുംബവുമാണ്.

ഈ ടൂർണമെന്റിലെ ബെസ്റ്റ് പ്രേക്ഷകനുള്ള അവാർഡ് സ്പോൺസർ ചെയ്തിരിക്കുന്നത് അമേരിക്കയിലെ താമ്പായിലെ സ്ഥിര താമസക്കാരനായ സാനു കളപ്പുരയിലും കുടുംബവുമാണ്.

ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ ആശംസകൾ



ഷിക്കാഗോ: കരിങ്കുന്നം സെന്റ് അഗസ്റ്റിൻസ് ക്നാനായ കത്തോലിക്ക പള്ളിയുടെ 2027 ജനുവരിയിലെ തിരുനാൾ പ്രസുദേന്തിമാരും കരിങ്കുന്നം സോഷ്യൽ ക്ലബ്ബും സംയുക്തമായി സംഘടിപ്പിക്കുന്ന വടംവലി മാമാങ്കത്തിനാണ് ഷിക്കാഗോ സോഷ്യൽ ക്ലബ് പിന്തുണയും ആശംസകളും അറിയിച്ചത്.

ഷിക്കാഗോ സോഷ്യൽ ക്ലബ് പ്രസിഡന്റ് റൊണാൾഡ് പൂക്കുമ്പേലിന്റെ നേതൃത്വത്തിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയും സിറിയക് കൂവക്കാട്ടിന്റെ നേതൃത്വത്തിലുള്ള അന്താരാഷ്ട്ര വടംവലി ടൂർണമെന്റ് കമ്മിറ്റിയുമാണ് കരിങ്കുന്നം സോഷ്യൽ ക്ലബ്ബിനും മത്സരത്തിന്റെ സംഘാടകർക്കും വിജയാശംസകൾ നേർന്നത്.

ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ അന്താരാഷ്ട്രവടംവലിമത്സരത്തിന്റെ സംഘാടകസമിതിയിൽ പ്രവർത്തിക്കുന്ന രണ്ട് പ്രമുഖ അംഗങ്ങൾ കരിങ്കുന്നം ടൂർണമെന്റിന്റെ പ്രധാന സ്പോൺസർമാരായിരിംഗത്തെത്തിയിരിക്കുന്നത് ഇരു ക്ലബ്ബുകളും തമ്മിലുള്ള സൗഹൃദത്തിന്റെയും സഹകരണത്തിന്റെയും പ്രത്യേകതയായി.

കരിങ്കുന്നം സ്വദേശിയും ഷിക്കാഗോയിലെ പ്രമുഖ വ്യവസായിയും സാമൂഹിക പ്രവർത്തകനുമായ സജി മുല്ലപ്പള്ളിൽ ആണ് കരിങ്കുന്നം അന്താരാഷ്ട്ര വടംവലി മത്സരത്തിന്റെ പ്ലാറ്റിനം സ്പോൺസർ. ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ സജീവ അംഗമായ അദ്ദേഹം ക്ലബ്ബിന്റെ അന്താരാഷ്ട്ര വടംവലി മത്സരത്തിന്റെ കമ്മിറ്റി അംഗം കൂടിയാണ്.

കരിങ്കുന്നം സോഷ്യൽ ക്ലബ്ബിന്റെ നേതൃത്വത്തിൽ ആദ്യമായി സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര വടംവലി മത്സരം വൻവിജയമാകട്ടെയെന്നും വരുംവർഷങ്ങളിൽ കേരളത്തിലെ ശ്രദ്ധേയമായ വടംവലി ടൂർണമെന്റുകളിലൊന്നായി വളരട്ടെയെന്നും പ്രസിഡന്റ് റൊണാൾഡ് പൂക്കുമ്പേലിന്റെ നേതൃത്വത്തിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയും സിറിയക് കൂവക്കാട്ടിന്റെ നേതൃത്വത്തിലുള്ള വടംവലി ടൂർണമെന്റ് കമ്മിറ്റിയും ആശംസിച്ചു.

ഡോ. ടൈറ്റസ് ഈപ്പൻ ഐപിസി ജനറൽ ജോയിന്റ് സെക്രട്ടറി



ഷിക്കാഗോ/കുമ്പനാട്: ഇന്ത്യ പെന്തക്കോസ്തു ദൈവസഭയുടെ ജനറൽ ജോയിന്റ് സെക്രട്ടറിയായി ഡോ. ടൈറ്റസ് ഈപ്പനെ ജനറൽ കൗൺസിൽ നിയമിച്ചു. ജോയിന്റ് സെക്രട്ടറിയായിരുന്ന പാസ്റ്റർ തോമസ് ജോർജ് ജനറൽ സെക്രട്ടറി ആയതിനെ തുടർന്നുള്ള ഒഴിവിലാണ് ഡോക്ടർ ടൈറ്റസ് ഈപ്പനെ നിയമിച്ചത്.

മാവേലിക്കര സ്വദേശിയായ ഡോ. ടൈറ്റസ് ഈപ്പൻ ഷിക്കാഗോയിലുള്ള യൂണിവേഴ്സിറ്റി ഓഫ് ഇല്ലിനോയിസിൽ നിന്ന് ബയോകെമിസ്ട്രിയിൽ ബിരുദവും ട്രിനിറ്റി ബൈബിൾ സെമിനാരിയിൽ നിന്ന് മാസ്റ്റർ ഓഫ് ഡിവിനിറ്റിയും കരസ്ഥമാക്കി. 2016ൽ മിനിസ്ട്രിയിൽ ഡോക്ടറേറ്റ്നേടി. ഷിക്കാഗോഐപിസി മിഷൻ സഭയുടെ സീനിയർ പാസ്റ്ററായി സേവനമനുഷ്ഠിച്ചിട്ടുള്ള ഡോ. ടൈറ്റസ് ഈപ്പൻ 2019 മുതൽ ഐപിസി ഹിമാചൽ സ്റ്റേറ്റിന്റെ പ്രസിഡന്റാണ്. ഐപിസിലെ ഏറ്റവും പ്രായം കുറഞ്ഞ സ്റ്റേറ്റ് പ്രസിഡന്റാണ് ഡോ. ടൈറ്റസ്. പി സി നാക്കിന്റെ നാഷണൽ യൂത്ത് കോർഡിനേറ്ററായും ലോക്കൽ കൺവീനറായും പ്രവർത്തിച്ചിട്ടുണ്ട്. ഐപിസി നോർത്ത് അമേരിക്കൻ ഫാമിലി കോൺഫറൻസിന്റെ യൂത്ത് ഡയറക്ടറായി പ്രവർത്തിച്ചിട്ടുണ്ട്. ഗ്രേസ് പ്രിന്റിങ്ങിന്റെ സി ഇഒയുമാണ്. ഭാര്യ: ആനി. മക്കൾ: അഭിഗയിൽ, ക്രിസ്റ്റി, ആഞ്ചല, എമിലി.

ഡോ. ഫിലിപ്പ് പി. തോമസ് പ്രസിഡന്റ്, പാസ്റ്റർ സാം ജോർജ് വൈസ് പ്രസിഡന്റ്, പാസ്റ്റർ തോമസ് ജോർജ് ജനറൽ സെക്രട്ടറി, ഡോ. ടൈറ്റസ് ഈപ്പൻ ജോയിന്റ് സെക്രട്ടറി, കുഞ്ഞച്ചൻ വാളകം ജോയിന്റ് സെക്രട്ടറി, സജി പോൾ ട്രഷറർ എന്നിവരെ ഉൾപ്പെടുത്തിയാണ് ഐപിസി ജനറൽ എക്സിക്യൂട്ടീവ് കമ്മിറ്റി പുനഃസംഘടിപ്പിച്ചത്. ഐപിസി ജനറൽ പ്രസിഡന്റായിരുന്ന ഡോ. ടി. വത്സൻ എബ്രഹാമിന്റെ നിര്യാണത്തെ തുടർന്നാണ് പുനഃസംഘടന ആവശ്യമായി വന്നത്.

◗ *കുര്യൻ ഫിലിപ്പ്*

ഷിക്കാഗോയിൽ ക്രിസ്മസ് ട്രെയിൻ നവംബർ 27 മുതൽ; വർണവെളിച്ചങ്ങളും സാന്താക്ലോസുമായി CTA ഹോളിഡേ ട്രെയിൻ വീണ്ടും എത്തുന്നു

ഷിക്കാഗോ: ക്രിസ്മസ് ആഘോഷങ്ങൾക്ക് നിറപ്പകിട്ടേകാൻ ഷിക്കാഗോ ട്രാൻസിറ്റ് അതോറിറ്റിയുടെ (CTA) പ്രശസ്തമായ ഹോളിഡേ ട്രെയിൻ നവംബർ 27 മുതൽ വീണ്ടും സർവീസ് ആരംഭിക്കുന്നു. ആയിരക്കണക്കിന് വർണവെളിച്ചങ്ങളും ക്രിസ്മസ് അലങ്കാരങ്ങളും സാന്താക്ലോസിന്റെ സാന്നിധ്യവുമുള്ള ട്രെയിൻ ഷിക്കാഗോയിലെ ക്രിസ്മസ് ആഘോഷങ്ങളുടെ പ്രധാന ആകർഷണങ്ങളിലൊന്നാണ്.

നവംബർ 27ന് ഓറഞ്ച്, ഗ്രീൻ ലൈനുകളിലൂടെയാണ് ഈ വർഷത്തെ ആദ്യ സർവീസ് ആരംഭിക്കുന്നത്. തുടർന്ന് ഡിസംബർ അവസാനം വരെ CTAയുടെ വിവിധ റെയിൽ ലൈനുകളിലൂടെ ഹോളിഡേ ട്രെയിൻ സഞ്ചരിക്കും.

സാധാരണ യാത്രാ ട്രെയിനുകളെ ക്രിസ്മസ് അലങ്കാരങ്ങളാൽ മനോഹരമാക്കിയാണ് സർവീസ് നടത്തുന്നത്. വർണവെളിച്ചങ്ങൾ, ക്രിസ്മസ് സംഗീതം, അലങ്കരിച്ച കോച്ചുകൾ എന്നിവ യാത്രക്കാർക്ക് വ്യത്യസ്തമായ അനുഭവം സമ്മാനിക്കും. സാന്താക്ലോസും അദ്ദേഹത്തിന്റെ സഹായികളും ട്രെയിനിലുണ്ടാകുന്നതും കുട്ടികൾക്കും കുടുംബങ്ങൾക്കും പ്രത്യേക ആകർഷണമാണ്.

പ്രത്യേക ടിക്കറ്റ് ആവശ്യമില്ലെന്നതാണ് ഹോളിഡേ ട്രെയിനിന്റെ മറ്റൊരു പ്രത്യേകത. സാധാരണ CTA യാത്രാനിരക്ക് നൽകി പൊതുജനങ്ങൾക്ക് ട്രെയിനിൽ യാത്ര ചെയ്യാം.



ഷിക്കാഗോയിലെ വിവിധ പ്രദേശങ്ങളിലൂടെ സഞ്ചരിക്കുന്ന ഹോളിഡേ ട്രെയിൻ ക്രിസ്മസ് ആഘോഷങ്ങൾക്കൊപ്പം സാമൂഹിക സേവന പ്രവർത്തനങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു. അവധിക്കാലത്ത് ആവശ്യക്കാരായ കുടുംബങ്ങൾക്ക് ഭക്ഷണവും സമ്മാനങ്ങളും എത്തിക്കുന്ന ഇഅയുടെ സേവന പരിപാടികളും ഇതിന്റെ ഭാഗമാണ്.

ഹോളിഡേ ട്രെയിനിന് പുറമെ ക്രിസ്മസ് അലങ്കാരങ്ങളുള്ള പ്രത്യേക ഹോളിഡേ ബസും CTAയുടെ ആഘോഷ പരിപാടികളുടെ ഭാഗമാണ്. ഷിക്കാഗോ നഗരത്തിലും സമീപ പ്രദേശങ്ങളിലും താമസിക്കുന്ന മലയാളി കുടുംബങ്ങൾക്കും കുട്ടികൾക്കും കുറഞ്ഞ ചെലവിൽ ആസ്വദിക്കാവുന്ന ഒരു ക്രിസ്മസ് അനുഭവമായിരിക്കും ഈ യാത്ര. യാത്ര ആസൂത്രണം ചെയ്യുന്നവർ ഓരോ റെയിൽ ലൈനിലെയും സർവീസ് തീയതികളും സമയക്രമവും CTAയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പരിശോധിക്കണമെന്ന് അധികൃതർ നിർദേശിക്കുന്നു.

CTAയുടെ ഔദ്യോഗിക അറിയിപ്പുനുസരിച്ച്, ഈ വർഷം ഏകദേശം 400 ഭക്ഷണ കിറ്റുകൾ വിവിധ സാമൂഹിക സംഘടനകൾക്ക് വിതരണം ചെയ്യാനും പദ്ധതിയുണ്ട്. 1992ൽ ആരംഭിച്ച ഈ ക്രിസ്മസ് പാരമ്പര്യം ഇതിനകം 11,900ലധികം കുടുംബങ്ങൾക്ക് സഹായമെത്തിച്ചിട്ടുണ്ട്.

പ്രധാന തീയതികൾ: നവംബർ 27 ന് ഹോളിഡേ ട്രെയിനും നവംബർ 24 ന് ഹോളിഡേ ബസും സർവീസ് ആരംഭിക്കും.

◗ *അനിൽ മറ്റത്തിക്കുന്നേൽ*

ഹൂസ്റ്റണിൽ ഇന്ത്യൻ കലാസാംസ്കാരിക വസന്തമൊരുക്കാൻ 'ദക്ഷിൻ ഫെസ്റ്റ്' നവംബർ 20ന്

ഹൂസ്റ്റൺ: ഇന്ത്യൻ കലയും സംസ്കാരവും പാരമ്പര്യവും ആഘോഷമാകുന്ന വർണാഭമായ സായാഹ്നത്തിന് ഹൂസ്റ്റൺ മലയാളി സമൂഹം ഒരുങ്ങുന്നു. വേൾഡ് മലയാളി കൗൺസിൽ അമേരിക്ക റീജിയൻ വനിതാ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന 'ദക്ഷിൻ ഫെസ്റ്റ് 2026' നവംബർ 20 വെള്ളിയാഴ്ച വൈകിട്ട് ആറുമണി മുതൽ ഹൂസ്റ്റണിന് സമീപമുള്ള ഫ്രെസ്നോയിലെ സെന്റ് ജെയിംസ് ക്നാനായ ചർച്ച് ഹാളിൽ നടക്കും.

വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ വൈസ് പ്രസിഡന്റ് ജെയിംസ് കൂടൽ, ഗ്ലോബൽ മീഡിയ ഫോറം ചെയർപേഴ്സൺ റെയ്ന റോക്സ്, അമേരിക്ക റീജിയൻ വൈസ് പ്രസിഡന്റ് ബിജു ഇട്ടൻ, പ്രൊവിൻസ് പ്രസിഡന്റ് തോമസ് സ്റ്റീഫൻ, പ്രൊവിൻസ് ചെയർമാൻ ലാൽ എബ്രഹാം എന്നിവരും പരിപാടിയുടെ വിജയത്തിനായി സജീവമായി രംഗത്തുണ്ട്.

കണ്ണിനും കാതിനും വിരുന്നൊരുക്കുന്ന കലാപ്രകടനങ്ങൾ, നാടൻ രുചികൾ നിറയുന്ന ഭക്ഷ്യമേള, വൈവിധ്യമാർന്ന ഷോപ്പിംഗ് സ്റ്റാളുകൾ, കമ്മ്യൂണിറ്റി



അവാർഡുകൾ എന്നിവയാണ് ആഘോഷത്തിന്റെ പ്രധാന ആകർഷണങ്ങൾ. ഗ്ലോമിസ്റ്റ്, സ്ട്രാറ്റജിക് ഫിനാൻഷ്യൽ ഗ്രൂപ്പ് എന്നിവരാണ് പരിപാടിയുടെ പാർട്ണർമാർ. ഗ്ലോബൽ ഇന്ത്യൻ ന്യൂസ്, ബിഗ് ബോട്ടിൽ ലിക്കർ സ്റ്റോർ, നെർക്കാഴ്ച എന്നിവയുടെ സഹകരണത്തോടെയാണ് ആഘോഷം സംഘടിപ്പിക്കുന്നത്.

വെൻഡർ സ്റ്റാളുകൾക്കായി ബന്ധപ്പെടുക: 972-369-9184

ഫൊക്കാന ബിസിനസ്ഫോറം ഉദ്ഘാടനം ഫിലാഡൽഫിയയിൽ നടന്നു



ന്യൂയോർക്ക്: ഫൊക്കാനയുടെ 2026-28 വർഷത്തേക്ക് തിരഞ്ഞെടുത്ത ബിസിനസ് ഫോറത്തിന്റെ ഉദ്ഘാടനം, 2026 നവംബർ മാസം 15ന് വൈകിട്ട് 4ന് ഫിലാഡൽഫിയ അസെൻഷൻ ചർച്ചു ഹാളിൽ വെച്ച്നടത്തപ്പെടും. ഫൊക്കാന പ്രസിഡന്റ്ഫിലിപ്പോസ് ഫിലിപ്പ് ഉൽഘാടനം നിർവഹിക്കും. സെക്രട്ടറി സന്തോഷ് നായർ, ട്രഷറർ ആന്റോ വർക്കി എന്നിവരും സമ്മേളനത്തിൽ പങ്കെടുക്കും. ഫൊക്കാനയുടെ പെൻസിൽവാനിയ റീജിയണൽ ഉദ്ഘാടനത്തോടനുബന്ധിച്ചാണ് ബിസിനസ് ഫോറത്തിന്റെ ഉദ്ഘാടനവും നടത്തപ്പെടുന്നത്.

ഫൊക്കാനയുടെ നാഷണൽ കമ്മിറ്റിയംഗം ബിജോവിതയത്തിൽകോർഡിനേറ്ററായും, എക്സിക്യൂട്ടീവ് മെമ്പർസോണി അമ്പൂക്കൻ അഡൈസറും ആയുള്ള ബിസിനസ്ഫോറത്തിന്റെ ചെയർമാൻ ആയി പ്രവർത്തിക്കുന്നത് പ്രമുഖ വ്യവസായി കൂടിയായ മാത്യു ചെറിയാൻ ആണ്. കമ്മിറ്റിയംഗമായി അജിത് ചാണ്ടിയും, കോർഡിനേറ്ററന്മാരായി ബിജുജോർജ്, റജികുര്യൻ എന്നിവരും, തോമസ് സഖറിയാ വൈസ് ചെയർമാൻ, വർഗീസ് ചാക്കോ സെക്രട്ടറി, അലക്സ് ചെറിയാൻ ട്രഷറർ എന്നിവരും പ്രവർത്തിക്കുന്നു.

ഫോമാ 2020 ഹൗസിങ് പ്രോജക്ട്: കോതമംഗലത്തെ വീടിന്റെ കട്ടിള വയ്പ് നടന്നു

കോതമംഗലം: അമേരിക്കൻ മലയാളികളുടെ ഏറ്റവും വലിയ ഫെഡറേഷനായ ഫോമാ പ്രഖ്യാപിച്ച 'ഫോമാ 2020 ഹൗസിങ് പ്രോജക്ട്'ന്റെ ഭാഗമായി നിർമിക്കുന്ന വീടിന്റെ വീടിന്റെ കട്ടിള വയ്പ്പ് എറണാകുളം ജില്ലയിൽ കോതമംഗലം താലൂക്കിലുള്ള കോട്ടപ്പടി പഞ്ചായത്തിലെ അയപ്പാറയിൽ അങ്കമാലി എം.എൽ.എ ഷിബു തെക്കുംപുറത്തിന്റെ സാന്നിധ്യത്തിൽ നടന്നു. കോട്ടപ്പടി പഞ്ചായത്ത് പ്രസിഡന്റ് ഉമേഷ് ശിവകുമാർ, ഫോമാ മുൻ ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ബിജു സക്കറിയ അദ്ദേഹത്തിന്റെ ഭാര്യ ജിനി സ്കറിയ എന്നിവർ അമേരിക്കയിൽ നിന്ന് സാന്നിധ്യമറിയിച്ചു. പദ്ധതിയുടെ ഭാഗമായി ആദ്യ വീടിന് പത്തനംതിട്ട ജില്ലയിലെ കല്ലൂപ്പാറ പഞ്ചായത്തിലെ ചെങ്ങരൂരിൽ തിരുവല്ല എം.എൽ.എ അഡ്വ. വർഗീസ് മാമൻ തറ



ക്കല്ലിട്ടിരുന്നു.

ഫോമയുടെ 2026-2028 കാലയളവിലേക്കുള്ള പുതിയ ഭരണസമിതി പ്രഖ്യാപിച്ച പ്രധാന ജീവകാരുണ്യ പദ്ധതികളിലൊന്നാണ് 'ഫോമാ 2020 ഹൗസിങ് പ്രോജക്ട്'.



നോർത്ത് അമേരിക്കൻ ഭദ്രാസനത്തിന്റെ 36-ാമത് ഫാമിലി കോൺഫറൻസ് സുവനീർ പ്രസിദ്ധീകരണ പ്രവർത്തനങ്ങൾക്ക് തുടക്കമായി

ഡിട്രോയിറ്റ്: നോർത്ത് അമേരിക്കൻ ഭദ്രാസനത്തിന്റെ 36-ാമത് ഫാമിലി കോൺഫറൻസിനോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സുവനീറിന്റെ പ്രവർത്തനങ്ങൾക്ക് ഔദ്യോഗികമായി തുടക്കം കുറിച്ചു. നവംബർ 10 ചൊവ്വാഴ്ച വൈകിട്ട് ഡിട്രോയിറ്റ് മാർത്തോമ്മാ പള്ളിയിൽ നടന്ന സമ്മേളനത്തിൽ ഭദ്രാസനാധ്യക്ഷൻ ഡോ. എബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ സുവനീർ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു.

അമേരിക്കൻ ഭദ്രാസനത്തിലെ ഇടവകകളുടെയും കുടുംബങ്ങളുടെയും വിശ്വാസജീവിതവും അനുഭവങ്ങളും ഓർമ്മകളും ഒരുമിച്ചുചേർക്കുന്ന ഒരു ചരിത്രരേഖയായി സുവനീർ മാറുമെന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്ത് കൊണ്ട് മാർ പൗലോസ് എപ്പിസ്കോപ്പ പ്രത്യാശ പ്രകടിപ്പിച്ചു. 36-ാമത് ഫാമിലി കോൺഫറൻസ് സുവനീർ ഡിജിറ്റൽ ലിവിങ് സുവനീർ എന്ന തലത്തിൽകൂടി പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്നതായി കൺവീനർ ജോൺ വർഗീസ് (ജോജി) തന്റെ സ്വാഗത പ്രസംഗത്തിൽ പറഞ്ഞു.

നോർത്ത് അമേരിക്കൻ ഭദ്രാസന കൗൺസിൽ അംഗം ഷോൺ തോമസിൽ നിന്നും ആദ്യ പരസ്യം സ്വീകരിച്ചുകൊണ്ട് തിരുമേനിസുവനീർപ്രസിദ്ധീകരണത്തിനായുള്ള ഫണ്ട് സമാഹരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. തുടർന്ന് വർഗീസ് എബ്രഹാം(രാജു), മുൻ ഭദ്രാസന കൗൺസിൽ അംഗം ജയ വർഗീസ് എന്നിവരും അതിൽ പങ്കാളികളായി.

36-ാമത് ഫാമിലി കോൺഫറൻസ് ലോഗോയും ഡോ. എബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ പ്രകാശനം ചെയ്തു. റീജിയണൽ ആക്ടിവിറ്റി കമ്മറ്റി ട്രഷറർ വിനോദ് തോമസ് ഫാമിലി കോൺഫറൻസ് ലോഗോയും പഠന വിഷയവും സദസിന് പരിചയപ്പെടുത്തി. ഫാമിലി കോൺഫറൻസ് കോ-കൺവീനർ അലൻ ജി ജോൺ കോൺഫറൻസ് വിശദാംശങ്ങൾ നൽകി. റവ. പി. ചാക്കോയുടെ പ്രാരഭ പ്രാർത്ഥന യോടെ ആരംഭിച്ച സമ്മേളനത്തിൽ റവ. സാൻജോ പി. വർഗീസ് സമാപന പ്രാർത്ഥനയും, സുവനീർ കോ-കൺവീനർ ബോബൻ ജോർജ് നന്ദിയും രേഖപ്പെടുത്തി. ഡിട്രോയിറ്റ് മാർതോമ ഇടവക വികാരി റവ. ജോബിൻ ജോസ് ആശംസകൾ അറിയിച്ചു. സിമി വർഗീസ് എംസി ആയി പരിപാടികൾ നിയന്ത്രിച്ചു.

ഫാമിലി കോൺഫറൻസ് സുവനീർ വിജയകരമാക്കുന്നതിന് ഭദ്രാസനത്തിലെ എല്ലാ ഇടവകകളുടെയും കുടുംബങ്ങളുടെയും സ്ഥാപനങ്ങളുടെയും സഹകരണവും പിന്തുണയും സുവനീർ കമ്മിറ്റി അഭ്യർത്ഥിച്ചു.

◗ *അലൻ ചെന്നിത്തല*





നാഴികമണി

മാധ്യമപ്രവർത്തനത്തിന്റെ ദുരന്തം; മാധ്യമങ്ങളുടെയും



ഇന്ത്യയിൽ എല്ലാ വർഷവും നവംബർ 16 ദേശീയ പത്രദിനമായാണ് ആചരിക്കാറുള്ളത്. പ്രസ്സ് കൗൺസിൽ ഓഫ് ഇന്ത്യയുടെ രൂപീകരണദിനം തന്നെയാണ് പത്രദിനമായി ആചരിക്കുന്നത്. ഇന്ത്യയിൽ പ്രസ് കൗൺസിൽ ആദ്യമായി രൂപീകരിക്കപ്പെട്ടത് 1966 നവംബർ 16നാണ്. 1965ൽ പാർലമെന്റ് പാസാക്കിയ പ്രസ്സ് കൗൺസിൽ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഈ സമിതിക്കു സർക്കാർ രൂപംകൊടുത്തത്.

സാധാരണ നിലയിൽ വിരമിച്ച സുപ്രീംകോടതി ജഡ്ജിമാരാണ് കൗൺസിൽ അധ്യക്ഷന്മാരായി തെരഞ്ഞെടുക്കപ്പെടാറുള്ളത്. മാധ്യമസ്വാതന്ത്ര്യ സംരക്ഷണത്തിനായി വിപുലമായ അധികാരങ്ങൾ നിയമം കൗൺസിലിനു നൽകിയിട്ടുണ്ട്.

മാധ്യമങ്ങളെ സംബന്ധിച്ച പരാതികൾ പരിശോധിച്ചു നടപടികൾ സ്വീകരിക്കാനുള്ള അവകാശവും കൗൺസിലിനുണ്ട്.

എന്നാൽ എട്ടിലപ്പടി, പയറ്റിലിപ്പടി എന്നു തമിഴൻമാർ പറയുന്ന പോലെയാണ് പ്രസ്സ് കൗൺസിലിന്റെ അവസ്ഥയും. നിയമം പത്രഉടമകളുടെ മുന്നിൽ ചെലവാകില്ല. അതിനാൽ പ്രസ്സ് കൗൺസിൽ കുരയ്ക്കുന്ന പട്ടിയെപ്പോലെ നിലനിന്നു പോകുന്നു. ആർക്കും ഒരു ഉപദ്രവവും അതുകൊണ്ടില്ല.

ജസ്റ്റിസ് മാർക്കണ്ഡേയ കാട്ജുവിനെപ്പോലെ ചിലർ അധ്യക്ഷ പദവിയിലിരുന്നപ്പോൾ വമ്പൻ പ്രഖ്യാപനങ്ങൾ കൊണ്ടു കളംനിറഞ്ഞു നിന്നിരുന്നു. എന്നാൽ അതൊന്നും പ്രസ്സ് കൗൺസിലിനെ ഒരു ശക്തമായ ദേശീയ ഏജൻസിയാക്കി മാറ്റുകയുണ്ടായില്ല.

യഥാർത്ഥത്തിൽ ഇന്ത്യൻ പ്രസ്സ് കൗൺസിൽ ഒരു തവണ മരിച്ചു വീണ്ടും ഉയിർത്തെഴന്നേറ്റ ഒരു സ്ഥാപനമാണ്. 1975ൽ ഇന്ദിരാഗാന്ധി അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ ഇന്ത്യൻ ഭരണഘടന തന്നെ സസ്പെൻഷനിലായി. പൗരാവകാശങ്ങളൊന്നും നിയമപരമായി നിലനിൽക്കുകയില്ല എന്നാണ് സുപ്രീം കോടതി തന്നെ വിധിച്ചത്. ഭരണഘടനയുടെ സംരക്ഷണമാണ് സുപ്രീം കോടതിയുടെ സുപ്രധാന ചുമതലകളിലൊന്ന്. അതിനൊന്നും തങ്ങൾക്കു പറ്റുകയില്ല എന്നാണ് ബഹുമാന്യരായ അന്നത്തെ ജഡ്ജിമാർ നിശ്ചയിച്ചത്.

ഇന്ദിരാഗാന്ധി മാധ്യമങ്ങളോടു കുനിയാൻ പറഞ്ഞപ്പോൾ അവർ ഇഴയാൻ തുടങ്ങി എന്ന് അന്നത്തെ പ്രതിപക്ഷ നേതാക്കളിൽ പ്രധാനിയായിരുന്ന ലാൽകൃഷ്ണ അദ്വാനി പറഞ്ഞിരുന്നു. സുപ്രീം കോടതിയെ കുറിച്ച് അദ്ദേഹത്തിനു അങ്ങനെയൊരു പരാതി ഉണ്ടായിരുന്നുവോ എന്നറിയില്ല. കോടതി കുനിയുമ്പോൾ മാധ്യമങ്ങൾ ഇഴയുന്നതിൽ എന്താണ് അത്ഭുതം? .

എന്നാൽ പറഞ്ഞുവന്ന കാര്യം അതല്ല. അടിയന്തിരാവസ്ഥ വന്നപ്പോൾ പൗരാവകാശങ്ങൾ മാത്രമല്ല സർക്കാർ റദ്ദാക്കിയത്. ഒരു ദശാബ്ദം മുമ്പ് സർക്കാർ തന്നെ നിയമാനുസൃതം നിയമിച്ചപ്രസ്സ്കൗൺസിൽഇന്ദിരാഗാന്ധി പിരിച്ചുവിട്ടു. മാധ്യമങ്ങളേ ഇല്ലാത്ത നാട്ടിൽ എന്തിനൊരു പ്രസ്സ് കൗൺസിൽ എന്ന ചോദ്യം ന്യായം. അതിനു സർക്കാർ വക ചെല്ലും ചെലവും കൊടുക്കേണ്ട കാര്യവുമില്ല. അതിനാൽ രണ്ടു വർഷക്കാലം ഇന്ത്യയിൽ അങ്ങനെയൊരു സ്ഥാപനമേ ഉണ്ടായിരുന്നില്ല.

1978ൽ മൊറാർജി സർക്കാരാണ് വീണ്ടും നിയമം കൊണ്ടുവന്നതും പ്രസ്സ് കൗൺസിൽ പുന:സ്ഥാപിച്ചതും. അതുകൊണ്ട് എന്തു കാര്യമുണ്ടായി എന്നൊന്നും ചോദിക്കുന്നതിൽ അർത്ഥമില്ല. വേണ്ടപ്പെട്ടവർക്കു സ്ഥാനമാനങ്ങളും സർക്കാർ വാഹനവും ബംഗ്ളാവും കൊടുക്കാൻ കഴിഞ്ഞു എന്നതു തന്നെ നേട്ടമായി കരുതുന്ന നാട്ടിൽ വേറെന്തു ചോദിക്കാനാണ്?

അതിനാൽ ഇന്ത്യയിൽ മാധ്യമങ്ങളെക്കുറിച്ചു പറയുമ്പോൾ ആരും പ്രസ്സ് കൗൺസിലിനെക്കുറിച്ചു പറയാറില്ല. അതേസമയം, മാധ്യമങ്ങളുടെ ദു:സ്ഥിതിയെക്കുറിച്ചു പറയുമ്പോൾ പാവപ്പെട്ട പത്രപ്രവർത്തകരുടെ മേൽ കുതിരകയറാൻ എല്ലാവർക്കും വലിയ ഉത്സാഹമാണ്. ഉന്നത രാഷ്ട്രീയ നേതാക്കൾ മുതൽ ചോട്ടാ സഖാക്കൾ വരെ എല്ലാവരും പത്രപ്രവർത്തകരുടെ കുറ്റങ്ങളും കുറവുകളും കണ്ടെത്തുന്നതിൽ വിദഗ്ദ്ധരാണ്.

പത്രക്കാരെ കുറ്റം പറയുക മാത്രമല്ല, അവരിൽ ചിലരെ നാടുകടത്തണം എന്ന്പോലും പലർക്കും അഭിപ്രായമുണ്ട്. ഇഷ്ടമില്ലാത്ത പത്രങ്ങൾക്കും ചാനലുകൾക്കും പരസ്യം നിഷേധിക്കുന്നതും അവരുടെ പ്രസിദ്ധീകരണം തടയുന്നതും അവിടെ ജോലി ചെയ്യുന്നവർക്കെതിരെ കള്ളക്കേസുകൾ ചുമത്തി ഉപദ്രവിക്കുന്നതുമൊക്കെ ഈ നാട്ടിൽ പതിവാണ്.

മുമ്പ് ഇങ്ങനെയുള്ള കയ്യേറ്റങ്ങൾക്കു കോൺഗ്രസ്സ് ഭരണാധികാരികളാണ് മുന്നിൽ നിന്നത്. ഇന്ന് ഭരണകക്ഷിയായ ബി.ജെ.പിയാണ് അതിൽ മുന്നിൽ നിൽക്കുന്നത്. ഇന്ദിരാഗാന്ധിയുടെ അടിയന്തിരാവസ്ഥ ഇന്ത്യൻ മാധ്യമ ദുരവസ്ഥയുടെ പരമകാഷ്ഠയായിരുന്നു. എന്നാൽ ആ കാലത്തു കോൺഗ്രസുകാർ ഒരു പാഠം പഠിച്ചു.

നാട്ടുകാരെ വല്ലാതെ ഉപദ്രവിച്ചാൽ കാര്യങ്ങൾ തിരിച്ചടിക്കും. പത്രക്കാരെ ഉപദ്രവിച്ചാൽ ചോദിക്കാനും പറയാനും ആരുമില്ലെന്നാണ് അധികാരികൾ വിചാരിക്കുന്നത്. എന്നാൽ സത്യത്തിൽ മാധ്യമങ്ങൾ ഒരു കണ്ണാടി മാത്രമാണ്. അവർ നാട്ടിലെ ജനങ്ങളുടെ നിത്യജീവിതവും ആശകളും അഭിലാഷങ്ങളും പരാതികളുമാണ് പ്രതിഫലിപ്പിക്കുന്നത്. അവർ ചോദ്യങ്ങൾ ചോദിക്കുന്നുണ്ടെങ്കിൽ അത് നാട്ടുകാർ ഉന്നയിക്കുന്ന ചോദ്യങ്ങളാണ്.

സാധാരണ ജനങ്ങൾക്കു തെരഞ്ഞെടുപ്പിന്റെ സമയത്തു മാത്രമാണ് ചോദ്യങ്ങൾ ഉന്നയിക്കാനും അഭിപ്രായങ്ങൾ പറയാനും അവസരം കിട്ടുന്നത്. അതിനാൽ അവരുടെ ചോദ്യങ്ങൾ അധികാരികൾക്ക് എത്തിച്ചു കൊടുക്കാനും അവരുടെ വിശദീകരണങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാനും മാധ്യമങ്ങൾക്കു ചുമതലയുണ്ട്. അവർ അതൊക്കെ വേണ്ടവണ്ണമാണോ കൈകാര്യം ചെയ്യുന്നത് എന്നു ചോദിച്ചാൽ അതിൽ കാര്യമുണ്ട്. പലരും തങ്ങളുടെ തൊഴിലിന്റെ മാന്യതയും സത്യസന്ധതയും കളഞ്ഞു കുളിച്ച വരാണ്. ഈ തൊഴിലിൽ തുടരാൻ പലർക്കും അർഹതയില്ലെന്നതും സത്യം തന്നെ.

പക്ഷേ അവർ ജീവനക്കാർ മാത്രമാണ്. മുതലാളിമാരാണ് മാധ്യമ നയം നിശ്ചയിക്കുന്നത്. അതിനാൽ മാധ്യമങ്ങളുടെ നേരെയുള്ള വിമർശനം അതിന്റെ ഉടമകളുടെ നേരെയുള്ള വിമർശനം കൂടിയായി മാറണം.

ഇന്ത്യയിൽ ഇന്ന് മാധ്യമങ്ങളിൽ, പ്രത്യേകിച്ചു ദൃശ്യമാധ്യമങ്ങളിൽ, ഒരു വലിയ പങ്കിനെയും നിയന്ത്രിക്കുന്നത് അംബാനി, അദാനി എന്നീ രണ്ടു കോർപ്പറേറ്റ് കമ്പനികളാണ്. എന്നാൽ മാധ്യമ വിമർശനത്തിൽ അവരുടെ പേരൊന്നും ഒരിക്കലും ഉയർന്നുവരാറില്ല. കൊമ്പനാനയായ മുതലാളിയെ പിണക്കിയാൽ കളിമാറും എന്ന് ആർക്കാണ് അറിയാത്തത്? അതിനാൽ മാധ്യമവിമർശനം പാവപ്പെട്ട ജീവനക്കാരന്റെ മേലുള്ള മെക്കിട്ടുകേറലിൽ ഒതുങ്ങുന്നു.

മുമ്പൊക്കെ അവർക്കു ചില തൊഴിൽ സ്വാതന്ത്ര്യമെങ്കിലും ഉണ്ടായിരുന്നു. വേതനം സംബന്ധിച്ച കൃത്യമായ നിയമങ്ങളും സംവിധാനങ്ങളും ഉണ്ടായിരുന്നു. ഇപ്പോൾ അതുമില്ല. ഇന്ത്യയിൽ മാധ്യമ പ്രവർത്തകരുടെ വേതനം നിശ്ചയിച്ചു വന്നത് സർക്കർ നിയോഗിക്കുന്ന വേജ് ബോർഡുകൾ വഴിയായിരുന്നു.

എന്നാൽ മൂന്നു പതിറ്റാണ്ടായി ഇന്ത്യയിൽ ഈ രംഗത്ത് ഒരു വേജ് ബോർഡ് ഉണ്ടായിട്ടില്ല. ഇനി ഉണ്ടായിട്ടും കാര്യമില്ല. കാരണം മാധ്യമ സ്ഥാപനങ്ങളിൽ ഇന്ന് സ്ഥിരം ജീവനക്കാരില്ല. എല്ലാവരും കോൺട്രാക്ടിലാണ്.


എൻ.പി. ചെക്കുട്ടി

ഒന്നും രണ്ടും വർഷത്തെ കോൺട്രാക്ട്. പിന്നെ പണി ഉണ്ടെങ്കിലായി; അല്ലെങ്കിൽ പട്ടിണിയായി. അതാണ് ഇന്നത്തെ ഇന്ത്യൻ മാധ്യമ അവസ്ഥ.

ഇങ്ങനെയുള്ള ഒരു അന്തരീക്ഷത്തിലാണ് ഇത്തവണയും നാഷണൽ പ്രസ്സ് ഡേ വന്ന്പോയത്. പതിവ്പോലെ സർക്കാർ വക പരിപാടികളും മന്ത്രിമാരുടെ പ്രസംഗങ്ങളും ഒക്കെ ഉണ്ടായിരുന്നു. അടുത്ത കൊല്ലവും അതൊക്കെ ഉണ്ടാകുമെന്നും തീർച്ച. എന്നാൽ സ്വതന്ത്രമായ മാധ്യമങ്ങളോ മാധ്യമ പ്രവർത്തനമോ ഇന്ന് ഈ നാട്ടിലുണ്ടോ?

ഇനി എന്നെങ്കിലും അതൊക്കെ ഒരു ഓർമയായല്ലാതെ നമുക്ക് അനുഭവിക്കാൻ യോഗമുണ്ടാകുമോ? ലോകം മൊത്തം മാധ്യമസ്വാതന്ത്ര്യം പ്രതിസന്ധിയിലാണ്. ഇവിടെയും അങ്ങനെത്തന്നെ എന്നൊക്കെ പറഞ്ഞു ആശ്വസിക്കാനേ നമുക്കു നിവൃത്തിയുള്ളൂ.





ക്നാനായ നൈറ്റ് 2026: കലാവിസ്മയങ്ങളും സാംസ്കാരിക വൈവിധ്യവും സമുദായ ഐക്യവും നിറഞ്ഞ ഷിക്കാഗോയിലെ അവിസ്മരണീയ ആഘോഷരാവ്!

ഷിക്കാഗോ: ഷിക്കാഗോ ക്നാനായ കത്തോലിക്കാ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നവംബർ 14 ശനിയാഴ്ച ലൈലിലെ ബെനഡിക്ടിൻ യൂണിവേഴ്സിറ്റിയുടെ ഡാനിയേൽ ഗുഡ്വിൻ ബിസിനസ് സെന്ററിൽ സംഘടിപ്പിച്ച ക്നാനായ നൈറ്റ് 2026 അതിമനോഹരമായ കലാപ്രകടനങ്ങളും വൈവിധ്യമാർന്ന സാംസ്കാരിക പരിപാടികളും മികച്ച സംഘാടനമികവുംകൊണ്ട് ഷിക്കാഗോ ക്നാനായ സമൂഹത്തിന്റെ ചരിത്രത്തിലെ അവിസ്മരണീയമായ ഒരു ആഘോഷരാവായി മാറി.

സമുദായാംഗങ്ങളുടെ അഭൂതപൂർവമായ പങ്കാളിത്തവും ഈ വർഷത്തെ ആഘോഷത്തിന്റെ മറ്റൊരു പ്രധാന സവിശേഷതയായിരുന്നു.

ക്നാനായ നൈറ്റ് 2026ന്റെ ഏറ്റവും ശ്രദ്ധേയവും പൊതുജനപ്രശംസ നേടിയതുമായ പ്രത്യേകത, പരമ്പരാഗത പൊതുസമ്മേളനം ഒഴിവാക്കി മുഴുവൻ സമയവും കലാസാംസ്കാരിക പരിപാടികൾക്കായി മാറ്റിവെച്ച തീരുമാനമായിരുന്നു. പൊതുസമ്മേളനം ഒഴിവാക്കിയ തീരുമാനം ഏറെ സ്വാഗതാർഹമാണെന്നും ഭാവിയിലും ഇതേ മാതൃക തുടരണമെന്നും നിരവധി സമുദായാംഗങ്ങൾ അഭിപ്രായപ്പെട്ടു. ക്നാനായ നൈറ്റ് 2026നെ വ്യത്യസ്തമാക്കിയ മറ്റൊരു പ്രധാന ഘടകം സംഘാടകരുടെ അസാധാരണമായ സമയനിഷ്ഠയും കാര്യക്ഷമമായ പരിപാടി നിയന്ത്രണവുമായിരുന്നു. മുൻകൂട്ടി പ്രഖ്യാപിച്ചതുപോലെ കൃത്യം വൈകുന്നേരം 5 മണിക്ക് ആരംഭിച്ച പരിപാടികൾ രാത്രി 9:30ന് അവസാനിച്ചു.

ഈ വർഷത്തെ ക്നാനായ നൈറ്റിന്റെ വൻ വിജയത്തിന് പിന്നിൽ പ്രവർത്തിച്ച കെ.സി.എ.സ്. എക്സിക്യൂട്ടീവ് ബോർഡിനും ക്നാനായ നൈറ്റ് കോർഡിനേറ്റർമാർക്കും വിവിധ സംഘടനാ ഭാരവാഹികൾക്കും സന്നദ്ധപ്രവർത്തകർക്കും സമുദായാംഗങ്ങൾ ഹൃദയപൂർവമായ നന്ദിയും അഭിനന്ദനങ്ങളും അറിയിച്ചു.

ക്നാനായ നൈറ്റ് 2026 കേവലം ഒരു കലാപരിപാടി മാത്രമായിരുന്നില്ല; മറിച്ച് വിവിധ തലമുറകളെ ഒരേ വേദിയിൽ ഒന്നിപ്പിച്ച സാംസ്കാരിക സംഗമം കൂടിയായിരുന്നു. കൊച്ചുകുട്ടികളുടെ നിഷ്കളങ്കമായ കലാപ്രകടനങ്ങളും യുവജനങ്ങളുടെ ഊർജസ്വലമായ അവതരണങ്ങളും മുതിർന്നവരുടെ അനുഭവസമ്പത്തും കലാപ്രതിഭയും ഒരുമിച്ചപ്പോൾ ക്നാനായ സമൂഹത്തിന്റെ സാംസ്കാരിക പൈതൃകവും ഐക്യവും കൂടുതൽ ശക്തമായി പ്രതിഫലിച്ചു.

◗ ഷാജി പള്ളിവീട്ടിൽ

കെ. എച്ച്. എൻ. എ ബാലജ്യോതിക്ക് ഔദ്യോഗിക തുടക്കം



ഫ്ളോറിഡ: കേരള ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്കയുടെ (കെ.എച്ച്.എൻ.എ) നേതൃത്വത്തിൽ കുട്ടികൾക്കായി സംഘടിപ്പിക്കുന്ന 'ബാലജ്യോതി' പഠനപദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം നവംബർ എട്ടിന് ഓൺലൈനായി നടന്നു. സനാതന ധർമത്തിന്റെ അടിസ്ഥാനമൂല്യങ്ങളും ഭാരതീയ സംസ്കാരവും പാരമ്പര്യവും വടക്കേ അമേരിക്കയിൽ വളരുന്ന പുതുതലമുറയ്ക്ക് പരിചയപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

അഞ്ചു മുതൽ പതിനാലു വയസ്സുവരെയുള്ള കുട്ടികൾക്കായി രൂപകൽപ്പന ചെയ്ത ബാലജ്യോതിയിൽ രാമായണം, മഹാഭാരതം, പുരാണങ്ങൾ എന്നിവയിലെ കഥകൾ, സംസ്കൃത ശ്ലോകങ്ങൾ, പ്രാർത്ഥനകൾ, ഭജനകൾ, ഉത്സവങ്ങൾ, ഭാരതീയ സംസ്കാരം എന്നിവയ്ക്കൊപ്പം കളികളും സർഗാത്മക പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

കെ.എച്ച്.എൻ.എ ബോർഡ് ഓഫ് ഡയറക്ടേഴ്സ് അംഗവും പദ്ധതിയുടെ ചുമതലക്കാരിയുമായ വീണ പിള്ള സ്വാഗതം ആശംസിച്ചു. നൈറ കൃഷ്ണ, അവ്നി, അശ്വി കമ്മത്ത് എന്നിവരുടെ പ്രാർത്ഥനാപരിപാടികൾക്കുശേഷം കെ.എച്ച്.എൻ.എ പ്രസിഡന്റ് ടി. ഉണ്ണികൃഷ്ണൻ അധ്യക്ഷപ്രസംഗം നടത്തി.

2027 നവംബർ 25 മുതൽ 28 വരെ ഫ്ളോറിഡയിലെ റിനൈസൻസ് ഓർലാൻഡോ സീവേൾഡിൽ നടക്കുന്ന കെ.എച്ച്.എൻ.എ ഗ്ലോബൽ കൺവെൻഷനിൽ ബാലജ്യോതി പ്രായവിഭാഗത്തിലുള്ള കുട്ടികൾക്കായി പ്രത്യേക പ്രവർത്തനവേദി ഒരുക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. കെ.എച്ച്.എൻ.എ ട്രസ്റ്റി ബോർഡ് ചെയർപേഴ്സൺ വനജ നായർ ആശംസകളും അനുഗ്രഹങ്ങളും നേർന്നു. കേന്ദ്ര പെട്രോളിയം, പ്രകൃതിവാതക സഹമന്ത്രി സുരേഷ് ഗോപിയുടെ ആശംസാസന്ദേശം ട്രസ്റ്റി ബോർഡ് അംഗം സനൽ ഗോപിനാഥ് അവതരിപ്പിച്ചു. ഗാനപ്രവീണ യോഗീശ ശർമ്മ ബല്ലപ്പാടിയയും ആശംസകൾ നേർന്നു.

ബാലജ്യോതി കോർഡിനേറ്റർ സ്മിത കല്ലുപറമ്പിൽ പരിപാടികൾ ഏകോപിപ്പിച്ചു. അധ്യാപകരായ ശശിലേഖ ജ്യോതിക്, ലക്ഷ്മി വാര്യർ, ബിനു കമൽ, ശാലിനി രാജേഷ്, ലക്ഷ്മി കണ്ണൻ, ലക്ഷ്മി കൃഷ്ണ, പ്രകാശ് സുരേന്ദ്രനാഥൻ എന്നിവരുടെ സേവനവും പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് കരുത്തേകുന്നു.

ഉദ്ഘാടനപരിപാടിയിൽ ദിയ നമ്പ്യാർ, റിതുഷ് അതുൽദാസ്, അനന്യ ശ്രീകാന്ത്, ആരാധ്യ ശ്രീകാന്ത്, സിദ്ധാർഥ് ശ്രീകാന്ത്, ലാവ്യ പിള്ള, ഹൃദ കൃഷ്ണ, റാം കുന്നത്ത് പത്മനാഭൻ, ഉമ കുന്നത്ത് പത്മനാഭൻ, റിഷി, രാശി, അശ്വന്ത് വെങ്കിടേഷ്, സ്പന്ദന ജയലക്ഷ്മി രഞ്ജിത്ത്, സാൻവി ധർമരാജൻ, സാനവ് ധർമരാജൻ, സാതിക് പിള്ള, ആശിക് പിള്ള, കല്യാണി അരുൺ, ആരുഹി മനോജ് ഭാസ്കരൻ, സിദ്ധിക്ഷ രാജേഷ്, പാർഥിവ് മേനോൻ തുടങ്ങിയ കുട്ടികൾ വിവിധ അവതരണങ്ങളിൽ പങ്കെടുത്തു. കെ.എച്ച്.എൻ.എ ജനറൽ സെക്രട്ടറി സിനു നായർ നന്ദി രേഖപ്പെടുത്തി. ആരുഹി മനോജ് ഭാസ്കരന്റെ ശാന്തിമന്ത്രാലാപനത്തോടെ പരിപാടി സമാപിച്ചു.

ന്യൂയോർക്ക് സോഷ്യൽ ക്ലബ്ബിന്റെ ചീട്ടുകളി ടൂർണമെന്റ് നവംബർ 21ന്; 56, 28, റമ്മി മത്സരങ്ങൾ



ന്യൂയോർക്ക്: ന്യൂയോർക്ക് സോഷ്യൽ ക്ലബ്ബിന്റെ 2026 ചീട്ടുകളി ടൂർണമെന്റ് നവംബർ 21 ശനിയാഴ്ച സ്റ്റോണി പോയിന്റിലെ റോക്ക്ലാൻഡ് ക്നാനായ കമ്മ്യൂണിറ്റി സെന്ററിൽ നടക്കും. 56, 28, റമ്മി ഇനങ്ങളിലാണ് മത്സരങ്ങൾ. 56, 28 ഇനങ്ങളിൽ മാത്രം ആകെ 5,000 ഡോളറിന്റെ ക്യാഷ് സമ്മാനങ്ങളാണ് പ്രഖ്യാപിച്ചിരിക്കുന്നത്. രാവിലെ 8.30ന് ആരംഭിക്കുന്ന 56 മത്സരത്തിൽ ഒരു ടീമിൽ മൂന്ന് കളിക്കാർ വീതമുണ്ടാകും. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 125 ഡോളറാണ്. ഒന്നാം സ്ഥാനക്കാർക്ക് 2,000 ഡോളറും രണ്ടാം സ്ഥാനക്കാർക്ക് 1,000 ഡോളറും മൂന്നാം സ്ഥാനക്കാർക്ക് 500 ഡോളറും ലഭിക്കും.

രാവിലെ 11ന് ആരംഭിക്കുന്ന 28 മത്സരത്തിലും ഒരു ടീമിൽ മൂന്ന് കളിക്കാർ വീതമാണ്. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 75 ഡോളർ. ഒന്നാം സമ്മാനം 1,000 ഡോളറും രണ്ടാം സമ്മാനം 500 ഡോളറുമാണ്. റമ്മി മത്സരം വൈകിട്ട് നാലിന് ആരംഭിക്കും. പങ്കെടുക്കാൻ താൽപര്യമുള്ളവർ ഫ്ളയറിലെ ക്യുആർ കോഡ് സ്കാൻ ചെയ്ത് രജിസ്റ്റർ ചെയ്യാം. വേദിയുടെ വിലാസം Rockland Knanaya Communtiy Center, 400 Willow Grove Road, Stony Point, NY 10980.







best compliments from

Mega Sponsor
TOM SUNNY
FINANCIAL PLANNER & WEALTH ADVISOR

Grand Sponsor
SARA MIRZA
& FAMILY

Gold Sponsor
GREATWAYS TAX SERVICE
PRAMOD ZACHARIAS EA

Gold Sponsor
ATTORNEY STEVE CRIFASE
LAW OFFICE OF STEVEN A.CRIFASE, LTD

Gold Sponsor
ELAN SURENDRAN
SENIOR MEDICARE SPECIALIST

Gold Sponsor
ALERT IT
DR. JO PUTHEN

Gold Sponsor
FAMILY DENTAL
KURUVILA & DR. SUSAN EDUKKUTHARAYIL

Gold Sponsor
THAMPICHEN CHEMMACHEL
AND FAMILY

Sponsor
JOMES MATHEW
SIGNATURE PLANNING SERVICE

DATE: **SUN. JAN. 3rd 2027**
TIME: **6:00PM-11:00 PM**

VENUE: **ASHYANA BANQUETS AND RESTAURANT**
1620 75th STREET
DOWNERS GROVE, IL 60516

MORE INFORMATION & TICKET | Anto Kavalackal 630 666 7310 Pramod Zacharias 630 464 4464
Herald Figueiredo 630 400 1172 Thampichen Chemmachel 630 788 6486

ലോകമെമ്പാടുമുള്ള
വാർത്തകൾക്കും
വിശകലനങ്ങൾക്കും...



വായിക്കൂ!
വായിച്ചു
വളരൂ! സന്ദർശിക്കുക

വാചകം VACHAKAM
News Portal for Malayalees Worldwide
www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ
അംഗമാകുന്നതിന്
ക്യു ആർ കോഡ്
സ്കാൻ ചെയ്യൂ

A 24/7 Newspaper Focusing on Malayalees Worldwide
Published from **CHICAGO (USA)** and **TORONTO (CANADA)**

Free E-Paper നിങ്ങളുടെ ഇൻബോക്സിൽ
ലഭിക്കുവാൻ **Email ID** ഞങ്ങൾക്കയച്ചുതരിക
vachakamonline@gmail.com

അമേരിക്ക വാചകം

ത്രികക്ഷി ഉച്ചകോടിയിൽ കണ്ണുംനട്ട് ലോകം

(ഒന്നാം പേജ് തുടർച്ച)

വഴിതുറക്കുമെന്നാണ് റിപ്പോർട്ട്. എന്നാൽ വൻശക്തികളുടെ ഈ കൂടിക്കാഴ്ചയെ അതീവ ജാഗ്രതയോടെയും ആശങ്കയോടെയുമാണ് മറ്റ് ലോകരാജ്യങ്ങൾ ഉറ്റുനോക്കുന്നത്.

വ്യാപാരവും ഉപരോധങ്ങളും: APEC വേദിയിലെ നേതാക്കളുടെ നിലപാടുകൾ

ഉച്ചകോടിയുടെ ഭാഗമായി നടന്ന APEC പ്ലീനറി സമ്മേളനത്തിൽ മൂന്ന് നേതാക്കളും തങ്ങളുടെ നയങ്ങൾ വ്യക്തമാക്കിയിരുന്നു. വ്യാപാര സംരക്ഷണവാദത്തെ രൂക്ഷമായി വിമർശിച്ച ഷി ജിൻപിങ്, സ്വതന്ത്രവും വിവേചനരഹിതവുമായ വ്യാപാര അന്തരീക്ഷം കെട്ടിപ്പടുക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞു. ഹരിത വികസനം, കുറഞ്ഞ കാർബൺ ബഹിർഗമനം, ഡിജിറ്റൽ സാങ്കേതികവിദ്യ, ചെറുകിട ഇടത്തരം സംരംഭങ്ങൾ എന്നിവയിലെ പ്രായോഗിക സഹകരണത്തിനായി ചൈന 20 ദശലക്ഷം ഡോളർ നൽകുമെന്നും ഷെൻഷെനിൽ ഒരു ഏഷ്യ പസഫിക് കമ്മ്യൂണിറ്റി റിസർച്ച് സെന്റർ സ്ഥാപിക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു.

അതേസമയം, പാശ്ചാത്യ ശക്തികളെ മുൻകാല ആധിപത്യ ശക്തികൾ എന്ന് വിശേഷിപ്പിച്ച റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുടിൻ, യൂറോപ്പ് അപമാനകരമായ തകർച്ചയിലാണെന്നും ഉക്രെയ്ൻ അധിനിവേശത്തിന് ശേഷം ഏർപ്പെടുത്തിയ റഷ്യൻ വിരുദ്ധ ഉപരോധങ്ങൾ പാശ്ചാത്യ രാജ്യങ്ങൾക്ക് തന്നെ തിരിച്ചടിയായെന്നും അവകാശപ്പെട്ടു. പ്രാദേശിക സുരക്ഷയ്ക്കും ലോജിസ്റ്റിക്സ് സൗകര്യങ്ങൾക്കും പങ്കാളികൾക്ക് എപ്പോഴും റഷ്യയെ ആശ്രയിക്കാമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സൂപ്പർ ഇന്റലിജൻസും അമേരിക്കയുടെ നയങ്ങളും

തന്റെ പ്രസംഗത്തിൽ നിർമ്മിത ബുദ്ധിയെ സൂപ്പർ ഇന്റലിജൻസ് എന്നാണ് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വിശേഷിപ്പിച്ചത്. സൂപ്പർ ഇന്റലിജൻസിന്റെ വളർച്ചയെ തടയുന്ന തരത്തിലുള്ള കർശന നിയന്ത്രണങ്ങളെ അമേരിക്ക ശക്തമായി എതിർക്കുമെന്നും, നൂറുകണക്കിന് വർഷങ്ങളായി പസഫിക് ശക്തിയായ അമേരിക്ക മേഖലയിലെ സമാധാനത്തിനും സമൃദ്ധിക്കും വേണ്ടി നിലകൊള്ളുമെന്നുമാണ് ട്രംപ് വ്യക്തമാക്കിയത്. ബുധനാഴ്ച നടന്ന സ്വാഗത വിരുന്നിലും ട്രംപും ഷിയും തമ്മിൽ പ്രധാനമായും ചർച്ച ചെയ്തത് നിർമ്മിത ബുദ്ധിയെക്കുറിച്ചായിരുന്നുവെന്ന് ട്രംപ് ഫോക്സ് ന്യൂസിനോട് വെളിപ്പെടുത്തിയിരുന്നു.

അജണ്ടയിൽ ഇറാൻ സംഘർഷവും ഉക്രെയ്ൻ യുദ്ധവും

ത്രികക്ഷി ഉച്ചകോടിയുടെ കൃത്യമായ അജണ്ട ഔദ്യോഗികമായി പുറത്തുവിട്ടിട്ടില്ലെങ്കിലും, റഷ്യഉക്രെയ്ൻ യുദ്ധം, ഇറാൻ സംഘർഷം, ആണവ നിരായുധീകരണം, വ്യാപാര തർക്കങ്ങൾ എന്നിവ പ്രധാന ചർച്ചാവിഷയങ്ങളാകുമെന്നാണ് റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്യുന്നത്. എന്നാൽ ഇറാൻ യുദ്ധം അവസാനിപ്പിക്കാൻ ഷിയുടെയോ പുടിന്റെയോ സഹായം തേടില്ലെന്ന് ട്രംപ് ഫോക്സ് ന്യൂസിന് നൽകിയ അഭിമുഖത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇറാന്റെ നാവിക വ്യോമ സേനകളെയും വ്യോമപ്രതിരോധ സംവിധാനങ്ങളെയും അമേരിക്ക പൂർണ്ണമായും തകർത്തുവെന്നും ഹോർമുസ് കടലിടുക്കിന്റെ പൂർണ്ണ നിയന്ത്രണം തങ്ങൾക്കാണെന്നും അദ്ദേഹം അവകാശപ്പെട്ടു. കൂടാതെ ആണവ വിഷയത്തിൽ അമേരിക്കയും റഷ്യയും തമ്മിലാണ് നേരിട്ട് ചർച്ച നടത്തേണ്ടതെന്ന നിലപാടിലാണ് ചൈന.

എൻവിഡിയ ചാരവൃത്തി വിവാദവും എഐ ചിപ്പ് നിയന്ത്രണങ്ങളും

അതിനിടെ, അമേരിക്കൻ ചിപ്പ് നിർമ്മാണ ഭീമനായ എൻവിഡിയയുടെ മുൻ സിഇഒ ജെൻസൻ ഹുവാങ്ങിന്റെ രാജിക്കിടയാക്കിയ ചാരവൃത്തി വിവാദം ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ വലിയ ചർച്ചയായിട്ടുണ്ട്. ചൈനീസ് ബിസിനസുകാരി ആലീസ് ഹുവാങ്ങുമായുള്ള വിവാഹേതര ബന്ധവും, അമേരിക്കയുടെ കയറ്റുമതി നിയന്ത്രണങ്ങൾ മറികടന്ന് ചൈനയ്ക്ക് നൂതന എഐ ചിപ്പുകൾ എത്തിക്കാൻ ഇവർ സഹായിച്ചുവെന്ന ആരോപണങ്ങളുമാണ് ഹുവാങ്ങിന്റെ രാജിയിലേക്ക് നയിച്ചതെന്ന് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. ഇതിന് പിന്നാലെ തായ്ലൻഡ്, മലേഷ്യ, സിംഗപ്പൂർ, ഇന്തോനേഷ്യ, ബ്രസീൽ തുടങ്ങിയ രാജ്യങ്ങളിലെ ഡാറ്റാ സെന്ററുകൾ വഴി ചൈനയ്ക്ക് എഐ ചിപ്പുകൾ ലഭിക്കുന്നത് തടയാൻ അമേരിക്ക പുതിയ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ഇതിനെതിരെ ശക്തമായ തിരിച്ചടിയുണ്ടാകുമെന്ന് ചൈനീസ് വിദേശകാര്യ മന്ത്രാലയം മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

യാൾട്ട 2.0 ആശങ്കയിൽ ഉക്രെയ്നും ജപ്പാനും

രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം 1945ൽ അമേരിക്ക, സോവിയറ്റ് യൂണിയൻ, ബ്രിട്ടൻ എന്നീ രാജ്യങ്ങൾ ചേർന്ന് ലോകത്തെ സ്വാധീന മേഖലകളായി പങ്കുവെച്ച യാൾട്ട സമ്മേളനത്തോടാണ് പല രാഷ്ട്രീയ നിരീക്ഷകരും ഈ കൂടിക്കാഴ്ചയെ താരതമ്യം ചെയ്യുന്നത്. വൻശക്തികൾ ചേർന്ന് ചെറുരാജ്യങ്ങളുടെ ഭാവി തീരുമാനിക്കുന്ന ഒരു 'യാൾട്ട 2.0' സാഹചര്യം ഉണ്ടാകുമോ എന്ന ആശങ്കയിലാണ് ഉക്രെയ്ൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കിയും ജപ്പാനും. തായാൻ വിഷയത്തിൽ ചൈനയ്ക്കെതിരെ സൈനിക ഇടപെടൽ നടത്തിയേക്കാമെന്ന ജാപ്പനീസ് പ്രധാനമന്ത്രി സനേ തകായിച്ചിയുടെ മുൻപത്തെ പ്രസ്താവനയെത്തുടർന്ന് ചൈനയും ജപ്പാനും തമ്മിലുള്ള ബന്ധം വഷളായിരിക്കുകയാണ്. ഇക്കാരണത്താൽ ഉച്ചകോടിക്കെത്തിയ തകായിച്ചിക്ക് ഔദ്യോഗിക സ്വീകരണ ചടങ്ങുകൾ ഒഴിവാക്കി സാധാരണ രീതിയിലുള്ള സ്വീകരണമാണ് ചൈന നൽകിയത്.

വിമാനത്താവളത്തിലെ അപൂർവ്വ സ്വീകരണം

ബുധനാഴ്ച ഷെൻഷെൻ വിമാനത്താവളത്തിൽ നേരിട്ടെത്തിയാണ് ഷി ജിൻപിങ് ഡൊണാൾഡ് ട്രംപിനെ സ്വീകരിച്ചത്. അധികാരമേറ്റ ശേഷം ഇതാദ്യമായാണ് ഒരു വിദേശ നേതാവിനെ സ്വീകരിക്കാൻ ഷി വിമാനത്താവളത്തിൽ നേരിട്ടെത്തുന്നത്. ഉത്തരകൊറിയൻ ഭരണാധികാരി കിം ജോങ് ഉന്നുമായി ട്രംപ് കൂടിക്കാഴ്ച നടത്തിയേക്കുമെന്ന് അഭ്യൂഹങ്ങൾ ഉണ്ടായിരുന്നെങ്കിലും, കിം നിലവിൽ ചൈനീസ് അതിർത്തിക്കടുത്തുള്ള ഒരു സ്കീ റിസോർട്ടിലാണുള്ളതെന്നും കൂടിക്കാഴ്ചയ്ക്ക് സാധ്യതയില്ലെന്നുമാണ് ദക്ഷിണ കൊറിയൻ വാർത്താ ഏജൻസിയായ യോൻഹാപ്പ് നൽകുന്ന സൂചന. APEC നേതാക്കളുടെ പ്ലീനറി സമ്മേളനത്തിന് ശേഷം ഉച്ചയ്ക്ക് 12:45 ന് കൈലിൻ വില്ലയിൽ ട്രംപും ഷിയും ഉഭയകക്ഷി ചർച്ച നടത്തും. തുടർന്ന് ലോകം ഉറ്റുനോക്കുന്ന ത്രികക്ഷി ഉച്ചകോടി നടക്കും.

നയതന്ത്ര സഖ്യങ്ങളും പ്രതിരോധ നീക്കങ്ങളും നിർണ്ണായകം

(ഒന്നാം പേജ് തുടർച്ച)

ൾക്ക് മുന്നറിയിപ്പ് നൽകാനും ഇത്തരം പരീക്ഷണങ്ങൾ സഹായിക്കുമെങ്കിലും, അവ ആഗോള തലത്തിൽ പുതിയൊരു ആയുധമത്സരത്തിനും സംഘർഷത്തിനും വഴിവെച്ചേക്കാം. അതിനാൽ മിസൈൽ പ്രതിരോധ സംവിധാനങ്ങളുടെ കൃത്യതയും സജ്ജീകരണങ്ങളും കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

അതേസമയം സൈബർ ആക്രമണങ്ങൾ ആധുനിക യുദ്ധമുഖത്തെ ഏറ്റവും അപകടകരമായ ആയുധമായി മാറിയിരിക്കുന്നു. അമേരിക്കയുടെ നിർണ്ണായക അടിസ്ഥാന സൗകര്യങ്ങളെയും സാമ്പത്തിക ശൃംഖലകളെയും ലക്ഷ്യം വെച്ചുള്ള സൈബർ നീക്കങ്ങൾ രാജ്യസുരക്ഷയ്ക്ക് വലിയ ഭീഷണിയാണ് ഉയർത്തുന്നത്. പരമ്പരാഗത സൈനിക നീക്കങ്ങൾക്കപ്പുറം ഡിജിറ്റൽ അതിർത്തികൾ സംരക്ഷിക്കുക എന്നത് അമേരിക്കയുടെ ഏറ്റവും വലിയ മുൻഗണനകളിലൊന്നായി മാറിയിരിക്കുകയാണ്. ഈ ഭീഷണികൾക്കും സൈബർ ആക്രമണങ്ങൾക്കും പിന്നിൽ ബാഹ്യ ഇടപെടലുകൾ ഉണ്ടോ എന്നത് ഗൗരവകരമായ അന്വേഷണങ്ങൾ ആവശ്യപ്പെടുന്ന വിഷയമാണ്.

ആഗോള ശക്തികൾ തമ്മിലുള്ള മത്സരവും പ്രാദേശിക സഖ്യങ്ങളുടെ മാറ്റങ്ങളും പലപ്പോഴും പരോക്ഷമായ ഇടപെടലുകൾക്ക് വഴിയൊരുക്കാറുണ്ട്. സാങ്കേതിക വിവരങ്ങളുടെ കൈമാറ്റവും സൈബർ ശൃംഖലകളുടെ ദുരുപയോഗവും ഈ സാഹചര്യത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. ഈ പശ്ചാത്തലത്തിലാണ് ട്രംപിന്റെ ഏഷ്യൻ പര്യടനവും ഹെഗ്സെത്തിന്റെ വെനസ്വേലൻ പര്യടനവും ശ്രദ്ധേയമാകുന്നത്. ഇന്തോപസഫിക് മേഖലയിലെ സന്തുലിതാവസ്ഥ നിലനിർത്താനും തന്ത്രപരമായ പങ്കാളിത്തം ഉറപ്പിക്കാനും ഏഷ്യൻ യാത്രാ ലക്ഷ്യമിടുന്നു. ലാറ്റിനമേരിക്കൻ മേഖലയിലെ സ്വാധീനവും സുരക്ഷാ സഹകരണവും ശക്തിപ്പെടുത്തുക എന്ന ലക്ഷ്യമാണ് വെനസ്വേലൻ പര്യടനത്തിന് പിന്നിലുള്ളതെന്നാണ് വിലയിരുത്തപ്പെടുന്നത്.

പ്രാദേശിക സഖ്യകക്ഷികളിൽ നിന്നും സുഹൃദ് രാജ്യങ്ങളിൽ നിന്നും കൃത്യമായ രാഷ്ട്രീയവും സൈനികവുമായ പിന്തുണയാണ് അമേരിക്ക ഈ യാത്രകളിലൂടെ പ്രതീക്ഷിക്കുന്നത്. രഹസ്യാന്വേഷണ വിവരങ്ങളുടെ പങ്കുവെക്കലും സൈബർ സുരക്ഷാസഹകരണവുംഇതിൽപ്രധാന പങ്കുവഹിക്കുന്നു. വ്യാപാര ബന്ധങ്ങളും തന്ത്രപരമായ പാതകളുടെ സുരക്ഷയും ഉറപ്പാക്കാനും ഇത്തരം നയതന്ത്ര നീക്കങ്ങൾ സഹായിക്കുന്നു. മാറിക്കൊണ്ടിരിക്കുന്ന ആഗോള സാഹചര്യത്തിൽ അമേരിക്കയുടെ വിദേശനയം കൂടുതൽപ്രായോഗികവും കരുത്തുറ്റതുമായിരിക്കണം. സഖ്യരാഷ്ട്രങ്ങളുമായുള്ള വിശ്വാസം വർദ്ധിപ്പിക്കുകയും ഒപ്പം സ്വന്തം പ്രതിരോധ കരുത്ത് മെച്ചപ്പെടുത്തുകയും ചെയ്യുക എന്ന ഇരട്ട തന്ത്രമാണ് ഇവിടെ ആവശ്യം. അതേപോലെനയതന്ത്ര ചർച്ചകൾക്കും സൈനിക സന്നദ്ധതയ്ക്കും ഇടയിൽ കൃത്യമായ സന്തുലനം പാലിക്കേണ്ടതുണ്ട്. അമേരിക്ക നേരിടുന്ന ഈ വെല്ലുവിളികൾ കേവലം ഒരു രാജ്യത്തിന്റെ മാത്രം പ്രശ്നമല്ല, മറിച്ച് ആഗോള സമാധാനത്തെയും സാമ്പത്തികസ്ഥിരതയെയുംബാധിക്കുന്ന വിഷയമാണ്. ജാഗ്രതയോടെയുള്ള നീക്കങ്ങളും സംയുക്ത പ്രതിരോധ തന്ത്രങ്ങളും വരുംകാല സംഘർഷങ്ങൾ ഒഴിവാക്കാൻ സഹായിക്കും. ലോകം ഉറ്റുനോക്കുന്ന ഈ നിർണ്ണായക ഘട്ടത്തിൽ അമേരിക്ക സ്വീകരിക്കുന്ന നിലപാടുകളാണ് ആഗോളരാഷ്ട്രീയത്തിന്റെ ഗതി നിശ്ചയിക്കുക.

ഇറാൻ യുദ്ധ പരാമർശത്തിൽ ജെ.ഡി വാൻസിനോട് അതൃപ്തി; 2028ലെ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ മാർക്കോ റൂബിയോയ്ക്ക് പിന്തുണയേറുന്നതായി റിപ്പോർട്ട്

അമേരിക്കൻ ഇടക്കാല തിരഞ്ഞെടുപ്പിലെ റിപ്പബ്ലിക്കൻ പാർട്ടിയുടെ പരാജയത്തിന് ഇറാൻ യുദ്ധമാണ് കാരണമെന്ന വൈസ് പ്രസിഡന്റ് ജെ.ഡി വാൻസിന്റെ പ്രസ്താവനയിൽ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന് കടുത്ത അതൃപ്തിയുള്ളതായി ന്യൂയോർക്ക് ടൈംസ് റിപ്പോർട്ട് ചെയ്യുന്നു. തിരഞ്ഞെടുപ്പ് ഫലത്തിന് പിന്നാലെ വാൻസ് സമൂഹമാധ്യമമായ എക്സിൽ പങ്കുവെച്ച കുറിപ്പാണ് ഭരണകൂടത്തിനുള്ളിൽ ഭിന്നതകൾക്ക് വഴിവെച്ചിരിക്കുന്നത്. ഇറാനെതിരെ യുദ്ധം ആരംഭിക്കാൻ താൻ എടുത്ത തീരുമാനം ശരിയായിരുന്നുവെന്ന് വാൻസ് ന്യായീകരിക്കേണ്ടതായിരുന്നു എന്നാണ് ട്രംപ് അടുത്ത വൃത്തങ്ങളോട് പങ്കുവെച്ചത്.

അതേസമയം അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയെ ട്രംപ് തുടർച്ചയായി പ്രശംസിക്കുന്നതായും റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. ഇറാൻ യുദ്ധം അമേരിക്കയുടെ ദേശീയ സുരക്ഷയ്ക്ക് അത്യന്താപേക്ഷിതമാണെന്ന് റൂബിയോ ആവർത്തിച്ച് വ്യക്തമാക്കിയിരുന്നു. 2028ലെ അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ റൂബിയോ മികച്ചൊരു സ്ഥാനാർത്ഥിയായിരിക്കുമെന്ന് ട്രംപ് സഹായികളോട് സൂചിപ്പിച്ചതായാണ് വിവരം.



തിരഞ്ഞെടുപ്പ് തോൽവിക്ക് പിന്നാലെ വാൻസ് നടത്തിയ പരാമർശത്തോട് തുടക്കത്തിൽ ട്രംപ് യോജിച്ചിരുന്നു. എന്നാൽപിന്നീടുള്ളദിവസങ്ങളിൽവാൻസിന്റെ നിലപാടിനോടുള്ള പ്രസിഡന്റിന്റെ അതൃപ്തി വർദ്ധിച്ചുവരികയായിരുന്നു. താൻ ബാലറ്റിൽ ഇല്ലാത്തതുകൊണ്ടാണ് റിപ്പബ്ലിക്കൻ പാർട്ടിക്ക് തിരഞ്ഞെടുപ്പിൽ തിരിച്ചടി നേരിട്ടതെന്നാണ് ട്രംപിന്റെ വിലയിരുത്തൽ.

വാൻസിന്റെ പ്രസ്താവന പലർക്കും ഇഷ്ടപ്പെട്ടില്ലെന്ന് ട്രംപ് മാധ്യമ പ്രവർത്തകരോട് തുറന്നുപറയുകയും ചെയ്തിരുന്നു. ഇറാനുമായുള്ള സമാധാന ചർച്ചകളിൽ നിന്ന് ശ്രദ്ധ മാറ്റാൻ വാൻസിനോട് പ്രസിഡന്റ് നിർദ്ദേശിച്ചതിന് പിന്നാലെയാണ് ഈ പുതിയ റിപ്പോർട്ടുകൾ പുറത്തുവരുന്നത്. തിരഞ്ഞെടുപ്പ് പരാജയത്തിന് ശേഷം 2028ലെ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനെക്കുറിച്ച് വാൻസ് പുനർവിചിന്തനം നടത്തുന്നതായും ഒരു വിധ അഭിപ്രായ വ്യത്യാസവുമില്ലെന്ന് ജെ.ഡി വാൻസ് വ്യക്തമാക്കി. ഫോക്സ് ന്യൂസിന് നൽകിയ അഭിമുഖത്തിലാണ് അദ്ദേഹം ഭരണകൂടത്തിനുള്ളിലെ ഭിന്നതകളെക്കുറിച്ചുള്ള വാർത്തകൾ തള്ളിക്കളഞ്ഞത്. ഭരണകൂടം അസാധാരണമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെന്നും ഇറാൻ വിഷയത്തിൽ എല്ലാവരും ഒറ്റക്കെട്ടാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

2028ലെ തിരഞ്ഞെടുപ്പിൽ വാൻസ് മത്സരിക്കുകയാണെങ്കിൽ താൻ പിന്മാറുമെന്ന് മാർക്കോ റൂബിയോ നേരത്തെ വ്യക്തമാക്കിയിരുന്നു. എന്നാൽ ട്രംപിന്റെ പുതിയ നിലപാട് റിപ്പബ്ലിക്കൻ പാർട്ടിയിലെ ഭാവി നേതൃമാറ്റങ്ങളെക്കുറിച്ചുള്ള ചർച്ചകൾക്ക് പുതിയ മാനം നൽകിയിരിക്കുകയാണ്. നിലവിലെ രാഷ്ട്രീയ സാഹചര്യങ്ങൾ അമേരിക്കൻ ഭരണകൂടത്തിൽ വലിയ ചലനങ്ങളാണ് സൃഷ്ടിക്കുന്നത്.





വധുവിനെ ആവശ്യമുണ്ട്

മാർത്തോമ്മാ യുവാവ്, 34 വയസ്സ്, 165cm ഉയരം, മെക്കാനിക്കൽ ഡിപ്ലോമ, കുവൈറ്റ് ഗവൺമെന്റ് (K.P.T.C.) ജോലി. അമേരിക്കയിൽ നിന്നോ നാട്ടിൽ നിന്നോ ഉള്ള അനുയോജ്യരായ ക്രിസ്ത്യൻ യുവതികളുടെ കുടുംബങ്ങളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു (ഏത് ക്രിസ്ത്യൻ സഭയുമാകാം).

ഫോൺ: USA +1-224-241-5582
India: +91 95626 86417

#111126

Malayali Babysitter Wanted

We are looking for a caring, dependable Malayali babysitter to care for our two children in a family environment. Accommodation can also be provided if needed.
Location: Chicagoland.

Contact: Text/Call
224-415-5584, 224-415-5530

#101426

മലയാളി ബേബി സിറ്ററെ ആവശ്യമുണ്ട്

ഞങ്ങളുടെ രണ്ട് കുട്ടികളെ കുടും ബാന്തരീക്ഷത്തിൽ സ്നേഹത്തോടെയും ഉത്തരവാദിത്തത്തോടെയും പരിചരിക്കാൻ ഒരു മലയാളി ബേബിസിറ്ററെ ആവശ്യമുണ്ട്. ആവശ്യമെങ്കിൽ താമസസൗകര്യം നൽകുന്നതാണ്.

സ്ഥലം: ഷിക്കാഗോ ഏരിയ

ബന്ധപ്പെടുക: 224-415-5584, 224-415-5530

#101426

ആവശ്യമുണ്ട്

ഷിക്കാഗോയുടെ നോർത്ത് ഗർണിയിൽ താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ താമസിച്ച് വീട്ടുജോലികൾ ചെയ്യുവാൻ സ്ത്രീയെ ആവശ്യമുണ്ട്.

ബന്ധപ്പെടുക: 847-421-2233

#111126

Holiday Let
Penthouse in Kochi

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi.
Close to shops/Restaurants/ Shopping centres.
Beautiful view of Kochi City.
Location - Vennala near Holiday Inn Hotel.

Contact NG Jerome
Mob: +91 9446211630

#111126

നൊവേന

വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ. ആശയറ്റ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യേകാനുകൂല്യത്തെ എന്ക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറ്റെല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

ഒരു വിശ്വാസി, ചങ്ങനാശ്ശേരി

#111826

ഉണ്ണിയീശോയോടുള്ള നൊവേന



ഇഹലോകവാസികളായ ഞങ്ങളേതോരുത്തരോടുമുള്ള സ്നേഹത്താൽ മനുഷ്യാവതാരം ചെയ്ത് ഞങ്ങളുടെ ഇടയിലേക്ക് വരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. പാപികളായ ഞങ്ങളുടെ അയോഗ്യതകൾ പരിഗണിക്കാതെ ഞങ്ങളിൽ ഒരുവനായിത്തീരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ, കാലിത്തൊഴുത്തിൽ പിറന്ന് എളിമയോടെയും വിനയത്തിന്റെയും മാതൃകയായി ജീവിച്ചതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

പാപികളായ ഞങ്ങളിൽ അനുഗ്രഹവർഷം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അങ്ങേയ്ക്കു ഞങ്ങൾ നന്ദിപറയുന്നു. അങ്ങേ തിരുമുമ്പിൽ അണഞ്ഞ് ഈ നൊവേനയിൽ ഇന്നു ഞങ്ങൾ പ്രത്യേകമായി അപേക്ഷിക്കുന്നു..... ആവശ്യങ്ങൾ ഞങ്ങൾക്ക് ഒരോരുത്തർക്കും സാധിച്ചുതരണമെന്ന് തകർന്ന ഹൃദയത്തോടുകൂടി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു.

ആമേൻ

അന്നമ്മ ജോബിൻ

#111826



Newspaper for Malayalees Worldwide ◆Estd.2020
വാചകം
VACHAKAM
To Advertise
1 773-888-2242
1 773-842-9149
1 773-888-2243
vachakamonline@gmail.com
news@vachakam.com
Vachakam.com
For E-Paper reading visit Vachakam.com

ഗ്രേറ്റർ ഷിക്കാഗോ മലയാളി അസോസിയേഷൻ പുതിയ ഭാരവാഹികൾ

അമേരിക്കയിലെ പ്രമുഖ മലയാളി സംഘടനകളിലൊന്നായ ഗ്രേറ്റർ ഷിക്കാഗോ മലയാളി അസോസിയേഷന്റെ (GCMA) അടുത്ത രണ്ടുവർഷത്തേക്കുള്ള (2026-2028) പുതിയ ഭരണസമിതിയെ തിരഞ്ഞെടുത്തു. സന്തോഷ് നായർ പ്രസിഡന്റ്, ജോർജ് നെല്ലാമറ്റത്തിൽ സെക്രട്ടറി, ജിജു സ്റ്റീഫൻ ട്രഷറർ, റോഷ്നി രാജ് വൈസ് പ്രസിഡന്റ്, ഫിലിപ്പ് പൗവത്തിൽ, രൺജിത് ചെറുവള്ളിൽ, സുബാഷ് ജോർജ്, മാറ്റ് വിലങ്ങാട്ടശ്ശേരി എന്നിവർ ജോയന്റ് സെക്രട്ടറിമാരും, എമ്മ കാട്ടുക്കാരൻ ജോയിന്റ് ട്രഷറർ ആയും തിരഞ്ഞെടുക്കപ്പെട്ടു.

ഷിക്കാഗോയിൽ നവംബർ 15ന് ചേർന്ന വാർഷിക പൊതുയോഗത്തിലാണ് 9 അംഗ എക്സിക്യൂട്ടീവ് ഭാരവാഹികളെ തിരഞ്ഞെടുത്തത്. നിലവിലെ പ്രസിഡന്റ് ജിതേഷ് ചുങ്കത്ത് പൊതുയോഗത്തിൽ അധ്യക്ഷത വഹിച്ചു. അഡ്വൈസറി ബോർഡ് ചെയർമാൻ ടോമി മേതിപ്പാറ പുതിയ ഭാരവാഹികളുടെ പേരുകൾ ഔദ്യോഗികമായി പ്രഖ്യാപിച്ചു.

ഇവരെ കൂടാതെ, സംഘടനയുടെ പബ്ലിക് റിലേഷൻസ് ഓഫീസറായി ജോൺ കൂളയെയും തിരഞ്ഞെടുക്കപ്പെട്ടു. 38 അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു.



അഡ്വൈസറി ബോർഡ്: സ്ഥിരാംഗങ്ങളായ ജിതേഷ് ചുങ്കത്ത്, ടോമി മേതിപ്പാറ, സന്തോഷ് നായർ എന്നിവർക്ക് പുറമെ ജോണിക്കുട്ടി പിള്ള വീട്ടിൽ, ഷിബു അഗസ്റ്റിൻ, രവീന്ദ്രൻ കുട്ടപ്പൻ, സെബാസ്റ്റ്യൻ വാഴേപറമ്പിൽ എന്നിവരെ പുതിയ അഡ്വൈസറി ബോർഡ് അംഗങ്ങളായും തിരഞ്ഞെടുത്തു.

നേതൃനിരയിൽ വന്ന പുതിയ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട സന്തോഷ് നായർ ഷിക്കാഗോ മലയാളി സമൂഹത്തിലും അമേരിക്കൻ മലയാളികൾക്കിടയിലും സുപരിചിതനായ പൊതുപ്രവർത്തകനാണ്. നിലവിൽ ഫൊക്കാനയുടെ നാഷണൽ ജനറൽ സെക്രട്ടറിയായും അദ്ദേഹം സേവനമനുഷ്ഠിച്ചു വരുന്നു. സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ജോർജ് നെല്ലാമറ്റത്തിൽ പ്രമുഖ വ്യവസായിയും സാമൂഹിക നേതാവുമാണ്. കെ.സി.സി.എൻ.എ മുൻ നാഷണൽ പ്രസിഡന്റായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

ട്രഷററായി തിരഞ്ഞെടുക്കപ്പെട്ട ജിജു സ്റ്റീഫൻ മലയാളീ സേവന രംഗത്ത് സജീവ സാന്നിധ്യമാണ്. അദ്ദേഹം ഐടി മേഖലയിൽ ജോലി ചെയ്യുന്നു. വൈസ് പ്രഡിഡന്റായി തിരഞ്ഞെടുക്കപ്പെട്ട റോഷ്നി രാജ് ഐടി എൻജിനീയറും എൻ.എസ്.എസ്. ഷിക്കാഗോയുടെ സജീവ പ്രവത്തകയും ആണ്. ജോയിന്റ് സെക്രട്ടറിമാരായി തിരഞ്ഞെടുക്കപ്പെട്ട രൺജിത് ചെറുവള്ളിൽ ഐടി മേഖലയിൽ ജോലി ചെയ്യുന്നു, സുബാഷ് ജോർജ് ഐടി മേഖലയിൽ ജോലി ചെയ്യുന്നു. ഫോമാ അടക്കമുള്ള നിരവധി മലയാളീ സംഘടനകളിൽ പ്രവർത്തി പരിചയം.

ഫിലിപ് പൗവത്തിൽ ബിസിനസ് രംഗത്തും മാറ്റ് വിലങ്ങാട്ടശ്ശേരി യൂണിവേഴ്സിറ്റി ഓഫ് ഇല്ലിനോയിസ് എം.ആർ.ഐ ഡിപ്പാർട്മെന്റ് മാനേജരായി ജോലി ചെയ്യുന്നു. കെ.സി.എസ് അടക്കമുള്ള നിരവധി മലയാളീ സംഘടനകളിൽ പ്രവർത്തി പരിചയം. ജോയിന്റ് ട്രഷററായ എമ്മ കാട്ടുക്കാരൻ യൂണിവേഴ്സിറ്റി ഓഫ് വിസ്കോൺസിൽ വിദ്യാർത്ഥിയും ഷിക്കാഗോയിൽ അറിയപ്പെടുന്ന നർത്തകിയുമാണ്.

പുതിയ ഭരണസമിതിക്ക് സ്ഥാനമൊഴിയുന്ന കമ്മിറ്റിയും പൊതുയോഗവും എല്ലാവിധ ആശംസകളും നേർന്നു.

2027ൽ നിരവധി പ്രവർത്തനങ്ങളാണ് ജി.സി.എം.എയുടെ അണിയറയിൽ ഒരുങ്ങുന്നതാണ് ഭാരവാഹികൾ അറിയിച്ചു.



അക്ഷരങ്ങളുടെ ലോകത്ത് കഥയും കവിതയും ചർച്ചക്കായി സർഗവേദി

ന്യൂയോർക്: ഈ വരുന്ന ഞായറാഴ്ച നവംബർ 22ന് വൈകിട്ട് 5 മണിക്കു ന്യൂയോർക്കിലെ കേരള സെന്ററിലേ (1824 fairfax St. Elmont) ഹാളിൽ അമേരിക്കയിലെ പ്രശസ്തരായ 4 സർഗ്ഗാത്മക പ്രതിഭകളുടെ കഥകളും കവിതകളും ചർച്ച ചെയ്യുന്നു. കവികളായ രാജുതോമസ്, ലിൻഡ അലക്സൻഡർ, കഥാകൃത്തുക്കളായ ഉമാ സജിയും, ബാബു പാറക്കലും എഴുതിയ തെരുവ്നായ ചരിതം, 'അമ്മ, പ്രോക്സി, അഭിമുഖം എന്നീ സൃഷ്ടികൾ വായനാനുഭവമാകുമ്പോൾ പ്രമുഖ എഴുത്തുകാരും വായനക്കാരും ചർച്ചയിൽ പങ്കെടുക്കുന്നു. പ്രിയപെട്ടവരെ സർഗ വേദി ക്ഷണിക്കുന്നു.

ഒരു നല്ല കഥ നമ്മെ ജീവിതത്തിന്റെ വ്യത്യസ്ത തലങ്ങളിലേക്ക് കൂട്ടിക്കൊണ്ടുപോകുമ്പോൾ, ഒരു നല്ല കവിത നമ്മുടെ ഹൃദയത്തെ സ്പർശിക്കുകയും ചിന്തകളെ ഉണർത്തുകയും ചെയ്യുന്നു.

തിരക്കേറിയ പ്രവാസജീവിതത്തിനിടയിലും മലയാളഭാഷയെയും സാഹിത്യത്തെയും നെഞ്ചോടുചേർത്ത്, അക്ഷരങ്ങളിലൂടെ ചിന്തകളും അനുഭവങ്ങളും പങ്കുവെക്കാൻ ഒത്തുചേരുന്ന ന്യൂയോർക്കിലെ സർഗ്ഗവേദി 35വർഷം പിന്നിടുന്ന സാഹിത്യ സപര്യയുടെ വിട്ടുവീഴ്ചയില്ലാത്ത ഒത്തുചേരലാണ് അതുകൊണ്ടു തന്നെ ന്യൂയോർക്കിലെ സർഗവേദി ഏറെ ശ്രദ്ധേയമാണ്.

കഥയുടെ ആഴവും കവിതയുടെ സൗന്ദര്യവും ചർച്ച ചെയ്യുമ്പോൾ, നാം കേൾക്കുന്നത് എഴുത്തുകാരന്റെ വാക്കുകൾ മാത്രമല്ല, സമൂഹത്തിന്റെ സ്പന്ദനങ്ങളും മനുഷ്യഹൃദയത്തിന്റെ നിശ്ശബ്ദമായ ശബ്ദങ്ങളുമാണ്.

വായനയിലൂടെയും ചർച്ചകളിലൂടെയും പുതിയ ചിന്തകൾക്കും സർഗ്ഗാത്മകമായ ആശയങ്ങൾക്കും വഴിയൊരുക്കുന്ന ഈ സാഹിത്യസംഗമം മലയാളത്തിന്റെ സാംസ്കാരിക പൈതൃകം അടുത്ത തലമുറയിലേക്ക് കൈമാറാനുള്ള മനോഹരമായൊരു ശ്രമം കൂടിയാണ് എന്ന് ഓർമപ്പെടുത്തുകയാണ് സർഗ്ഗവേദിയുടെ ചുമതലക്കാരനായ മനോഹർ തോമസ്.

അക്ഷരങ്ങൾ പൂക്കട്ടെ, ചിന്തകൾ വളരട്ടെ, സർഗ്ഗവേദിയിലൂടെ മലയാള സാഹിത്യം കൂടുതൽ ഉയരങ്ങളിലേക്ക് സഞ്ചരിക്കട്ടെ! എല്ലാ സാഹ്യത്യ സ്നേഹികളെയും സർഗവേദി ഈ സർഗ്ഗാത്മക സംവാദത്തിലേക്കു ക്ഷണിക്കുന്നു

കൂടുതൽ വിവരങ്ങൾക്ക് മനോഹർ തോമസ് 917-974-2670

◗ ജോസ് കാടാപുറം

ഫാ.ജോസ് കണ്ടത്തിക്കുടി അനുസ്മരണവും ചാരിറ്റി ഡിന്നറും പ്രൗഢോജ്ജ്വലമായി നടത്തി

ന്യൂയോർക്ക്: കാൽനൂറ്റാണ്ടിലധികം അമേരിക്കയിലെ സിറോ മലബാർ വിശ്വാസികൾക്കുവേണ്ടി സേവനം ചെയ്ത റവ. ഫാ.ജോസ് കണ്ടത്തിക്കുടിയുടെ രണ്ടാമത് അനുസ്മരണവും 'ഫാ.ജോസ് കണ്ടത്തിക്കുടി ഫൗണ്ടേഷന്റെ' ധനശേഖരണാർത്ഥം ഒരുക്കിയ 'ചാരിറ്റി ഡിന്നറും' നവംബർ 14 ശനിയാഴ്ച വൈകുന്നേരം പ്രൗഡോജ്ജ്വലമായി നടന്നു.

ചടങ്ങുകൾക്ക് തുടക്കം കുറിച്ചുകൊണ്ട് ബ്രോങ്ക്സ് സെയിന്റ്തോമസ് സീറോ മലബാർ ഫൊറോനാദേവാലയത്തിൽ നാല് മണിക്ക് നടന്ന വിശുദ്ധ കുർബ്ബാനയ്ക്ക് റവ. ഫാ. തദേവൂസ് അരവിന്ദത്ത് മുഖ്യ കാർമ്മികത്വം വഹിച്ചു. ഇടവക വികാരി റവ. ഫാ. കുര്യാക്കോസ് വടാന, റവ. ഫാ. ഫ്രാൻസിസ് നമ്പ്യാപറമ്പിൽ, റവ. ഫാ.ജോണി ചെങ്ങളാൻ എന്നിവർ സഹകാർമ്മികരും ആയിരിന്നു.

തുടർന്നു പാരിഷ് ഹാളിൽ നടന്ന ജോസച്ചൻ അനുസ്മരണത്തിൽ റവ. ഫാ. തദേവൂസ് അരവിന്ദത്ത് മുഖ്യ പ്രഭാഷണം നടത്തി. റവ. ഫാ. കുര്യാക്കോസ് വടാന, റവ. ഫാ. ഫ്രാൻസിസ് നമ്പ്യാപറമ്പിൽ, റവ. ഫാ.ജോണി ചെങ്ങളാൻ എന്നിവരും ജോസച്ചന്റെ സേവനങ്ങളെ അനുസ്മരിച്ചു.

തദവസത്തിൽ, ക്രിസ്തീയ ഭക്തിഗാന ശാഖക്ക് അമൂല്യമായ സംഭാവനകൾ നൽകിയ ഫാ. തദേവൂസ് അരവിന്ദത്തിനെ 'ഫാ.ജോസ് കണ്ടത്തിക്കുടി ഫൗണ്ടേഷൻ' ആദരിച്ചു.



ഫൗണ്ടേഷൻ ചെയർമാൻ ഷോളി കുമ്പിളുവേലി സ്വാഗതവും, സെക്രട്ടറി ബിജു കാപ്പുകാട്ട് നന്ദിയും പറഞ്ഞു. ട്രഷറർ ജോസഫ് കാഞ്ഞമല ഫിനൻസ് ആൻഡ് പ്രോജക്ട് റിപ്പോർട്ട് അവതരിപ്പിച്ചു.

ഇക്കൊല്ലം ചാരിറ്റി ഡിന്നറിലൂടെ സമാഹരിക്കുന്ന തുക ഫാ.ജോസ് കണ്ടത്തിക്കുടിയുടെ മാതൃരൂപതയായ മാനന്തവാടി രൂപതയുടെ കീഴിലുള്ള സെയിന്റ് ജോസഫ് ഹോസ്പിറ്റലിൽ ബ്ലഡ് സ്റ്റോറേജ് ഫെസിലിറ്റി തുടങ്ങുന്നതിനു ഉപയോഗിക്കും.

അമേരിക്കയിലെ വിവിധ സ്ഥലങ്ങളിൽനിന്നും ജോസച്ചനെ സ്നേഹിക്കുന്ന നിരവധി ആളുകൾ ചടങ്ങിൽ പങ്കെടുത്തു. കുട്ടികൾ അവതരിപ്പിച്ച കലാപരിപാടികൾ ചടങ്ങിന്റെ മോടികൂട്ടി.

പരിപാടികൾക്ക് ഡയറക്ടർ ബോർഡ് അംഗങ്ങളായ ഷോളി കുമ്പിളുവേലി (ചെയർമാൻ), ബിജു കാപ്പുകാട്ട് (സെക്രട്ടറി), ജോസഫ് കാഞ്ഞമല സിപിഎ (ട്രഷറർ), ടോം പെരുമ്പായിൽ, ബാബുജോസഫ് സി.പി.എ., ജേക്കബ് ചൂരവടി, പൈലപ്പൻ കണ്ണുക്കാടൻ, ടോം വി.തോമസ്, ലാലി കളപ്പുരക്കൽ, ഷേർലി അടാട്ട്, ജോൺ വാളിപ്ലാക്കൽ എന്നിവർ നേതൃത്വം നൽകി.

നോൺ പ്രോഫിറ്റ് ഓർഗനൈസേഷനായി ഡിപ്പാർട്മെന്റ് ഓഫ് സ്റ്റേറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 'ഫാ.ജോസ് കണ്ടത്തിക്കുടി ഫൗണ്ടേഷനു' 501(സി)(3) സ്റ്റാറ്റസും ലഭിച്ചിട്ടുണ്ട്.

ഫൗണ്ടേഷന്റെ ഔപചാരികമായ ഉദ്ഘാടനം ജോസച്ചന്റെ ഒന്നാം ചരമവാർഷിക ആചരണത്തിൽ വച്ച് ബിഷപ്പ് മാർ ജോയ് ആലപ്പാട്ടാണ് നിർവ്വഹിച്ചത്.

ഫൗണ്ടേഷനേപ്പറ്റി കൂടുതൽ അറിയുവാനും,സഹകരിക്കുവാനും താൽപ്പര്യമുള്ളവർ ഡയറക്ടർബോർഡ് അംഗങ്ങളുമായി ബന്ധപ്പെടുക: 914-330-6340, fjkfoundation@gmail.com







ചരിത്രനേട്ടം കുറിച്ച് നാസയുടെ വോയേജർ 1; ഭൂമിയിൽ നിന്ന് ഒരു പ്രകാശദിനം അകലെയെത്തുന്ന ആദ്യ മനുഷ്യനിർമ്മിത പേടകം



ബഹിരാകാശ പര്യവേഷണ ചരിത്രത്തിൽ പുതിയ അധ്യായം രചിച്ച് നാസയുടെ വോയേജർ 1 പേടകം ഭൂമിയിൽ നിന്ന് ഒരു പ്രകാശദിനം അകലെയെത്തി. വിക്ഷേപിച്ച് 49 വർഷങ്ങൾക്ക് ശേഷമാണ് മറ്റൊരു മനുഷ്യനിർമ്മിത വസ്തുവും എത്തിപ്പെടാത്ത ഈ അപൂർവ്വ ദൂരം പേടകം പിന്നിടുന്നത്. 2026 നവംബർ 18ന് അമേരിക്കൻ സമയം പുലർച്ചെ 5:16ഓടെയാണ് വോയേജർ 1 ഈ ചരിത്രപരമായ നാഴികക്കല്ല് മറികടന്നത്.

ഭൂമിയിൽ നിന്ന് ഏകദേശം 25.9 ബില്യൺ കിലോമീറ്റർ അഥവാ 16.1 ബില്യൺ മൈൽ അകലെയാണ് പേടകം ഇപ്പോഴുള്ളത്. പ്രകാശവേഗതയിൽ സഞ്ചരിക്കുന്ന ഒരു സിഗ്നലിന് ഭൂമിയിൽ നിന്ന് വോയേജർ 1ലേക്ക് എത്താൻ കൃത്യം 24 മണിക്കൂർ സമയം ആവശ്യമാണ് എന്നതാണ് ഈ ദൂരത്തിന്റെ പ്രത്യേകത. പേടകത്തിൽ നിന്നുള്ള മറുപടി ഭൂമിയിലേക്ക് തിരിച്ചെത്താൻ വീണ്ടും 24 മണിക്കൂർ കൂടി എടുക്കും. അതായത് ഭൂമിയിൽ നിന്നുള്ള ഒരു സന്ദേശത്തിന് മറുപടി ലഭിക്കാൻ ശാസ്ത്രജ്ഞർക്ക് ഏകദേശം 48 മണിക്കൂർ കാത്തിരിക്കേണ്ടി വരും.

1977 സെപ്തംബർ 5നാണ് നാസ വോയേജർ 1 ബഹിരാകാശത്തേക്ക് വിക്ഷേപിച്ചത്. ഇതിന് രണ്ടാഴ്ച മുൻപ് വിക്ഷേപിച്ച ഇരട്ട പേടകമായ വോയേജർ 2നേക്കാൾ വേഗത്തിലുള്ള സഞ്ചാരപഥമാണ് വോയേജർ 1 സ്വീകരിച്ചത്. വ്യാഴത്തെയും ശനിയെയും കുറിച്ചുള്ള നിർണ്ണായക വിവരങ്ങൾ ശേഖരിച്ച ശേഷം 2012 ഓഗസ്റ്റിലാണ് പേടകം സൗരയൂഥത്തിന്റെ അതിർത്തി കടന്ന് നക്ഷത്രാന്തര ബഹിരാകാശത്തേക്ക് പ്രവേശിച്ചത്. നിലവിൽ മണിക്കൂറിൽ ഏകദേശം 61,155 കിലോമീറ്റർ വേഗതയിലാണ് ഈ പേടകം മുന്നോട്ട് കുതിക്കുന്നത്.

വ്യാഴത്തിന് ചുറ്റുമുള്ള വളയങ്ങളും പുതിയ ഉപഗ്രഹങ്ങളും കണ്ടെത്തുന്നതിൽ വോയേജർ 1 വലിയ പങ്കുവഹിച്ചിരുന്നു. അഞ്ച് പതിറ്റാണ്ടുകൾക്കിപ്പുറവും പേടകത്തെ പ്രവർത്തനക്ഷമമായി നിലനിർത്താൻ സാധിച്ചത് നാസയിലെ ശാസ്ത്രജ്ഞരുടെ സാങ്കേതിക മികവിന്റെ തെളിവാണെന്ന് പ്രോജക്ട് സയന്റിസ്റ്റ് ലിൻഡ സ്പിൽക്കർ വ്യക്തമാക്കി. പ്ലൂട്ടോണിയം238 ഉപയോഗിച്ച് പ്രവർത്തിക്കുന്ന ജനറേറ്ററുകളിൽ നിന്നാണ് പേടകത്തിന് ആവശ്യമായ വൈദ്യുതി ലഭിക്കുന്നത്. ഊർജ്ജം ലാഭിക്കുന്നതിനായി പേടകത്തിലെ അത്യാവശ്യമില്ലാത്ത പല ഉപകരണങ്ങളും ഹീറ്ററുകളും ശാസ്ത്രജ്ഞർ ഘട്ടംഘട്ടമായി ഓഫാക്കിയിട്ടുണ്ട്.

മനുഷ്യന്റെ കരങ്ങളാൽ നിർമ്മിക്കപ്പെട്ട ഒരു പേടകം ഇത്രയും ദൂരം സഞ്ചരിക്കുന്നത് അവിശ്വസനീയമായ നേട്ടമാണെന്ന് നാസ അഡ്മിനിസ്ട്രേറ്റർ ജാരെഡ് ഐസക്മാൻ അഭിപ്രായപ്പെട്ടു. സൗരയൂഥത്തിന് പുറത്തുള്ള കോസ്മിക് കിരണങ്ങളെക്കുറിച്ചും റേഡിയോ തരംഗങ്ങളെക്കുറിച്ചുമുള്ള വിലപ്പെട്ട വിവരങ്ങൾ പേടകം ഇപ്പോഴും ഭൂമിയിലേക്ക് അയക്കുന്നുണ്ട്. ഇരട്ട പേടകമായ വോയേജർ 2 ഈ ഒരു പ്രകാശദിനം എന്ന ദൂരത്തിൽ എത്താൻ 2035 നവംബർ വരെ കാത്തിരിക്കേണ്ടി വരും. അടുത്ത വർഷം വിക്ഷേപണത്തിന്റെ അമ്പതാം വാർഷികം ആഘോഷിക്കാനിരിക്കെ വോയേജർ 1ന്റെ ഈ നേട്ടം ശാസ്ത്രലോകത്തിന് വലിയ ആവേശമാണ് നൽകുന്നത്.

യുഎസുമായുള്ള വ്യാപാര ചർച്ചകളിൽ നിലപാട് കടുപ്പിച്ച് കാനഡ

ടൊറന്റോ: അമേരിക്കയുമായി പരസ്പര പ്രയോജനകരമായ ഒരു വ്യാപാര കരാറിന് കാനഡ ഇപ്പോഴും സന്നദ്ധമാണ്. എന്നാൽ യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് അതിന് തയ്യാറായില്ലെങ്കിൽ അമേരിക്കയെ മാത്രം ആശ്രയിക്കുന്ന നിലപാട് പൂർണ്ണമായി ഉപേക്ഷിച്ച് മറ്റ് രാജ്യങ്ങളുമായി വ്യാപാര ബന്ധം വ്യാപിപ്പിക്കുമെന്ന് കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണി. ചൈനയിൽ വെച്ചു നടന്ന ഡീൽബുക്ക് ഉച്ചകോടിയെ വെർച്വലായി അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

യൂറോപ്പിലേക്കും ഏഷ്യയിലേക്കും നടത്തിയ ഒമ്പത് ദിവസത്തെ വ്യാപാര പര്യടനത്തിന് ശേഷമാണ് കാർണിയുടെ ഈ നിർണായക പ്രതികരണം. അമേരിക്കയുമായുള്ള വ്യാപാര ബന്ധത്തിൽ ഇപ്പോഴും നിരവധി തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടെന്നും, ഔദ്യോഗികമായി ഒരു കരാറിൽ ഒപ്പുവെക്കുന്ന ഘട്ടത്തിലേക്ക് കാര്യങ്ങൾ എത്തിയിട്ടില്ലെന്നും അദ്ദേഹം വ്യക്തമാക്കി. കാനഡയുടെ ഓട്ടോമൊബൈൽ, സ്റ്റീൽ, അലുമിനിയം, സോഫ്റ്റ്വുഡ് തടി തുടങ്ങിയ ഉൽപ്പന്നങ്ങൾക്ക് മേൽ അമേരിക്ക ഏർപ്പെടുത്തിയിരിക്കുന്ന കടുത്ത സെക്ഷൻ 232 തീരുവകളും, കനേഡിയൻ ഉൽപ്പന്നങ്ങൾക്ക് മേലുള്ള അൻപത് ശതമാനം നികുതിയും പിൻവലിക്കണമെന്നാണ് കാനഡയുടെ പ്രധാന ആവശ്യം.

ഏഷ്യ-പസഫിക് ഇക്കണോമിക് കോ-ഓപ്പറേഷൻ ഉച്ചകോടിക്കിടെ യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായി നടത്തിയ കൂടിക്കാഴ്ച നേരിട്ടുള്ളതാണെങ്കിലും വ്യാപാര രംഗത്ത് വലിയ വഴിതിരിവുകൾ ഉണ്ടാക്കാൻ സാധിച്ചിരുന്നില്ല. അമേരിക്കയുമായുള്ള കരാർ അനിശ്ചിതത്വത്തിൽ നിൽക്കെത്തന്നെ, ചൈനയുമായുള്ള ചർച്ചകൾ വളരെ വിജയകരമായി മുന്നോട്ടുപോകുന്നുണ്ടെന്ന് കാർണി അറിയിച്ചു. കുറഞ്ഞ തീരുവയിൽ നിശ്ചിത എണ്ണം ചൈനീസ് ഇലക്ട്രിക് വാഹനങ്ങൾ കാനഡയിലേക്ക് ഇറക്കുമതി ചെയ്യാൻ അനുവദിക്കുന്നതിന് പകരമായി, കനേഡിയൻ ഉൽപ്പന്നങ്ങൾക്ക് ചൈനീസ് വിപണിയിൽ മികച്ച പ്രവേശനം ഉറപ്പാക്കാൻ ഇതിലൂടെ സാധിച്ചിട്ടുണ്ട്.

ഇതിന് പുറമെ ഫിലിപ്പീൻസുമായും പതിനൊന്ന് രാജ്യങ്ങളടങ്ങുന്ന ആസിയാൻ കൂട്ടായ്മയുമായും ഒരൊറ്റ ദിവസം കൊണ്ട് രണ്ട് സുപ്രധാന സ്വതന്ത്ര വ്യാപാര കരാറുകൾക്ക് കാനഡ രൂപം നൽകിയിട്ടുണ്ട്. ആറ് ട്രില്യൺ ഡോളറിലധികം വിപണി മൂല്യമുള്ള ഈ കരാറുകൾ കാനഡയുടെ വ്യാപാര വൈവിധ്യവൽക്കരണത്തിന് വലിയ കരുത്ത് പകരും. അടുത്ത മൂന്ന് മാസത്തിനുള്ളിൽ ഇന്ത്യയുമായും സമാനമായൊരു വ്യാപാര കരാറിൽ ഒപ്പിടാൻ സാധിക്കുമെന്നാണ് കാനഡയുടെ പ്രതീക്ഷ. നിലവിൽ ലോകത്തിലെ രണ്ട് ബില്യൺ ജനങ്ങൾ ഉൾപ്പെടുന്ന വിപണികളിലേക്ക് കാനഡയ്ക്ക് സ്വതന്ത്ര വ്യാപാര പ്രവേശനമുണ്ടെന്നും, പുതിയ കരാറുകൾ യാഥാർത്ഥ്യമാകുന്നതോടെ ഇത് മൂന്ന് ബില്യൺ ജനങ്ങളിലേക്ക് ഉയരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അമേരിക്കയുമായുള്ള ബന്ധം മെച്ചപ്പെടണമെങ്കിൽ കാനഡയുടെ പ്രധാന സാമ്പത്തിക മേഖലകളെ തകർക്കാൻ ലക്ഷ്യമിട്ടുള്ള നയപരമായ നടപടികൾ യുഎസ് ഭരണകൂടം തിരുത്തണമെന്ന് കാർണി ആവശ്യപ്പെട്ടു. വെറും വാഗ്ദാനങ്ങൾക്കപ്പുറം പ്രായോഗികമായ നയപരമായ മാറ്റങ്ങളാണ് ഉണ്ടാകേണ്ടത്.

SUNNY
FINANCIAL STRATEGIES, LLC



Wealth planning that works across generations.

Partnered for Your Family's Success

Tom Sunny, CFP®, CLU®, RICP®

Financial Planner & Wealth Advisor

Building your financial future together, with expertise & fiduciary integrity.

AREAS OF SPECIALTY

- Comprehensive Planning & Wealth Management
- Inheritance & Estate Planning: Trusts, Wills, POAs, Transfers
- Retirement Income Strategy for Retirees & Pre-Retirees
- Professional Investment Advisory & Guidance
- Insurance Protection: Life, Disability, Long-Term Care, Liability, Health & Medicare Supplement (Medigap)
- Tax Planning & Diversification
- 401(k), 403(b), 457(b), TSP, IRA & Roth IRA Rollovers, Optimization, and Set-Ups
- Business Plans, Employee Benefits, Pensions, Social Security, Medicare
- Education Expense Funding

Let's Plan for Your Brighter Future

COMPLIMENTARY CONSULTATION · CALL OR SCAN

847-414-9116

sunnyfinancial.com

tom@sunnyfinancial.com

DIGITAL

Financial Advisor with Eagle Strategies LLC, a Registered Investment Adviser. Registered Representative offering securities through NYLIFE Securities LLC, Member FINRA/SIPC, a Licensed Insurance Agency. Sunny Financial Strategies LLC is independently owned and operated

gwi Greatways Tax Service Inc.

Great Service @ Right Ways, Since 2002

CELEBRATING 24 YEARS OF SUCCESSFUL SERVICE

- NEW BUSINESS SET UP IN 24 HRS
- PAYROLL & SALE TAX SERVICE
- REGISTERED AGENT SERVICE FOR BUSINESS

We also offer online tax preparation with no extra charge Please give a reasonable time to respond your request

FREE EXTENSION FOR OUR EXISTING CLIENTS


PLEASE TEXT US YOUR NAME AND EMAIL ADDRESS TO 630 464 4464

PH: 630-663-1500 | FAX: 630 388 5663

1001 E. Chicago Ave. Ste.151, Naperville, IL 60540

tax@greatwaystax.com

മലയാളികൾക്ക് മാതൃഭാഷയിൽത്തന്നെ ആശയവിനിമയം നടത്തി ടാക്സ് റിട്ടേൺ ഫയൽ ചെയ്യുന്നതിന് ഞങ്ങളെ വിളിക്കുക



Pramod Zacharias E A
Accountant
630-663-1500



Tino Simon Mundaplackil
Accountant
630-635-3615



Nimmy Pramod
Office Manager
630-780-2044

അമേരിക്ക വാചകം

ദിനോസറുകളുടെ അത്ഭുലോകം ഷിക്കാഗോയിലേക്ക്; നവംബർ 27 മുതൽ 29 വരെ 'ജുറാസിക് ക്വസ്റ്റ്' പ്രദർശനം

ഷിക്കാഗോ: ദശലക്ഷക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് ഭൂമിയിൽ ജീവിച്ചിരുന്ന ഭീമൻ ദിനോസറുകളുടെ അത്ഭുലോകം നേരിൽ കാണാനും അവയുമായി സംവദിക്കാനും അവസരമൊരുക്കുന്ന വമ്പൻ പ്രദർശനമായ 'ജുറാസിക് ക്വസ്റ്റ്' ഷിക്കാഗോയിലെത്തുന്നു. നവംബർ 27 മുതൽ 29 വരെ ഷാംബർഗിലെ കൺവെൻഷൻ സെന്ററിലാണ് മൂന്ന് ദിവസത്തെ പ്രദർശനം നടക്കുന്നത്.

വടക്കേ അമേരിക്കയിലെ ഏറ്റവും വലിയ സഞ്ചരിക്കുന്ന ആനിമട്രോണിക് ദിനോസർ പ്രദർശനങ്ങളിലൊന്നായ ജുറാസിക് ക്വസ്റ്റ്, കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ കൗതുകവും വിജ്ഞാനവും പകരുന്ന പരിപാടിയാണ്. യഥാർത്ഥ ദിനോസറുകളുടെ വലുപ്പത്തിലും രൂപത്തിലും നിർമിച്ച, ചലിക്കുകയും ശബ്ദമുണ്ടാക്കുകയും ചെയ്യുന്ന ദിനോസറുകളാണ് പ്രദർശനത്തിലെ പ്രധാന ആകർഷണം.

ഏകദേശം 60 അടി നീളമുള്ള സ് പൈനോസോറസ്, 80 അടി നീളമുള്ള അപാറ്റോസോറസ്, ഭീമാകാരനായ ടൈറനോസോറസ് റെക്സ് (T. rex) തുടങ്ങിയ ദിനോസറുകളെ അടുത്തുനിന്ന് കാണാൻ സന്ദർശകർക്ക് അവസരമുണ്ട്. ദിനോസറുകളുടെ ചലനങ്ങളും ഗർജനങ്ങളും പുനഃസൃഷ്ടിക്കുന്ന സാങ്കേതികവിദ്യ കുട്ടികൾക്ക് ചരിത്രാതീത കാലഘട്ടത്തിലേക്ക് സഞ്ചരിക്കുന്ന അനുഭവം നൽകും.

ഇത്തവണ മൂന്ന് വ്യത്യസ്ത അനുഭവങ്ങളാണ് സംഘാടകർ ഒരുക്കിയിരിക്കുന്നത്. ദിനോസറുകളുടെ ലോകം പരിചയപ്പെടുത്തുന്ന ജുറാസിക് ക്വസ്റ്റ്, ചരിത്രാതീത സമുദ്രജീവികളെ അവതരിപ്പിക്കുന്ന Ancient Oceans, ഹിമയുഗത്തിലെ ജീവികളെ പരിചയപ്പെടുത്തുന്ന Frozen Frontier എന്നിവയാണ് പ്രധാന വിഭാഗങ്ങൾ. ഭീമൻ മെഗലഡോൺ സ്രാവിന്റെയും വൂളി മാമത്തിന്റെയും മാതൃകകളും പ്രദർശനത്തിലുണ്ടാകും.

കുട്ടികൾക്ക് ചെറിയ ദിനോസർ മാതൃകകളെ തൊട്ടറിയാനും പരിശീലകരുടെ സഹായത്തോടെ റാപ്റ്ററുകളെ പരിശീലിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ പങ്കെടുക്കാനും അവസരമുണ്ട്. ഫോസിലുകൾ കണ്ടെത്താനുള്ള മാതൃകാ ഖനനപ്രവർത്തനങ്ങൾ, ശാസ്ത്രപഠന കേന്ദ്രങ്ങൾ, കരകൗശല പ്രവർത്തനങ്ങൾ എന്നിവയും ഒരുക്കിയിട്ടുണ്ട്.



LEGO മാതൃകയിലുള്ള നിർമാണ ബ്ലോക്കുകൾ ഉപയോഗിച്ച് വിവിധ രൂപങ്ങൾ സൃഷ്ടിക്കാവുന്ന Brick Zone, ഇരുട്ടിൽ പ്രകാശിക്കുന്ന Glow Zone, സ്വന്തമായി നിർമിച്ച വാഹനങ്ങൾ മത്സരിപ്പിക്കാവുന്ന 35 അടി നീളമുള്ള Derby Track എന്നിവ കുട്ടികളുടെ പ്രത്യേക ആകർഷണങ്ങളായിരിക്കും. ദിനോസറുകളുടെ പുറത്തുകയറിയുള്ള റൈഡുകൾ, ബൗൺസ് ഹൗസുകൾ, ചെറിയ ജീപ്പ് റൈഡുകൾ എന്നിവയും ലഭ്യമാണ്.

താങ്ക്സ്ഗിവിങ് അവധിക്കാലത്തോടനുബന്ധിച്ച് നടക്കുന്ന പ്രദർശനത്തിൽ ക്രിസ്മസ് അലങ്കാരങ്ങളും ആഘോഷപരിപാടികളും ഒരുക്കുമെന്നാണ് സംഘാടകർ അറിയിച്ചിരിക്കുന്നത്. കുടുംബസമേതം സന്ദർശിക്കുന്നവർക്ക് ഫോട്ടോകൾ എടുക്കാനുള്ള പ്രത്യേക അവസരങ്ങളും ഉണ്ടായിരിക്കും.

രണ്ട് മുതൽ പത്ത് വയസ്സുവരെയുള്ള കുട്ടികളെ പ്രധാനമായും ലക്ഷ്യമിട്ടാണ് പരിപാടികൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. എന്നാൽ എല്ലാ പ്രായക്കാർക്കും പ്രദർശനം സന്ദർശിക്കാം. ശബ്ദത്തോടും വെളിച്ചത്തോടും പ്രത്യേക സംവേദനക്ഷമതയുള്ള കുട്ടികൾക്കും മറ്റ് സന്ദർശകർക്കുമായി നവംബർ 28 ശനിയാഴ്ച രാവിലെ എട്ട് മുതൽ ഒമ്പതുവരെ ശബ്ദം കുറച്ചുള്ള പ്രത്യേക സെഷനും ക്രമീകരിച്ചിട്ടുണ്ട്.

പ്രദർശന സമയവും ടിക്കറ്റ് നിരക്കുകളും

നവംബർ 27 വെള്ളിയാഴ്ച ഉച്ചയ്ക്ക് ഒരു മണി മുതൽ വൈകുന്നേരം ആറുവരെയും, നവംബർ 28 ശനിയാഴ്ച രാവിലെ എട്ട് മുതൽ രാത്രി എട്ടുവരെയും, നവംബർ 29 ഞായറാഴ്ച രാവിലെ ഒമ്പത് മുതൽ വൈകുന്നേരം അഞ്ചുവരെയുമാണ് പ്രദർശനം.

രണ്ട് മുതൽ പത്ത് വയസ്സുവരെയുള്ള കുട്ടികൾക്കുള്ള ജനറൽ അഡ്മിഷൻ ടിക്കറ്റുകൾ 26 ഡോളർ മുതലാണ്. റൈഡുകളും മറ്റ് അധിക വിനോദങ്ങളും ഉൾപ്പെടുന്ന അൾട്ടിമേറ്റ് ടിക്കറ്റിന് 40 ഡോളറും വിഐപി ഡൈനോ-മൈറ്റ് ടിക്കറ്റിന് 85 ഡോളറുമാണ് പ്രാരംഭ നിരക്ക്. പതിനൊന്ന് വയസ്സും അതിലധികവും പ്രായമുള്ളവർക്കുള്ള ജനറൽ അഡ്മിഷൻ 26 ഡോളറാണ്. നികുതിയും അധിക ഫീസും വേറെയായിരിക്കും.

രണ്ട് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സാധാരണ പ്രവേശനം സൗജന്യമാണ്.

ജനറൽ അഡ്മിഷനിൽ പ്രധാന പ്രദർശനങ്ങളും നിരവധി പഠനപ്രവർത്തനങ്ങളും ഉൾപ്പെടുന്നുണ്ടെങ്കിലും ദിനോസർ റൈഡുകൾക്കും ബൗൺസ് ഹൗസുകൾക്കും അധിക ടിക്കറ്റോ ഉയർന്ന വിഭാഗത്തിലുള്ള പ്രവേശന ടിക്കറ്റോ ആവശ്യമാണ്.

പ്രദർശനവേദി: Schaumburg Convention Center, 1551 Thoreau Drive North, Schaumburg, Illinois 60173.

ഷിക്കാഗോയിലും സമീപപ്രദേശങ്ങളിലും താമസിക്കുന്ന കുടുംബങ്ങൾക്ക് താങ്ക്സ്ഗിവിങ് അവധിക്കാലത്ത് കുട്ടികളോടൊപ്പം ആസ്വദിക്കാവുന്ന വ്യത്യസ്തമായ വിനോദവിജ്ഞാന അനുഭവമായിരിക്കും ജുറാസിക് ക്വസ്റ്റ്.

ദിനോസറുകളെ പുസ്തകങ്ങളിലും സിനിമകളിലും മാത്രം കണ്ടിട്ടുള്ള കുട്ടികൾക്ക് അവയുടെ ഭീമാകാര മാതൃകകൾ അടുത്തുനിന്ന് കാണാനും ചരിത്രാതീത ജീവജാലങ്ങളെക്കുറിച്ച് പഠിക്കാനുമുള്ള അപൂർവ അവസരമാണിത്.

◗ *അനിൽ മുത്തിക്കുന്നേൽ*





മണ്ണെണ്ണ കേന്ദ്രം കൂട്ടിത്തരില്ല, ഒറ്റത്തവണ അധിക വിഹിതം പരിഗണിക്കും



തിരുവനന്തപുരം: വെട്ടിക്കുറച്ച മണ്ണെണ്ണ വിഹിതം കേരളത്തിനായി പുനഃസ്ഥാപിക്കാനാവില്ലെന്നു കേന്ദ്ര പെട്രോളിയം മന്ത്രാലയം. പ്രത്യേക സാഹചര്യങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനം വീണ്ടും അപേക്ഷ സമർപ്പിച്ചാൽ ഒറ്റത്തവണ അനുവദിക്കുന്ന കാര്യം പരിഗണിക്കാമെന്ന് കേന്ദ്രസഹമന്ത്രി സുരേഷ്ഗോപി മന്ത്രി അനൂപ് ജേക്കബിനെ അറിയിച്ചു.

മന്ത്രി അനൂപ് ജേക്കബ് ഡൽഹിയിലെ കർത്തവ്യഭവനിൽ സുരേഷ് ഗോപിയും പെട്രോളിയം വകുപ്പ് ഉദ്യോഗസ്ഥരുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് നിലപാട് വ്യക്തമാക്കിയത്. 5,676 കിലോലിറ്ററായിരുന്നു കേരളത്തിനുള്ള വിഹിതം.

2025ലും 2026 മാർച്ചിലും 4,068 കിലോ ലിറ്റർ അനുവദിച്ചപ്പോൾ അതുപോലും പൂർണമായും ഏറ്റെടുത്തില്ല. ഇതോടെ, 2026 ഏപ്രിൽ മുതൽ കേരളത്തിന്റെ ത്രൈമാസ മണ്ണെണ്ണ വിഹിതം 4,068 കിലോലിറ്ററായി കേന്ദ്രം സ്ഥിരപ്പെടുത്തുകയായിരുന്നു. അനുവദിച്ച മുഴുവൻ മണ്ണെണ്ണയും ഏറ്റെടുക്കാതിരുന്നതിന്റെ കാരണം മുൻ സംസ്ഥാന സർക്കാർ മന്ത്രാലയത്തെ അറിയിച്ചിരുന്നില്ല.

ഇതേത്തുടർന്നാണ് 2025–26 മുതൽ സബ്സിഡിയില്ലാത്ത വിഭാഗങ്ങൾക്കുള്ള മണ്ണെണ്ണ വിഹിതം കേന്ദ്രം നിർത്തലാക്കിയതെന്ന് ഉദ്യോഗസ്ഥർ പറയുന്നു.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ, കുടിയേറ്റ തൊഴിലാളികൾ, മറ്റു ദുർബല വിഭാഗങ്ങൾ എന്നിവരുടെ ആവശ്യങ്ങൾ പരിഗണിച്ച് ഒരു പാദത്തിൽ 5,496 കിലോലിറ്റർ അധിക മണ്ണെണ്ണ വിഹിതമാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരിക്കുന്നത്. നിലവിലെ വിഹിതം ഉപയോഗിച്ച് ഏകദേശം 95.5 ലക്ഷം റേഷൻ കാർഡ് ഉടമകൾക്ക് ഓരോ പാദത്തിലും അര ലിറ്റർ മണ്ണെണ്ണയാണ് വിതരണം ചെയ്യുന്നത്. ഇത് ഒരു ലിറ്ററായി ഉയർത്തുകയാണ് സംസ്ഥാനത്തിന്റെ ലക്ഷ്യം.


കൂടിക്കാഴ്ചയിൽ കേന്ദ്ര പെട്രോളിയം സെക്രട്ടറി ഡോ. നീരജ് മിത്തൽ, ഫിഷറീസ് സെക്രട്ടറി ഡോ. അഭിലക്ഷ് ലിഖി, സംസ്ഥാന ഭക്ഷ്യപൊതുവിതരണ സെക്രട്ടറി ഡി. ബാലമുരളി തുടങ്ങിയവരും പങ്കെടുത്തു.

സ്വകാര്യ സർവകലാശാലാ ബില്ലിന് മന്ത്രിസഭയുടെ അംഗീകാരം: മലയാളികൾക്ക് 25% സീറ്റുകൾ; ഫീസിളവ്, പിന്നോക്ക സംവരണം

തിരുവനന്തപുരം: എല്ലാ കോഴ്സുകളിലും 25ശതമാനം സീറ്റുകൾ മലയാളികൾക്കായി മാറ്റിവയ്ക്കാനും അതിൽ പിന്നോക്ക സംവരണവും പാവപ്പെട്ടവർക്ക് ഫീസ് സബ്സിഡിയും ഉറപ്പാക്കാനും വ്യവസ്ഥ ചെയ്ത സ്വകാര്യ സർവകലാശാല ബില്ലിന് മന്ത്രിസഭായോഗം അംഗീകാരം നൽകി. സംവരണവും ഫീസിളവും ഉറപ്പാക്കാൻ സർക്കാരുമായി സർവകലാശാല കരാറൊപ്പിടണം. 30നു തുടങ്ങുന്ന നിയമസഭാ സമ്മേളനത്തിൽ ബിൽ അവതരിപ്പിക്കും.

അത്യാധുനിക കോഴ്സുകളിൽ പാവപ്പെട്ടവർക്കും പ്രവേശനം ഉറപ്പാക്കാനാണ് ഫീസ് സബ്സിഡി. പ്രൊഫഷണൽ കോഴ്സുകളിലെ ഫീസ് നിശ്ചയിക്കുന്നതിട്ട.ഹൈക്കോടതി ജഡ്ജി അദ്ധ്യക്ഷനായ ഫീ റഗുലേറ്ററി കമ്മിറ്റിയെ ചുമതലപ്പെടുത്തും. പ്രവേശനത്തിൽ ഉൾപ്പെടെ ഉയരുന്ന പരാതികൾ പരിഗണിക്കാനും സംവിധാനമുണ്ടാവും. ഗവ.സെക്രട്ടറിയോ സർക്കാർ നിർദ്ദേശിക്കുന്ന പ്രൊഫസറോ സർവകലാശാലയുടെ ഗവേണിംഗ് ബോഡിയിലുണ്ടാവും. പരാതികളിൽ സ്വകാര്യയൂണി. ചാൻസലറോട് വിശദീകരണം തേടാനും സർക്കാരിന് അധികാരമുണ്ടാവും. പ്രൊമോട്ടിംഗ് ഏജൻസി നിശ്ചയിക്കുന്നയാളാവും ചാൻസലർ.

പത്തേക്കർ ഭൂമിയുമുള്ള ട്രസ്റ്റുകൾക്കും ഏജൻസികൾക്കും ഗ്രൂപ്പുകൾക്കും അപേക്ഷിക്കാം. ഒന്നിലേറെ നഗരങ്ങളിൽ ക്യാമ്പസുകൾ അനുവദിക്കും. നഗരങ്ങളിൽ പത്തേക്കർ ഒരുമിച്ച് ലഭിക്കാനുള്ള പ്രയാസം കണക്കിലെടുത്താണിത്. സർവകലാശാല ആരംഭിക്കാൻ ട്രഷറിയിൽ സ്ഥിരനിക്ഷേപം എത്രയാവണമെന്ന് ഓരോ അപേക്ഷയും പരിശോധിച്ച് വിദഗ്ദ്ധസമിതി തീരുമാനിക്കും. ആകെയിൽ തുക നിർദ്ദേശിക്കില്ല. കൂടുതൽ ഭൂമി കൈവശമുള്ളവർക്ക് നിക്ഷേപം കുറയ്ക്കും. കോഴ്സുകളുടെയും വിദ്യാർത്ഥികളുടെയും എണ്ണത്തിന് അനുസരിച്ച് നിക്ഷേപത്തുക നിശ്ചയിക്കും. മാനേജ്മെന്റിന് അന്താരാഷ്ട്ര പങ്കാളിത്തത്തിനും അനുമതി നൽകും. അതോടെ വിദേശ സർവകലാശാലകൾക്കും കേരളത്തിലെത്താം.



പരിസ്ഥിതി, അഗ്നിശമനസേന, ടൗൺപ്ലാനിംഗ് വകുപ്പുകളുടെയടക്കം അനുമതികൾ ഏകജാലകസംവിധാനത്തിലൂടെ ലഭ്യമാക്കും. ഒരു ഡസനിലേറെ ഏജൻസികൾ സ്വകാര്യസർവകലാശാലയ്ക്കായി രംഗത്തുണ്ട്.

റവന്യൂ ഇളവിന് പ്രത്യേകബിൽ

സ്വകാര്യസർവകലാശാലയ്ക്കുള്ള ഭൂമിയുടെ സ്റ്റാമ്പ്ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ചാർജുകളിലും സംരംഭകർക്ക് ഇളവ് പ്രഖ്യാപിക്കുന്നതിൽ റവന്യൂമന്ത്രി എ.പി.അനിൽകുമാർ എതിർപ്പുന്നയിച്ചു. കെട്ടിടനിർമ്മാണത്തിന് കൃഷിഭൂമി തരംമാറ്റാൻ അനുവദിക്കുന്നതിലും എതിർപ്പുണ്ടായി.

സർവകലാശാലയ്ക്ക് മാത്രമല്ല, വ്യവസായങ്ങൾക്കും ഇളവുകൾ നൽകേണ്ടിവരുമെന്നും ഇതിനായി റവന്യൂവകുപ്പ് ബിൽ കൊണ്ടുവരുമെന്നും മന്ത്രി വ്യക്തമാക്കി. അതോടെ ഇളവിനുള്ള വ്യവസ്ഥ സർവകലാശാല ബില്ലിൽ നിന്ന് ഒഴിവാക്കി.

മന്ത്രി വിസിറ്റർ, അധികാരമില്ല


ഉന്നതവിദ്യാഭ്യാസമന്ത്രി വിസിറ്ററാവും. അധികാരമുണ്ടാവില്ല. ഉപദേശവും ശുപാർശയും നൽകാം. സർവകലാശാല സ്വീകരിക്കണമെന്ന് നിർബന്ധമില്ല. ബിരുദദാനചടങ്ങിൽ പങ്കെടുക്കാം. പരാതികളിൽ വിശദീകരണം തേടാം. സർക്കാർ നിയന്ത്രിത ഏജൻസികളായ ഐ.എച്ച്.ആർ.ഡി, കേപ്പ് എന്നിവയ്ക്കും സർവകലാശാലയാവാമെന്നത് പരിഗണിച്ചാണ് മന്ത്രിയെ വിസിറ്ററാക്കിയത്.

ഐക്യരാഷ്ട്രസഭ സർവകലാശാല കൊച്ചിയിൽ

ജപ്പാൻ ആസ്ഥാനമായ യുണൈറ്റഡ് നേഷൻസ് യൂണിവേഴ്സിറ്റിയുടെ ക്യാമ്പസ് കൊച്ചിയിൽ ആരംഭിക്കും. 'യുണൈറ്റഡ് നേഷൻസ് യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓൺ കംപാരറ്റീവ് റീജിയണൽ ഇന്റഗ്രേഷൻ സ്റ്റഡീസിന്റെ ക്യാമ്പസാണ് വരുന്നത്. കളമശ്ശേരിയിലെ കുസാറ്റ് ക്യാമ്പസാണ് പരിഗണനയിൽ.







കോഴിക്കോട്ടും കൊൽക്കത്തയിലും കോടികൾ കവർന്ന പുതിയ എഐ തട്ടിപ്പ് രീതികൾ!

ഫോണിന്റെ മറുതലയ്ക്കൽ സംസാരിക്കുന്നത് ഉറ്റബന്ധുവാണോ അതോ പ്രമുഖ വ്യവസായ പ്രമുഖനാണോ എന്ന് പോലും തിരിച്ചറിയാനാവാത്ത വിധം ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യയെ സൈബർ തട്ടിപ്പുകാർ ആയുധമാക്കുമ്പോൾ, കഴിഞ്ഞ മൂന്ന് മാസത്തിനിടെ രാജ്യത്തെ ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് മാത്രം കൊള്ളയടിക്കപ്പെട്ടത് മുന്നൂറ് കോടിയിലധികം രൂപയാണ്!

2026 നവംബർ പകുതിയോടെ പുറത്തുവന്ന ഞെട്ടിക്കുന്ന സൈബർ ക്രൈംറിപ്പോർട്ടുകൾപ്രകാരം,കേവലം വ്യാജ സന്ദേശങ്ങൾ അയക്കുന്ന പരമ്പരാഗത രീതികൾ ഉപേക്ഷിച്ച് ധനകാര്യ സ്ഥാപനങ്ങളുടെ ലോൺ ആപ്പുകളിലും ക്ലൗഡ് സെർവറുകളിലും നേരിട്ട് നുഴഞ്ഞുകയറുന്ന അതിസങ്കീർണ്ണമായ എഐ ഹാക്കിംഗ് തന്ത്രങ്ങളാണ് കുറ്റവാളികൾ ഇപ്പോൾ പയറ്റുന്നത്. കോഴിക്കോട്ടെ വ്യവസായിക്ക് ഒന്നരക്കോടിയോളം രൂപ നഷ്ടമായ ഡീപ്ഫേക്ക് നിക്ഷേപ തട്ടിപ്പ് മുതൽ, ഒക്ടോബറിൽ ഒരു ധനകാര്യ സ്ഥാപനത്തിൽ നിന്ന് മൂന്ന് കോടി രൂപ തട്ടിയെടുക്കാൻ ഉപയോഗിച്ച ചൈനീസ് എഐ പ്ലാറ്റ്ഫോം വരെ ഈ വിപത്തിന്റെ ആഴം വ്യക്തമാക്കുന്നു.ശബ്ദാനുകരണവുംസിസ്റ്റംഹാക്കിംഗും സംയോജിപ്പിച്ച് സൈബർ തട്ടിപ്പുകാർ നടത്തുന്ന ഈ പുതിയ കൊള്ളയുടെ രീതികളും, സാധാരണക്കാരുംസ്ഥാപനങ്ങളുംപാലിക്കേണ്ടകർശനമായ സുരക്ഷാ മുൻകരുതലുകളും താഴെ വിശദമായി പരിശോധിക്കാം...



എൻബിഎഫ്സി സെർവറുകളിലെ നുഴഞ്ഞുകയറ്റവും മൂന്നൂറ് കോടിയുടെ സൈബർ കൊള്ളയും

ധനകാര്യ സ്ഥാപനങ്ങളുടെ സുരക്ഷാ സംവിധാനങ്ങളെ മറികടന്ന് പണം തട്ടിയെടുക്കാൻ തട്ടിപ്പുകാർ സ്വീകരിക്കുന്ന പുതിയ സാങ്കേതിക വഴികൾ താഴെ വ്യക്തമാക്കുന്നു.

ലോൺ ആപ്പുകളിലെ മാൽവെയർ ആക്രമണങ്ങൾ

ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങളുടെ വായ്പാ അപേക്ഷകൾ സ്വീകരിക്കുന്ന വെബ്സൈറ്റുകളിലും മൊബൈൽ ആപ്പുകളിലും തട്ടിപ്പുകാർ പ്രത്യേക മാൽവെയറുകൾ നിക്ഷേപിക്കുന്നു. ഏഴ് മുതൽ എട്ട് ദിവസം വരെ സിസ്റ്റത്തിനുള്ളിൽ ഒളിച്ചിരിക്കുന്ന ഈ സോഫ്റ്റ്വെയർ, അംഗീകാരം ലഭിച്ചതും എന്നാൽ ഉപഭോക്താക്കൾക്ക് പണം കൈമാറാത്തതുമായ വായ്പകളുടെ വിവരങ്ങൾ രഹസ്യമായി ശേഖരിക്കുന്നു.

മ്യൂൾ അക്കൗണ്ടുകളിലേക്കുള്ള പണം മാറ്റൽ

വായ്പാ തുക വിതരണം ചെയ്യുന്ന ഘട്ടത്തിൽ എഐ സഹായത്തോടെ തയ്യാറാക്കിയ കമാൻഡ് സ്ക്രിപ്റ്റുകൾ ഉപയോഗിച്ച്തട്ടിപ്പുകാർസിസ്റ്റത്തിൽഇടപെടുന്നു. യഥാർത്ഥ ഉപഭോക്താവിന്റെബാങ്ക്അക്കൗണ്ട്നമ്പറിന്പകരംതട്ടിപ്പുകാരുടെനിയന്ത്രണത്തിലുള്ളവ്യാജ അക്കൗണ്ട് നമ്പറുകൾ തിരുകിക്കയറ്റി പണം നേരിട്ട് സ്വന്തം അക്കൗണ്ടുകളിലേക്ക് മാറ്റുകയാണ് ചെയ്യുന്നത്.

ഫയർവാളുകളെ കബളിപ്പിക്കുന്ന എഐ ടൂളുകൾ

കമ്പനികളുടെ ക്ലൗഡ് സെർവറുകളിലെയും ഫയർവാളുകളിലെയും സുരക്ഷാ പഴുതുകൾ കണ്ടെത്താൻ കുറ്റവാളികൾ നൂതന എഐ ഉപകരണങ്ങൾ ഉപയോഗിക്കുന്നു. ഒക്ടോബറിൽ നടന്ന മൂന്ന് കോടി രൂപയുടെ തട്ടിപ്പിൽ ഫയർവാളുകളെ സാധാരണ ഇടപാടാണെന്ന് തെറ്റിദ്ധരിപ്പിക്കാൻ ചൈനീസ് എഐ പ്ലാറ്റ്ഫോമായ സൈബർസ് ട്രൈക്ക് എഐ ഉപയോഗിച്ചതായി അന്വേഷണ ഏജൻസികൾ കണ്ടെത്തിയിട്ടുണ്ട്.

ശബ്ദാനുകരണവും ഡീപ്ഫേക്ക് വീഡിയോകളും ഉപയോഗിച്ചുള്ള തട്ടിപ്പുകൾ

സാങ്കേതികവിദ്യയ്ക്കൊപ്പം മനുഷ്യന്റെ വിശ്വാസത്തെയും വൈകാരികതയെയും ചൂഷണം ചെയ്യുന്ന രീതികളും വ്യാപകമാവുകയാണ്.

കോഴിക്കോട്ടും പൂനെയിലും നടന്ന ഡീപ്ഫേക്ക് നിക്ഷേപ തട്ടിപ്പുകൾ

2026 നവംബർ പതിനഞ്ചിന് കോഴിക്കോട്ടെഅറുപത്തിമൂന്നുകാരനായവ്യവസായിക്ക് ഓൺലൈൻ ട്രേഡിംഗിലൂടെ ഒന്നേകാൽ കോടിയിലധികം രൂപ നഷ്ടമായത് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമന്റെ വ്യാജ എഐ വീഡിയോ കണ്ട് വിശ്വസിച്ചതിനെ തുടർന്നാണ്. സമാനമായി ഓഗസ്റ്റിൽ പൂനെയിലെ ഒരു വ്യവസായിക്ക് ഒരു കോടിയിലധികം രൂപ നഷ്ടമായതും ഇതേ രീതിയിലുള്ള ഡീപ്ഫേക്ക് നിക്ഷേപ പരസ്യങ്ങളിൽ കുടുങ്ങിയാണ്.

മൂന്ന് സെക്കൻഡ് ശബ്ദം കൊണ്ട് നടത്തുന്ന വോയ്സ് ക്ലോണിംഗ്

സോഷ്യൽ മീഡിയ വീഡിയോകളിൽ നിന്നോ ഫോൺ സംഭാഷണങ്ങളിൽ നിന്നോ ലഭിക്കുന്ന കേവലം മൂന്ന് സെക്കൻഡ് ദൈർഘ്യമുള്ള ശബ്ദം ഉപയോഗിച്ച് ഒരാളുടെ ശബ്ദം കൃത്യമായി അനുകരിക്കാൻ തട്ടിപ്പുകാർക്ക് സാധിക്കുന്നു. 2026 നവംബർ അഞ്ചിന് കൊൽക്കത്തയിലെഒരു വനിതാസംരംഭകയ്ക്ക് പരിചയക്കാരന്റെ ശബ്ദത്തിൽ വന്ന വ്യാജ ഫോൺ കോളിലൂടെ ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ നഷ്ടമായിരുന്നു.

മേലുദ്യോഗസ്ഥരുടെ പേരിലുള്ള അടിയന്തര നിർദ്ദേശങ്ങൾ

കമ്പനികളുടെ മാനേജിംഗ് ഡയറക്ടർമാരുടെയോ ഫിനാൻസ് മേധാവികളുടെയോ ശബ്ദം അനുകരിച്ച് അക്കൗണ്ട് വിഭാഗത്തിലെ ജീവനക്കാരെ വിളിച്ച് അടിയന്തരമായി പണം കൈമാറാൻ ആവശ്യപ്പെടുന്ന രീതിയും വർദ്ധിച്ചുവരുന്നു. പരിചിതമായ ശബ്ദം കേൾക്കുമ്പോൾ ജീവനക്കാർ മറ്റ് പരിശോധനകൾനടത്താതെപണംകൈമാറുന്നതാണ് വൻ നഷ്ടങ്ങൾക്ക് കാരണമാകുന്നത്.

എഐ സൈബർ തട്ടിപ്പുകളിൽ നിന്ന് രക്ഷപ്പെടാൻ പാലിക്കേണ്ട മുൻകരുതലുകൾ

അതിവേഗം മാറുന്ന സൈബർ ഭീഷണികളെ പ്രതിരോധിക്കാൻ സാധാരണക്കാരും സ്ഥാപനങ്ങളും അടിയന്തരമായി സ്വീകരിക്കേണ്ട സുരക്ഷാ നടപടികൾ താഴെ നൽകുന്നു.

മറ്റൊരു നമ്പറിൽ വിളിച്ച് സ്ഥിരീകരിക്കുക

ബന്ധുക്കളോ സുഹൃത്തുക്കളോ മേലുദ്യോഗസ്ഥരോ ഫോണിലൂടെയോ വീഡിയോ കോളിലൂടെയോ അടിയന്തരമായി പണം ആവശ്യപ്പെട്ടാൽ ഉടൻ പണം അയക്കരുത്. ഫോൺ കട്ട് ചെയ്ത ശേഷം നിങ്ങളുടെ കൈവശമുള്ള അവരുടെ പഴയ വിശ്വസ്ത നമ്പറിലേക്ക് തിരിച്ചുവിളിച്ച് കാര്യം സത്യമാണെന്ന് ഉറപ്പുവരുത്തുക.

കുടുംബാംഗങ്ങൾക്കിടയിൽ രഹസ്യ കോഡ് നിശ്ചയിക്കുക

അടിയന്തര ഘട്ടങ്ങളിൽ ആളെ തിരിച്ചറിയുന്നതിനായി അടുത്ത കുടുംബാംഗങ്ങൾക്കിടയിൽ മാത്രം അറിയാവുന്ന ഒരു രഹസ്യ വാക്കോ ചോദ്യമോ മുൻകൂട്ടി നിശ്ചയിച്ചു വെക്കുക. ശബ്ദം അനുകരിക്കുന്ന എഐ സംവിധാനങ്ങൾക്ക് ഇത്തരം രഹസ്യ കോഡുകൾ പറയാൻ സാധിക്കില്ല എന്നതിനാൽ തട്ടിപ്പ് എളുപ്പത്തിൽ തിരിച്ചറിയാം.

നിക്ഷേപ വീഡിയോകളുടെ ആധികാരികത പരിശോധിക്കുക

പ്രമുഖ വ്യക്തികളോ സർക്കാർ ഉദ്യോഗസ്ഥരോ നിക്ഷേപ പദ്ധതികൾ ശുപാർശ ചെയ്യുന്ന വീഡിയോകൾ സോഷ്യൽ മീഡിയയിൽ കണ്ടാൽ അവയുടെ ഔദ്യോഗിക സ്രോതസ്സുകൾ പരിശോധിക്കുക. സംശയാസ്പദമായ ലിങ്കുകളിൽ ക്ലിക്ക് ചെയ്യുകയോ ഒടിപി, ബാങ്ക് പിൻ നമ്പറുകൾ എന്നിവ പങ്കുവെക്കുകയോ ചെയ്യരുത്.

തട്ടിപ്പിനിരയായാൽ ഉടൻ 1930ൽ വിളിക്കുക

ഏതെങ്കിലും തരത്തിലുള്ള സൈബർ തട്ടിപ്പിന് ഇരയായാൽ ഒരു നിമിഷം പോലും പാഴാക്കാതെ ദേശീയ സൈബർ ക്രൈം ഹെൽപ്പ്ലൈൻ നമ്പറായ 1930ൽ വിളിച്ച് പരാതി രജിസ്റ്റർ ചെയ്യുക. തട്ടിപ്പ് നടന്ന് ആദ്യ മണിക്കൂറുകളിൽ തന്നെ അറിയിച്ചാൽ നഷ്ടപ്പെട്ട പണം ബാങ്ക് അക്കൗണ്ടുകളിൽ തടഞ്ഞുവെക്കാൻ സാധിക്കും.



തകരാറാകാതെ വൈദ്യുതി കരാർ; 'ലോ വോൾട്ടേജ്' സുതാര്യത



കേരളത്തിലെ വൈദ്യുതിക്ഷാമത്തിന് പരിഹാരം കാണാനുള്ള സർക്കാർ നീക്കങ്ങൾ അതിന്റെ സുതാര്യമില്ലായ്മ കാരണം വിവാദമായി. പക്ഷേ, കെ.പി.സി.സി അധ്യക്ഷ സ്ഥാനമുള്ള വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയുമായുള്ള ശീതസമരം പരസ്യമായതോടെ മൊട്ടിട്ട പ്രതിപക്ഷ ആനന്ദത്തിന് പൊടുന്നനേ വൃദ്ധിക്ഷയം വന്നു. കോൺഗ്രസിലും സർക്കാരിലും വൈദ്യുതി കരാർ മൂലം 'ഷോർട്ട് സർക്യൂട്ട്' ഉണ്ടാകുമെന്ന് സി.പി.എം കരുതിയെങ്കിലും അത് വൃഥാമോഹമായി. വൈദ്യുതി നിയന്ത്രണം ഒഴിവാക്കുന്നതിനായി, ഉയർന്ന നിരക്കിലുള്ള രണ്ട് ഉഭയകക്ഷി വൈദ്യുതി വാങ്ങൽ കരാറുകളിൽ യു.ഡി.എഫ് സർക്കാർ ഏർപ്പെട്ട നടപടി മുഖ്യമന്ത്രി വി.ഡി. സതീശനെയും വൈദ്യുതി മന്ത്രി സണ്ണി ജോസഫിനെയും തമ്മിൽ കൂടുതൽ അടുപ്പിച്ച തായാണിപ്പോഴത്തെ വിലയിരുത്തൽ.

പ്രതിസന്ധി പരിഹരിക്കാനായി മാർച്ച് 31 വരെ, സ്വകാര്യ പ്ലാറ്റ്ഫോമായ ജി.എൻ.എ എനർജിയിൽനിന്ന് വൈദ്യുതി വാങ്ങുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനമാണ് വിവാദത്തിന് നേരത്തെ തിരി കൊളുത്തിയത്. ഹിമാചലിൽനിന്ന് വൈദ്യുതി എത്തിക്കുമെന്നായിരുന്നു കെ.എസ്.ഇ.ബിയും വകുപ്പ് മന്ത്രി സണ്ണി ജോസഫും മുമ്പ് അറിയിച്ചിരുന്നത്.

എന്നാൽ, ഹിമാചലിൽനിന്ന് വാങ്ങുമ്പോൾ 2,232 കോടിയുടെ അധിക ബാധ്യത വരുമെന്നും വൈദ്യുതി ഉപയോഗം കൂടുതലുള്ള സമയങ്ങളിൽ കൂടുതൽ വാഗ്ദാനം ചെയ്യുന്നത് ജി.എൻ.എ ആണെന്നും മുഖ്യമന്ത്രി പറഞ്ഞു. എന്നാൽ, ഈ വാദങ്ങളും കെ.എസ്.ഇ.ബി സർക്കാരിനെ അറിയിച്ച കണക്കുകളും പരസ്പര വിരുദ്ധമാണെന്ന് വൈദ്യുതി ബോർഡിന്റെ തന്നെ കത്ത് സാക്ഷ്യപ്പെടുത്തി. സംസ്ഥാനത്ത് കൃത്രിമമായി വൈദ്യുതിക്ഷാമമുണ്ടാക്കി, മുഖ്യമന്ത്രി ദുരൂഹമായ കരാറിനൊരുങ്ങുകയാണെന്നാണ് പ്രതിപക്ഷനേതാവ് പിണറായി വിജയൻ ആരോപിച്ചത്.

സമീപ കാലത്തൊന്നും ദൃശ്യമായിട്ടില്ലാത്ത വിധം, കനത്ത വൈദ്യുതി പ്രതിസന്ധിയിലൂടെയാണ് കേരളം കടന്നുപോയിക്കൊണ്ടിരിക്കുന്നത്. കാലാവസ്ഥയിലുണ്ടായ മാറ്റം, മഴക്കുറവ് തുടങ്ങിയ പ്രകൃതിപരമായ ഘടകങ്ങളും പുതിയൊരു വൈദ്യുതി കരാറിന്റെ അഭാവവുമായിരുന്നു ഈ പ്രതിസന്ധിയുടെ കാരണമെന്നു വ്യക്തം. പുറത്തുനിന്ന് അധികവൈദ്യുതി വാങ്ങുകയാണ് താൽക്കാലിക പരിഹാരം. ഇതിനായി, സർക്കാരിന് മുന്നിൽവന്ന നിർദേശങ്ങൾ പഠിക്കാൻ കെ.എസ്.ഇ.ബിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

ഹിമാചൽ, ജി.എൻ.എ എന്നിവ സമർപ്പിച്ച കരാർ വിലയിരുത്തി മെച്ചപ്പെട്ടത് തിരഞ്ഞെടുക്കുക എന്നതായിരുന്നു ഇതിൽ മുഖ്യം. ജി.എൻ.എയുടെ വൈദ്യുതി വാങ്ങിയാൽ 1566 കോടി രൂപയാണ് ചെലവ്. എന്നാൽ, ഹിമാചൽ പ്രദേശിൽനിന്നുള്ള നിലവിലെ 12.50 രൂപ നിരക്കിൽ തന്നെ വാങ്ങിയാൽ ചെലവ് 1105 കോടി രൂപമാത്രം; നിരക്ക് രണ്ട് രൂപ കൂട്ടിയാലും 1281 കോടി രൂപ മാത്രമായിരിക്കും നൽകേണ്ടി വരിക.

മറ്റൊരർഥത്തിൽ, ജി.എൻ.എയുമായുള്ള ഇടപാടിൽ 285 കോടി മുതൽ 461 കോടി രൂപവരെ അധികചെലവ് വരും. ഇതിനുപുറമെ, ഹിമാചൽ പ്രദേശിൽനിന്ന് ശരാശരി 900 മെഗാവാട്ട് ലഭിക്കാമായിരുന്നിടത്ത് ജി.എൻ.എ വഴി ലഭിക്കുക 500 മെഗാവാട്ട് മാത്രം. അപ്പോൾ, പീക്ക് സമയ ആവശ്യകത നിറവേറ്റാൻ പുറത്തുനിന്ന് അധിക വൈദ്യുതി വാങ്ങേണ്ടിവരും. അതിന് 450 കോടി രൂപകൂടി അധികമായി കാണണം. മാത്രമല്ല, ഏപ്രിൽ മാസത്തിൽ ജി.എൻ.എയുടെ കരാറിൽ വൈദ്യുതി വിതരണമില്ല; ഹിമാചലിന്റെ കരാറിൽ ആ മാസംകൂടി ഉൾപ്പെടുത്തിയിട്ടുമുണ്ട്.

ചുരുക്കത്തിൽ, ജി.എൻ.എയിൽനിന്ന് വൈദ്യുതി വാങ്ങിയാൽ ഏറ്റവും ചുരുങ്ങിയത് 730 കോടി രൂപയുടെ അധികബാധ്യതയുണ്ടാകുമെന്നായിരുന്നു പുറത്തുവന്ന കണക്ക്. ഇക്കാര്യങ്ങളത്രയും ദിവസങ്ങൾക്കുമുമ്പ്, വകുപ്പ് മന്ത്രിയും സൂചിപ്പിച്ചതാണ്. എന്നാൽ, ഇതെല്ലാം മറച്ചുവെച്ച് ഹിമാചൽ പ്രദേശിന്റെ 14.50 രൂപ നിരക്കും ജി.എൻ.എയുടെ 8.63 രൂപ നിരക്കും തമ്മിൽ താരതമ്യം ചെയ്ത് മികച്ച 'ഓഫർ' ഏതെന്ന് ഉയർത്തിക്കാട്ടാനാണ് മുഖ്യമന്ത്രി ശ്രമിച്ചത്.

ഇപ്പോഴത്തെ കരാറിന് റെഗുലേറ്ററി കമീഷന്റെ അനുമതിയില്ലെന്നതും ചൂണ്ടിക്കാണിക്കപ്പെട്ടു. ടെൻഡർ നടപടികളോ റെഗുലേഷൻ അനുമതിയോ ഇല്ലാതെ വൈദ്യുതി വാങ്ങാനാവില്ലെന്നാണ് നിയമം. വൈദ്യുതി നിയമത്തിലെ സെക്ഷൻ 62, 63 പ്രകാരം വാങ്ങൽ വിലനിർണയിക്കേണ്ടത് റെഗുലേറ്ററികമ്മീഷൻ അംഗീകരിച്ച രീതിയിലൂടെയോ മത്സരാധിഷ്ഠിത ടെൻഡറിലൂടെയോ ആയിരിക്കണം. റെഗുലേറ്ററി കമീഷന് മുന്നിലുള്ള കണക്കുകൾ പ്രകാരം നടപ്പുമാസം തൊട്ട് മാർച്ച് വരെ എസ്.ഇ.സി.ഐ സോളാർ പദ്ധതി, ബാറ്ററി സംഭരണശേഷി, കേന്ദ്രവിഹിതം തുടങ്ങിയവയിൽ നിന്നായി വലിയ അളവിൽ വൈദ്യുതി ലഭ്യമാക്കേണ്ടതാണ്.

മുഖ്യമന്ത്രിയുടെ വൈദ്യുതിക്ഷാമ കണക്കുകളിൽ ഇതില്ല. അഥവാ, കിട്ടാനുള്ളത് ലഭ്യമാക്കുകയും സിന്നാർ പോലുള്ള വൈദ്യുതി നിലയങ്ങളിൽ നിന്ന് കൂടുതൽ വൈദ്യുതി എത്തിക്കുകയും ചെയ്താൽ ഏപ്രിൽവരെ കുഴപ്പമില്ലാതെ മുന്നോട്ടുപോകാമെന്നതാണ് വസ്തുത. അതിനിടയിൽ, ജി.എൻ.എയുമായി തിടുക്കപ്പെട്ടൊരു കരാർ എന്തിനാണെന്നതായിരുന്നു ചോദ്യം. ജി.എൻ.എ ഒരു വൈദ്യുതി ഉൽപാദന കമ്പനിയല്ലെന്നതും കേവലമൊരു ഒ.ടി.സി പ്ലാറ്റ്ഫോം മാത്രമാണെന്നുമുള്ള വസ്തുതകൂടി പരിഗണിക്കുമ്പോൾ ഈ കരാറിന് സുതാര്യതയില്ലെന്ന വാദത്തിന് വോൾട്ടേജ് കൂടി.

മത്സരാധിഷ്ഠിതമായ ടെൻഡർ നടപടികളോ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോ ഇല്ലാതെ, 'വി.ഇ.എച്ച് ഗ്ലോബൽ' എന്ന കമ്പനിയിൽ നിന്ന് 200 മെഗാവാട്ട് വൈദ്യുതി (വിൻഡ് പവർ), യൂണിറ്റിന് 11 രൂപ എന്ന അമിത നിരക്കിൽ വാങ്ങാൻ യു.ഡി.എഫ് സർക്കാർ കരാറുണ്ടാക്കിയെന്ന് സി.പി.എം ആരോപിച്ചു. കാറ്റിൽ നിന്നുള്ള വൈദ്യുതി യൂണിറ്റിന് 34 രൂപ നിരക്കിൽ ലഭ്യമാകുമ്പോൾ ഇത്തരമൊരു കരാർ ഒപ്പിട്ടത് കൂടുതൽ സംശയങ്ങൾക്കിടയാക്കുന്നുവെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ ചൂണ്ടിക്കാട്ടി. ഇതേ സമയം തന്നെ, ഹിമാചൽ പ്രദേശ് സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്ന് 900 മെഗാവാട്ടിലധികം വൈദ്യുതി, യൂണിറ്റിന് 14.50 രൂപ നിരക്കിൽ വാങ്ങാനും കരാറുണ്ടാക്കിയിരുന്നു.

മുഖ്യമന്ത്രിക്ക് നേരെയുള്ള ആക്രമണം ക്രമേണ സി.പി.എം കൂടുതൽ ശക്തമാക്കി. യു.ഡി.എഫ് സർക്കാർ ഒപ്പുവെച്ച ഈ വൈദ്യുതി കരാറുകളെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് സി.പി.എം സംസ്ഥാന സെക്രട്ടേറിയറ്റ് ആവശ്യപ്പെട്ടു. 'അമിത നിരക്കിൽ വൈദ്യുതി വാങ്ങാൻ ഒക്ടോബറിൽ ഒപ്പുവെച്ച രണ്ട് കരാറുകൾക്കും പിന്നിൽ മുഖ്യമന്ത്രിയാണ് ' എന്ന് സി.പി.എം സംസ്ഥാന സെക്രട്ടേറിയറ്റ് ആരോപണമുയർത്തി. കോൺഗ്രസ് പാർട്ടിക്കുള്ളിലെ ആഭ്യന്തര ഭിന്നതകൾ മുതലെടുത്ത്, മറ്റ് മന്ത്രിമാരുടെ പിന്തുണ ലഭിക്കാതെ മുഖ്യമന്ത്രി സതീശനെ ഒറ്റപ്പെടുത്താനാണ് സി.പി.എം ശ്രമിച്ചതെന്ന് നിരീക്ഷകർ പറഞ്ഞു.

'ഞങ്ങൾ ഒറ്റക്കെട്ട്'

ഇതിനിടെയാണ് 'പ്രതിസന്ധി ഘട്ടത്തെ മറികടക്കാൻ മുഖ്യമന്ത്രിയും ഞാനും ചേർന്നാണ് ഈ തീരുമാനങ്ങൾ എടുത്തത്,' എന്ന് വൈദ്യുതി മന്ത്രി സണ്ണി ജോസഫ് വ്യക്തമാക്കിയത്. വൈകുന്നേരം 6 മണി മുതൽ അർദ്ധരാത്രി വരെയുള്ള 'പീക്ക് അവർ' സമയങ്ങളിൽ വൈദ്യുതി ലഭ്യമാക്കുന്നതിനാണ് കരാർ ഉണ്ടാക്കിയതെന്ന് അദ്ദേഹം പറഞ്ഞു. 'കെ.എസ്.ഇ.ബിക്ക് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടി വന്ന ആ ഘട്ടത്തിൽ, പരമാവധി വൈദ്യുതി ലഭ്യമാക്കുക എന്നത് അനിവാര്യമായിരുന്നു. അതുകൊണ്ടാണ് ഈ കരാറുകളുമായി മുന്നോട്ട് പോകാൻ ഞങ്ങൾ രണ്ടുപേരും ചേർന്ന് തീരുമാനമെടുത്തത്' മന്ത്രി പറഞ്ഞു.

'സാധാരണയായി കെ.എസ്.ഇ.ബി ഇത്തരം നേരിട്ടുള്ള കരാറുകളിൽ ഏർപ്പെടാറില്ല. എന്നാൽ ഇതൊരു അടിയന്തര സാഹചര്യമായിരുന്നു. 'എൽ നിനോ' പ്രതിഭാസം കാരണം സെപ്തംബറിലുണ്ടായിരുന്ന വൈദ്യുതി ക്ഷാമം ഒക്ടോബറിലേക്കും നീളാൻ സാധ്യതയുണ്ടെന്ന ആശങ്ക നിലനിന്നിരുന്നു. അതിനാൽ, പ്രതിസന്ധി മറികടക്കാൻ ഇതല്ലാതെ മറ്റ് മാർഗമില്ലെന്ന് ഞങ്ങൾ സർക്കാരിനെ അറിയിച്ചു. മുഖ്യമന്ത്രിയുമായി സംസാരിച്ച ശേഷം മന്ത്രി അതിന് സമ്മതിക്കുകയായിരുന്നു,' കെ.എസ്.ഇ.ബിയിലെ ഉന്നത വൃത്തങ്ങൾ പറഞ്ഞതിങ്ങനെ.

ഒക്ടോബറിൽ വൈദ്യുതി സാഹചര്യം മെച്ചപ്പെട്ടതിനാൽ, 'വി.ഇ.എച്ച് ഗ്ലോബൽ' നൽകിയ വിൻഡ് പവർ കേരളത്തിന് ആവശ്യമില്ലാതെ വന്നു. 'ഒക്ടോബർ സാധാരണ നിലയിലായിരിക്കുമെന്ന് കരുതി കരാറിൽ നിന്ന് പിന്മാറാൻ ഞങ്ങൾക്ക് കഴിയുമായിരുന്നില്ല,' കെ.എസ്.ഇ.ബിയിലെ ഒരു ഉന്നത ഉദ്യോഗസ്ഥന്റെ വാക്കുകൾ ഇങ്ങനെ. 'കൂടാതെ, ഒക്ടോബർ 1 മുതൽ വൈദ്യുതി നിയന്ത്രണങ്ങൾ എങ്ങനെയെങ്കിലും അവസാനിപ്പിക്കണമെന്ന രാഷ്ട്രീയ തീരുമാനവും ഉണ്ടായിരുന്നു' അദ്ദേഹം കൂട്ടിച്ചേർത്തു.

വൈദ്യുതിയുടെ വില നിശ്ചയിക്കുന്നതിലും കെ.എസ്.ഇ.ബിക്ക് നിയന്ത്രണമുണ്ടായിരുന്നില്ല. 'വിപണിയിൽ വൈദ്യുതി ലഭ്യമല്ലാത്ത അവസ്ഥയായിരുന്നു, എന്നാൽ ഞങ്ങൾക്ക് അത് അത്യാവശ്യവുമായിരുന്നു. കമ്പനി വളരെ ഉയർന്ന വിലയാണ് ആവശ്യപ്പെട്ടത്, ഞങ്ങൾ അത് അംഗീകരിക്കുകയായിരുന്നു. അതൊരു ചൂതാട്ടമായിരുന്നു,' ആ വൃത്തങ്ങൾ പറഞ്ഞു. ഒടുവിൽ, കരാർ പ്രകാരം ലഭിക്കേണ്ടിയിരുന്നതിലും വളരെ കുറഞ്ഞ അളവിൽ വൈദ്യുതി മാത്രമേ 'വി.ഇ.എച്ച് ഗ്ലോബൽ' വഴി എടുത്തുള്ളൂ. 200 മെഗാവാട്ടിന്റെ കരാറായിരുന്നു ഉണ്ടായിരുന്നതെങ്കിലും, യഥാർത്ഥത്തിൽ ലഭിച്ചത് 36 മെഗാവാട്ട് വൈദ്യുതി മാത്രം.



ബാബു കദളിക്കാട്

കെ.എസ്.ഇ.ബി ആദ്യം കണക്കാക്കിയതിനേക്കാൾ വളരെ കുറഞ്ഞ തുക മാത്രമേ ചെലവഴിച്ചിട്ടുള്ളൂ എന്നർത്ഥം.

ഒരാഴ്ച മുമ്പ് മുഖ്യമന്ത്രിയും വൈദ്യുതി മന്ത്രിയും തമ്മിലുള്ള കടുത്ത അഭിപ്രായവ്യത്യാസം പുറത്തുവന്നിരുന്നു. കെ.എസ്.ഇ.ബിയുമായി ബന്ധപ്പെട്ട നയപരമായ തീരുമാനങ്ങളിൽ ഇവർക്കിടയിൽ ഏകോപനമില്ലാത്ത അവസ്ഥയുണ്ടായിരുന്നു. ഇത് യു.ഡി.എഫ് മന്ത്രിസഭയിലെ 'കൂട്ടായ നേതൃത്വത്തെ' പരിഹസിച്ചുകൊണ്ട് സംസാരിക്കാൻ യു.ഡി.എഫ് കൺവീനർ അടൂർ പ്രകാശിനെപ്പോലും പ്രേരിപ്പിച്ചു. ഹിമാചൽ പ്രദേശ് സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്ന് വൈദ്യുതി വാങ്ങുന്നതാണ് ഉചിതമെന്ന് വൈദ്യുതി മന്ത്രി ശുപാർശ ചെയ്തിരുന്നെങ്കിലും, മുഖ്യമന്ത്രി 'ജനറൽ നെറ്റ്വർക്ക് ആക്സസ്' (ജിഎൻഎ) വഴി വൈദ്യുതി വാങ്ങാൻ തീരുമാനിച്ചത് മന്ത്രിയിൽ അതൃപ്തിയുണ്ടാക്കിയിരുന്നു.

പുതിയ ചെയർമാനും വൈദ്യുതി സെക്രട്ടറിയും മുഖ്യമന്ത്രിയുമായി ചർച്ച നടത്തിയ ശേഷം, ജി.എൻ.എ വഴി പോലും വൈദ്യുതി വാങ്ങേണ്ടതില്ലെന്ന് കെ.എസ്.ഇ.ബി തീരുമാനിച്ചപ്പോൾ, തനിക്ക് അത്തരമൊരു തീരുമാനത്തെക്കുറിച്ച് അറിയില്ലെന്ന് സണ്ണി ജോസഫ് പ്രതികരിച്ചിരുന്നു. 'പത്രങ്ങളിൽ നിന്നാണ് ഞാനത് അറിഞ്ഞത്,' അദ്ദേഹം പറഞ്ഞു. മന്ത്രിമാരും മുഖ്യമന്ത്രിയും തമ്മിൽ വ്യത്യസ്ത താൽപ്പര്യങ്ങളാണുള്ളതെന്ന സി.പി.എമ്മിന്റെ ആരോപണത്തിന് ഈ അഭിപ്രായഭിന്നത സാധൂകരിക്കുന്നതായി തോന്നി. എങ്കിലും, ഈ പുതിയ ആരോപണത്തെക്കുറിച്ച് ചോദിച്ചപ്പോൾ, ഐക്യദാർഢ്യം പ്രകടിപ്പിക്കാനാണ് വൈദ്യുതി മന്ത്രി മുതിർന്നത്. മന്ത്രിസഭാ യോഗത്തിൽ തർക്കമുണ്ടായെന്ന് അഭിമാനത്തോടെയാണ് താൻ പറയുന്നതെന്നും ജനാധിപത്യത്തിന്റെ മനോഹാരിതയാണ് അതെന്നും മുഖ്യമന്ത്രി വ്യക്തമാക്കിയതോടെ വൈദ്യുതി കരാർ സംബന്ധിച്ച വിവാദം 'ഡിം ലൈറ്റിലേ'ക്കു മാറി.



വിശ്വസ്ത വിധേയരില്ലാതെ നാടാറുമാസം

വി.ഡി. സതീശൻ എന്ന മുഖ്യമന്ത്രിയുടെ വാക്കും പ്രവർത്തിയും രണ്ടാണെന്ന് പ്രതിപക്ഷം ആക്ഷേപിക്കുമ്പോൾ, മുഖ്യൻ തങ്ങളോട് ഒരു വാക്ക് പോലും പറയുന്നില്ലെന്ന് വിലപിക്കുകയാണ് മന്ത്രിസഭയിലെ സഹപ്രവർത്തകർ !

ആരാണ് മുഖ്യമന്ത്രിയുടെ വിശ്വസ്തൻ? അങ്ങനെ ഒരാളുണ്ടോ?

തൽക്കാലം, ഒരു വൺമാൻ ഷോ തന്നെയാണ് കഷ്ടപ്പെട്ട് മുഖ്യമന്ത്രി പഥത്തിലേറിയ സതീശൻ ഉദ്ദേശിക്കുന്നത്. അതിനാൽ വിശ്വസ്ത വിധേയർ എന്നൊരു വിഭാഗം നിലവിൽ അദ്ദേഹത്തോടൊപ്പം ഇല്ല. നടപ്പ് രാഷ്ട്രീയത്തിന്റെ അളവുകോൽ വച്ച് നോക്കുമ്പോൾ സതീശൻ അല്പം മുന്നിൽ കയറി നടക്കുകയാണ് എന്ന് തോന്നും.

ഭരണത്തിലേറി ആറുമാസം തികയുന്ന നാളിൽ ചേരുന്ന മന്ത്രിസഭ യോഗത്തിൽ നിന്ന് അസംതൃപ്തരുടെ ശബ്ദം ഉയർന്നെങ്കിൽ അതിന്റെ മുഴുവൻ ക്രെഡിറ്റും മുഖ്യമന്ത്രിക്ക് തന്നെ. സർക്കാരിന്റെ മധുവിധുകാലം കഴിയും മുൻപ് പ്രത്യേകതയുള്ള അര ഡസനോളം പ്രഖ്യാപനങ്ങൾ നടത്തുകയും പലതിനും തുടക്കം കുറിക്കുകയും ചെയ്ത സതീശൻ, നേട്ടങ്ങൾ എണ്ണി പറയുമ്പോൾ പുലർത്തുന്ന അതേ പ്രസരിപ്പ് വിമർശനങ്ങളെ നേരിടുമ്പോഴും പ്രകടിപ്പിക്കുന്നു. നല്ലതും ചീത്തയും അത് എന്താണെങ്കിലും താനറിയാതെ ഇവിടെ ഒന്നും നടക്കില്ല എന്ന സന്ദേശം ഇക്കാലയളവിൽ അദ്ദേഹം നൽകി കഴിഞ്ഞു.

ആ ശൈലിക്കെതിരെ പ്രതിപക്ഷം വിമർശനം ഉന്നയിച്ചു കൊണ്ടിരുന്നപ്പോൾ അതൊരു നാട്ടുനടപ്പ് എന്ന നിലയിലാണ് കാണാൻ കഴിഞ്ഞത്. എന്നാൽ ടീം യു.ഡി.എഫ് എന്ന മുദ്രാവാക്യം തുടരെ ആവർത്തിച്ച് നൂറിലേറെ സീറ്റുകളുടെ പിൻബലത്തോടെ ഭരണം പിടിച്ചപ്പോൾ, അതിന്റെ മുഴുവൻ ക്രെഡിറ്റും വി.ഡി. സതീശൻ എന്ന പഴയ പ്രതിപക്ഷ നേതാവ് നെഞ്ചിലേറ്റുന്ന കാഴ്ചയാണ് കണ്ടത്. ഇടതുപക്ഷ മന്ത്രിസഭയിലെ ഒരു ഡസൻ മന്ത്രിമാർ തോൽക്കുമെന്ന് പ്രവചിച്ച ആളാണ് സതീശൻ. നൂറിലേറെ സീറ്റ് യു.ഡി.എഫ് നേടുമെന്നുകൂടി പറഞ്ഞപ്പോൾ പലരും അദ്ദേഹത്തെ പരിഹസിച്ചു.

മുന്നണി ജയിച്ചപ്പോൾ മുഖ്യമന്ത്രി ആരാവണം എന്ന് വലിയ ചോദ്യം പത്തു ദിവസത്തോളം രാഷ്ട്രീയ കേരളം ചർച്ച ചെയ്തപ്പോഴും, കേവലം നറുക്ക് വീഴുന്നതിന് അപ്പുറം, ഹൈക്കമാൻഡ് പോലും വഴങ്ങിപ്പോയ ആ തീരുമാനത്തിലേക്ക് ഒറ്റയാൾ പേരുകാരനായി വന്നപ്പോൾ ലഭിച്ച ആത്മധൈര്യം മറുവശത്ത്.



അതിനാൽ തൽക്കാലം സതീശന്റെ മനസ്സിലിരിപ്പ് അദ്ദേഹത്തിന് മാത്രമേ അറിയാൻ കഴിയൂ. ആ നീക്കങ്ങൾക്ക് പിന്നിൽ മറ്റൊരു ബുദ്ധികേന്ദ്രം ഉണ്ടെന്ന് കരുതാനാവില്ല. എന്നുവച്ച് കേന്ദ്ര നേതൃത്വം സതീശനെ കണ്ണടച്ച് പിന്തുണയ്ക്കുന്നു എന്നും അർത്ഥമില്ല. വളർമതിയുടെ സമരത്തെ പ്രിയങ്ക ഗാന്ധി പിന്തുണച്ചത് അതുകൊണ്ടാണ്.

കുപ്പായം തുന്നിച്ചവർ

അധികാരത്തിന്റെ പങ്ക് പറ്റുമ്പോൾ എല്ലാം സമൃദ്ധമായി വീതിച്ചു കിട്ടും എന്ന് പ്രതീക്ഷിക്കുന്നവരാണ് ഘടക കക്ഷികൾ. അത്തരം ഒരു പങ്കുവെപ്പ് തിടുക്കത്തിൽ നടത്താൻ മുഖ്യമന്ത്രി വലിയ താല്പര്യം കാണിച്ചില്ല. അവിടെയും പ്രശ്നമായത് സ്വന്തം നിലപാടുകൾക്ക് അപ്പുറത്തുള്ള ഒന്നിനെയും തൽക്കാലം സ്വീകരിക്കേണ്ടതില്ല എന്ന മനോഭാവം തന്നെ. ബോർഡ് കോർപ്പറേഷൻ നിയമനങ്ങൾ വൈകുമ്പോൾ അതിനായി കൂപ്പായം തുന്നി കാത്തിരിക്കുന്ന സഹ കക്ഷികളാണ് അസ്വസ്ഥരാവുന്നത്. അതിൽ തന്നെ മുസ്ലിംലീഗിനോട് മുഖ്യമന്ത്രിക്ക് പ്രത്യേക മമത ഉണ്ടെന്ന തോന്നലും സൃഷ്ടിക്കപ്പെട്ടു.

പി.എസ്.സി നിയമനങ്ങളും മറ്റും നീളുമ്പോൾ ഘടകകക്ഷിമാർ മുഷിയുകയാണ്. എല്ലാറ്റിനും സതീശന് മറുപടിയുണ്ട്. പിണറായിക്കാലത്ത് താൻ വിമർശിച്ച കാര്യങ്ങൾ സ്വയം എടുത്തണിയാൻ സതീശന് മടിയില്ല. എന്നാൽ അത്തരം വിമർശനങ്ങളെ മുഖ്യമന്ത്രി മറികടക്കുന്നത് കുറച്ചുകാലം കൊണ്ട് താൻ വിഭാവനം ചെയ്ത് നടപ്പാക്കിയ കാര്യങ്ങളെ എടുത്തുപറഞ്ഞാണ്.

പ്രിയദർശനി, വയോജന വകുപ്പ് നേട്ടങ്ങൾ. കിഫ്ബിയെ കുറിച്ചുള്ള പഠനം, മിഷൻ സമുദ്രയ്ക്കായി നിയമം... മുഖ്യമന്ത്രി അക്കമിട്ടു പറയുന്നു:

പരമാവധി കേന്ദ്ര പണം നേടിയെടുക്കാനാണ് നടപടികൾ. ഭിന്നശേഷിക്കാർക്കായി പ്രത്യേക പദ്ധതി ഡിസംബറിൽ തുടങ്ങും. ജനങ്ങൾക്ക് വാഗ്ദാനം ചെയ്ത എല്ലാ കാര്യങ്ങളും നടപ്പാക്കും. വലിയ സർവകലാശാലകൾ കേരളത്തിൽ എത്തിക്കാൻ നടപടികൾ നടക്കുകയാണ്. 588 പദ്ധതികൾ നൂറു ദിവസം കൊണ്ട് പ്രഖ്യാപിച്ചു. 568 പദ്ധതികൾ നടപ്പാക്കി.

എന്തായാലും, തീരുമാനമെടുക്കേണ്ട ഫയൽ അതിന് മുമ്പ് മുന്നണി യോഗത്തിൽ ചർച്ചക്ക് വെക്കും. സമവായം ഉണ്ടായ ശേഷമാണ് മന്ത്രിസഭയിലേക്ക് വിടുക. അതാണ് പരമ്പരാഗത രീതി. എന്നാൽ ഇവിടെ മുന്നണിയും കെ.പി.സി.സിയും അറിയാതെയാണ് ക്യാബിനറ്റിൽ വരുന്നത്. ആരാണ് അതിന് ഉത്തരവാദി?

കൂടിയലോചനകൾ ഇല്ല എന്ന വിമർശനത്തിന്, അത്തരം ചർച്ചകൾ നടക്കാൻ രാഷ്ട്രീയകാര്യ സമിതി ചേരുന്നില്ല എന്ന മറുവശം കൂടിയുണ്ട്. അത്തരം വീഴ്ചകൾ ശ്രദ്ധിക്കേണ്ടത് ആരാണ്. ഹൈക്കമാൻഡ് എന്തു ചെയ്യുകയാണ്. പരാതിയുമായി ചെന്ന യു.ഡി.എഫ് കൺവീനറുമായി ഹൈക്കമാൻഡ് എന്താണ് ചർച്ച ചെയ്തത്. ഇതൊന്നും പുറത്തേക്ക് വരുന്നില്ല. ഭൂരിപക്ഷത്തിന്റെ ബലം വച്ചു നോക്കിയാൽ ഘടക കക്ഷികളെ പോലും തൽക്കാലം ഗൗനിക്കേണ്ട സാഹചര്യം മുഖ്യമന്ത്രിക്ക് ഇല്ല. കെ.പി.സി.സിക്ക് ഒരു അധ്യക്ഷനെ കണ്ടെത്താൻ കഴിയാതെ പാർട്ടി സ്തംഭിച്ചു നിൽക്കുമ്പോൾ ഒരു കാര്യം ഉറപ്പാണ്. തന്റെ ശൈലിയുമായി മുന്നോട്ടുപോകുന്നതിന് സതീശന് മുന്നിൽ സംഘടനാപരമായ വിലങ്ങ് തടികൾ ഒന്നുമില്ല. അപ്പോൾ അരാജകത്വം സൃഷ്ടിക്കുന്നത് നേതാവല്ല പാർട്ടിയാണ് എന്ന് വ്യക്തം.

പ്രതിപക്ഷ വിലാപം

പിണറായി വിജയൻ ഫേസ്ബുക്കിൽ കുറിച്ചു: കോൺഗ്രസിന്റെ ജീർണ്ണിച്ച രാഷ്ട്രീയ സംസ്കാരത്തിന്റെ വൃത്തികെട്ട മുഖമാണ് പുറത്തുവരുന്നത്. ഭീഷണിപ്പെടുത്തി ലക്ഷങ്ങൾ കൈക്കൂലി വാങ്ങുന്ന ദൃശ്യങ്ങൾ ഒരു വ്യക്തിയുടെ വീഴ്ചയല്ല; അധികാരം കിട്ടിയാൽ എന്തും ചെയ്യാമെന്ന അഹങ്കാരത്തിന്റെ നേർചിത്രമാണ്. ജനങ്ങളെ കൊള്ളയടിക്കുന്ന മാഫിയാ രാഷ്ട്രീയമാണ് ആറുമാസം കൊണ്ട് കേരളത്തിൽ തഴച്ചു വളർന്നത്.

തിരുവനന്തപുരം പേട്ടയിലെ ഡി.സി.സി അംഗം പരസ്യമായി കൈക്കൂലി വാങ്ങുന്ന ദൃശ്യം പുറത്തുവന്ന പശ്ചാത്തലത്തിലാണ് പ്രതിപക്ഷ നേതാവിനെ വിമർശനം. അധികാരത്തിന്റെ ഗർവിനു ജനം കൊടുത്ത ശിക്ഷയുടെ ഉത്പന്നമാണ് മാറിയ ഭരണം. അതിന്റെ തലപ്പത്തിരിക്കുന്നവർ ഭരണപ്രായം അരക്കൊല്ലം പിന്നിടുമ്പോൾ തന്നെ ജനത്തോട് പറയുന്നത് ഇതേ ഗർവാണ് സി.പി.എം സെക്രട്ടറി എം.വി. ഗോവിന്ദന്റെ വിമർശനമാണ് ഇത്.

'യുടേൺ' നയങ്ങളാണ് സതീശനെതിരായ മറ്റൊരു വിമർശനം. പ്രതിപക്ഷത്തായിരുന്നപ്പോൾ എതിർത്തിരുന്ന പി.എം ശ്രീ പദ്ധതി, വീര്യം കുറഞ്ഞ മദ്യം (ലോആൽക്കഹോൾ) ഉത്പാദിപ്പിക്കുന്നതിനുള്ള നീക്കങ്ങൾ തുടങ്ങിയവ. മുൻ സർക്കാരിനെതിരെയുള്ള ഇ.ഡി ആരോപണങ്ങളിൽ നേരിട്ട് വിജിലൻസ് കേസെടുക്കാതെ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചത് സർക്കാർ മൃദുസമീപനം സ്വീകരിക്കുന്നു എന്ന ആരോപണത്തിന് ഇടയാക്കി. പിന്നീട് ഹൈക്കോടതി ഇടപെടലിനെ തുടർന്നാണ് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തത്.

എല്ലാം കോംപ്ലിമെന്റ്സാക്കി !

ഏതായാലും ഏറ്റവും ഒടുവിലെ ക്യാബിനറ്റ് മീറ്റിംഗിൽ പി.എസ്.സി അംഗങ്ങളുടെ പട്ടിക മുഖ്യമന്ത്രി മുന്നോട്ടുവെച്ചതോടെയാണ് പ്രശ്നങ്ങൾ തുടങ്ങിയത്. എ.പി. അനിൽകുമാറാണ് എതിർപ്പിന് തുടക്കമിട്ടത്. ചർച്ച ചെയ്യാതെയാണ് പട്ടിക തീരുമാനിച്ചതെന്ന് അദ്ദേഹം കുറ്റപ്പെടുത്തിയതോടെ ഉടൻ നിയമനം വേണ്ടതായതുകൊണ്ടാണ് തീരുമാനമെടുത്തതെന്ന് മുഖ്യമന്ത്രി മറുപടി നൽകി. പി.എസ്.സിയിൽ മാത്രമല്ല, ഗുരുവായൂർ ദേവസ്വം നിയമനത്തിലും ചർച്ച നടന്നില്ലെന്ന് അനിൽകുമാർ ചൂണ്ടിക്കാട്ടിയതോടെ മറ്റ് മന്ത്രിമാരും സമാനമായ രീതിയിൽ മുഖ്യമന്ത്രി സ്വയം തീരുമാനങ്ങളെടുക്കുന്നുവെന്ന് ആരോപണമുയർത്തി. ഇതോടെ മുഖ്യമന്ത്രി അവതരിപ്പിച്ച പട്ടിക അംഗീകരിക്കാതെ ചർച്ച വേണമെന്നായി. ഏറ്റവുമൊടുവിൽ ഗ്രൂപ്പ് സമവായങ്ങളടക്കം പരിഗണിച്ചാണ് പട്ടിക മന്ത്രിമാർ അംഗീകരിച്ചത്.

അതിനും സതീശന് തൽക്ഷണം മറുപടിയുണ്ടായി. മന്ത്രിസഭാ യോഗത്തിൽ ഒരുപാട് തർക്കങ്ങൾ ഉണ്ടായി. ഇത് പിണറായിയുടെ ക്യാബിനറ്റ് അല്ല. വിധേയരുടെ ക്യാബിനറ്റ് അല്ല. ഉന്നത വിദ്യാഭാസ ബിൽ ആണ് ചർച്ചയായത്. പിണറായിയുടെ കാലത്ത് എത്ര ചർച്ച നടന്നു. തർക്കം നടന്നു. പക്ഷേ എല്ലാത്തിലും തീരുമാനമായി. വ്യത്യസ്തമായ അഭിപ്രായം പറഞ്ഞാൽ തള്ളിപ്പറയില്ല, കേൾക്കും. യു.ഡി.എഫ് സർക്കാർ അധികാരത്തിൽ എത്തിയിട്ട് ആറു മാസമായി. ആഗ്രഹിച്ച കാര്യങ്ങൾ ചെയ്യാനായി. ഒരുപാട് ക്ഷേമ പദ്ധതികൾ നടപ്പാക്കി സതീശൻ അടിവരയിടുന്നു.

നേട്ടങ്ങളുടെ പട്ടിക ഒരു വശത്ത് എണ്ണിപ്പറയാൻ ഉള്ളപ്പോൾ തന്നെ വിവാദങ്ങളുടെ അകമ്പടി ഒരു ശീലമാക്കിയിരിക്കുകയാണ് വി.ഡി. സതീശൻ എന്ന മുഖ്യമന്ത്രി എന്ന് സമാധാനിക്കാം. പക്ഷേ ഇനിയുള്ള നാളുകളിൽ വി.ഡിക്കും വേണ്ടേ വിശ്വസ്ത വിധേയർ? സ്വന്തം ക്യാമ്പിൽ നിന്ന് തന്നെ എന്നും സമ്മർദ്ദത്തിൽ കഴിയുന്ന ഒരു ഭരണാധികാരിക്ക് നന്നായി ഭരിക്കാൻ സമയം കിട്ടുമോ എന്നു കൂടി അദ്ദേഹം സ്വയം ആലോചിക്കുന്നത് നന്നായിരിക്കും.

പ്രജിത്ത് രാജ്

St. Mary's Petroleum Inc.
960 Rand Rd. Suite 208,
Des Plaines, IL 60016
Ph: 847 813 5665, Fax: 847 813 5673
Accelerate Your Journey to Success
bp Mobil Gulf SUNOCO CLARK Valero
For Branding Your Gasoline Stations
Cyriac Koovakattil 630 673 3382

Allstate
ALL STATE INSURANCE
Products offered:
AUTO\HOME\CONDO\RENTERS
MOTORCYCLE\BUSINESS\LIFE
ATV\BOAT\FINANCIAL PRODUCTS
SERVING
ILLINOIS
WISCONSIN
INDIANA
15700 103rd St.
Suite 250
Lemont, IL 60439
Tel: 630-273-3335
BICKY

മണിശങ്കര അയ്യരുടെ ദോശയും 'പ്രഭു' സിനിമയിലെ കൈവിട്ട ചാൻസും

സിനിമാമോഹവുമായി മദ്രാസിലെത്തിയ മോഹൻലാലിന്റെയും പ്രിയദർശന്റെയും കോടമ്പാക്കം ദിനങ്ങൾ എപ്പോഴും രസകരമായ സംഭവങ്ങൾ നിറഞ്ഞതായിരുന്നു. പണപ്പെട്ടിക്കു മുന്നിൽ ഗമയിലിരിക്കുന്ന ലാലും അടുക്കള ഭരിക്കുന്ന പ്രിയനും ചേർന്ന് ഒരു സാധാരണ തമിഴ് ചായക്കടയെ സിനിമാക്കാരുടെ പ്രിയപ്പെട്ട ഇടമാക്കി മാറ്റുന്നു. എന്നാൽ, ഇതിനിടയിൽ ലാലിനെ തേടിയെത്തിയ ഒരു വലിയ സിനിമാ അവസരം, സമയത്തിന് ആളെ കിട്ടാത്തതുകൊണ്ട് മറ്റൊരാളിലേക്ക് വഴിമാറിപ്പോകുന്ന ആകാംക്ഷ നിറഞ്ഞ മുഹൂർത്തങ്ങളാണ് ഈ അധ്യായത്തിൽ.



CELEBRATING 48 MOHANLAL YEARS

വിസ്മയനടനം 13



ഏതാണ്ട് വൈകുന്നേരത്തോടെ ആ തമിഴന്റെ ചായക്കട ആകെയൊന്ന് മിനുക്കിയെടുത്തു മോഹൻലാലും പ്രിയനും. സഹായികളായി കൂടെ തമിഴന്റെ മകളും അനന്തരവളുമൊക്കെയുണ്ട്. അങ്ങനെ വഴിയെ പോകുന്നവരുടെ ശ്രദ്ധ അങ്ങോട്ടു തിരിയുമെന്ന് ഉറപ്പായി. ഇതിനൊക്കെപ്പുറമേ 'ഇന്നത്തെ സ്പെഷ്യൽ' എന്ന ബോർഡും തൂക്കി. പണപ്പെട്ടിയുടെ അടുക്കൽ മോഹൻലാൽ അല്പം ഗമയിൽത്തന്നെ ഇരുന്നു. കിച്ചണിന്റെ സൂപ്പർവൈസർ പ്രിയദർശനും.

അപ്പോഴതാ ബോർഡ് നല്ല ഭംഗിയിൽ എഴുതിക്കൊടുത്ത രാധാകൃഷ്ണനും, നടനും തിരക്കഥാകൃത്തുമായ വിജയനും, ആർ.കെ. എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന രാധാകൃഷ്ണന്റെ സഹായി സുധാകരനും, സുരേഷ് വിനുമാരിലെ വിനുവും, അസോസിയേറ്റ് ഡയറക്ടറായി പ്രവർത്തിക്കുന്ന കെ. ബാലകൃഷ്ണനും... ഇങ്ങനെ കുറേപ്പേർ ഒരു കാറിൽ 'ഇന്നത്തെ സ്പെഷ്യൽ' എന്ന ബോർഡിനു മുന്നിൽ വന്നിറങ്ങി.

അവരെയെല്ലാവരെയും കണ്ടപ്പോൾ ലാൽ അറിയാതെ ചാടി എഴുന്നേറ്റുപോയി. എന്നിട്ട് അകത്തേക്ക് നോക്കി ഉറക്കെ വിളിച്ചു:

''പ്രിയാ... എടാ... ഇതാരൊക്കെയാ വന്നിരിക്കുന്നതെന്ന് നോക്കിക്കേ!''

ഉടനെ അതിഥികളെ ക്ഷണിച്ചിരുത്തി. ഇടയ്ക്ക് രാധാകൃഷ്ണൻ ചോദിച്ചു:

''എവിടെ പാചകശിരോമണി പാലക്കാട്ട് മണിശങ്കര അയ്യങ്കാർ...?''

''അയ്യോ... അതൊരു ട്രേഡ് സീക്രട്ടാ... അല്ലേ പ്രിയാ?'' പിന്നെ ചെറുതായൊന്ന് ചമ്മി ലാൽ രാധാകൃഷ്ണന്റെ ചെവിയിൽ മൊഴിഞ്ഞു:

''ചതിക്കരുത്, ഞങ്ങളൊന്ന് പിടിച്ചു നിന്നോട്ടെ. എന്തായാലും ദോഷം പറയരുതല്ലോ.''

രണ്ടുനാലു ദിനംകൊണ്ട് മണിശങ്കര അയ്യരുടെ ദോശ കോടമ്പാക്കത്തെ സിനിമാക്കാർക്കിടയിൽ വരെ ചർച്ചാവിഷയമായി. കടയുടമയ്ക്ക് പെരുത്ത് സന്തോഷം! ആവശ്യത്തിൽ കൂടുതൽ വിറ്റുവരവ്. മോഹൻലാലിനും പ്രിയദർശനും ലാഭവിഹിതത്തിൽ നല്ലൊരു പങ്കും കിട്ടി. ഭക്ഷണവും സൗജന്യം. അത്യാവശ്യ കടങ്ങളൊക്കെ മണിശങ്കര അയ്യരുടെ പേരുപയോഗിച്ച് വീട്ടി ഈ വിദ്വാന്മാർ.

ഇതിനിടെ മോഹൻലാലിന് സിനിമയിൽ മുഖം കാണിക്കാൻ ഒരു ചാൻസ് രാധാകൃഷ്ണൻ ഒപ്പിച്ചെടുക്കുന്നു. എന്നാൽ ആ വിവരം ലാലിനെ അറിയിക്കാൻ പറ്റുന്നില്ല. സംവിധായകൻ ബേബിയുടെ ''പ്രഭു'' എന്ന ചിത്രത്തിൽ ഒരു ഗായകന്റെ റോളാണ്. ലിപ് മൂവ്മെന്റ് ശരിയാകണം. അതുമാത്രം ശ്രദ്ധിച്ചാൽ മതി.

ഒടുവിൽ സ്വാമീസ് ലോഡ്ജിലേക്ക് രാധാകൃഷ്ണൻ വിളിച്ചു. ജോസ് പ്രകാശിനെയാണ് കിട്ടിയത്. ഉടനെ മോഹൻലാലിനോട് എ.വി.എം. സ്റ്റുഡിയോയിൽ ലാസ്റ്റ് ഫ്ളോറിൽ എത്തി പ്രൊഡക്ഷനിലുള്ള രാമുശാസ്തമംഗലത്തെ കാണാൻ രാധാകൃഷ്ണൻ അറിയിച്ചു. പക്ഷേ, അന്വേഷിക്കാവുന്ന ഇടങ്ങളിലെല്ലാം ലാലിനെ തിരക്കി. പക്ഷേ, കണ്ടുപിടിക്കാൻ കഴിയുന്നില്ല. ഇങ്ങനെയിരിക്കെ രാധാകൃഷ്ണന്റെ താമസസ്ഥലത്തേക്ക് യാദൃച്ഛികമായാണ് മോഹൻലാൽ എത്തിയത്.

കക്ഷിയെ കണ്ടയുടൻ സുധാകരൻ ചോദിച്ചു:

''അല്ല, നല്ല പാർട്ടിയാ... ഇതെവിടായിരുന്നു? രാധാകൃഷ്ണൻ സാർ ലാലിനെ എവിടെയെല്ലാം തിരക്കി. ഒരു ചാൻസ് ഒത്തുവന്നിട്ടുണ്ട്. വേഗം അകത്തേക്ക് ചെല്ല്.''

ലാലും രാധാകൃഷ്ണനും ഉടനെ പുറപ്പെട്ടു. ആദ്യം കണ്ട ഓട്ടോറിക്ഷ കൈകാണിച്ചു നിർത്തി ചാടിക്കയറി രാധാകൃഷ്ണൻ പറഞ്ഞു:

''എ.വി.എമ്മിലേക്ക്... ശീഘ്രം... ശീഘ്രം...'' ഓട്ടോ ഇരുവരെയും കൊണ്ട് മുന്നോട്ടു കുതിച്ചു.

എ.വി.എമ്മിന്റെ അവസാന ഫ്ളോറിൽ ''പ്രഭു'' എന്ന ചിത്രത്തിന്റെ ചിത്രീകരണം നടക്കുകയാണ്. സീമ ക്ലബ്ബ് ഡാൻസറുടെ വേഷത്തിൽ.

''ഗായകന്റെ റോളിൽ അഭിനയിക്കാനുള്ള ജൂനിയർ ആർട്ടിസ്റ്റ് റെഡിയാണല്ലോ അല്ലേ?'' ഡയറക്ടർ ബേബി അസോസിയേറ്റ് ഡയറക്ടർ വിനോദിനോട് ചോദിക്കുന്നു.

''എല്ലാം റെഡിയാണ്,'' വിനോദ് മറുപടി പറഞ്ഞു. (ഇയാൾ സംവിധായകൻ ബേബിയുടെ മരുമകനാണ്). എന്നാൽ ആ മറുപടി അത്ര പന്തിയുള്ളതല്ല എന്ന് നിരീക്ഷണപാടവമേറെയുള്ള ബേബി മനസ്സിലാക്കി. വിനോദ് ഉടനെ പ്രൊഡക്ഷനിലെ രാമുവിനോട് ചോദിച്ചു:

''എവിടെ ആ പാട്ടുസീനിലെ ജൂനിയർ ആർട്ടിസ്റ്റ്?''

''ആർ.കെ. സാറാണ് ആർട്ടിസ്റ്റിന്റെ കാര്യം ഏറ്റത്. കക്ഷിയെ ഇതുവരെയായിട്ടും കാണുന്നില്ലല്ലോ?''

''ഛേയ്... ബേബി അണ്ണന് എന്തോ ഡൗട്ട് തോന്നിത്തുടങ്ങിയിട്ടുണ്ട്. ഇനി ആ വായിലിരിക്കുന്നത് മുഴുവൻ കേൾക്കേണ്ടിവരും. എന്തെങ്കിലും ഉടനെ ചെയ്തേ പറ്റൂ.'' വിനോദ് സ്വന്തം തലയ്ക്കടിച്ച് അസഹിഷ്ണുത പ്രകടിപ്പിച്ചു.

''തൊട്ടടുത്ത ഫ്ളോറിൽ എൻ. ശങ്കരൻ നായരുടെ ''ചുവന്ന ചിറകുകൾ'' ഷൂട്ട് ചെയ്യുന്നുണ്ട്. ആരെയെങ്കിലും അവിടെനിന്ന് വിളിച്ചാലോ...?'' രാമു ചോദിച്ചു.

സിനിമയിൽ മറ്റൊരു പ്രേംനസീറാകാൻ മോഹിച്ച് മദ്രാസിലെത്തിയ സാജനാണ് ശങ്കരൻ നായരുടെ അസോസിയേറ്റ് ഡയറക്ടർ. അഭിനയമോഹം ഇപ്പോഴുമുണ്ട്. കക്ഷിയെ കിട്ടിയാൽ രക്ഷപ്പെട്ടു. ശർമിള ടാഗോറാണ് നായിക. അവരോട് ഹിന്ദിയിൽ സംസാരിക്കണമെങ്കിൽ സാജൻ വേണം. അതുകൊണ്ട് ശങ്കരൻ നായർ സാർ വിടുമോ? എങ്കിൽ പ്രൊഡ്യൂസർ ഈരാളിയോട് ചോദിക്കാമെന്ന് വിനോദ് ഓടുന്നതിനിടയിൽ മനസ്സിൽ കരുതി.

ചെന്നപാടെ സാജനെ കൈമാടി വിളിച്ചു വിനോദ്. എന്നിട്ട് കാര്യം പറഞ്ഞു.

''നീ ശങ്കരൻ നായർ സാറിനോട് ചോദിക്ക്. മൂപ്പര് സമ്മതിച്ചാൽ ഞാൻ റെഡി.''

വിനോദ് മടിച്ചുമടിച്ച് ശങ്കരൻ നായരോട് ചോദിച്ചു. ശങ്കരൻ നായർ നല്ല മൂഡിലായിരുന്നതുകൊണ്ട് ഉടനെ സമ്മതം മൂളി. പിന്നെ താമസിയാതെ സാജനെയും കൊണ്ട് വിനോദ് പറന്നു. തല്ലിപ്പിടിച്ച് ഒരു കോട്ട് ഇടിയിച്ച് ടൈയും കെട്ടിക്കൊടുത്തപ്പോൾ സാജൻ മിടുമിടുക്കനായി മാറി. ഉടൻ മേക്കപ്പിട്ടു. ബേബി ''സ്റ്റാർട്ട്'' പറഞ്ഞു. ''ആക്ഷൻ...!''

(തുടരും)





ജോഷി ജോർജ്

ഇറക്കുമതി തീരുവ വർദ്ധനവിന് പിന്നാലെ ഇന്ത്യൻ വിപണിയിൽ വീണ്ടും സ്വർണ്ണക്കടത്ത് പ്രവാഹം ശക്തമാകുന്നതിന്റെ ഉള്ളുറകളിലേക്ക്!

വിമാനത്താവളങ്ങളിലെ കർശന പരിശോധനകളെയും കര അതിർത്തികളിലെ കാവലിനെയും വെട്ടിച്ച് അനധികൃതമായി ഇന്ത്യൻ വിപണിയിലേക്ക് ഒഴുകിയെത്തുന്ന സ്വർണ്ണത്തിന്റെ അളവിൽ സമീപകാലത്തെ ഏറ്റവും വലിയ കുതിച്ചുചാട്ടമാണ് രേഖപ്പെടുത്തിയിരിക്കുന്നത്!

2026 നവംബർ പതിനെട്ടിന് പുറത്തുവന്ന വേൾഡ് ഗോൾഡ് കൗൺസിലിന്റെയും വിപണി നിരീക്ഷകരുടെയും ഏറ്റവും പുതിയ കണക്കുകൾ പ്രകാരം, കഴിഞ്ഞ വർഷം വെറും മൂന്ന് ടണ്ണായി ചുരുങ്ങിയിരുന്ന ത്രൈമാസ സ്വർണ്ണക്കടത്ത് 2026 ജൂലൈ മുതൽ സെപ്തംബർ വരെയുള്ള കാലയളവിൽ അൻപത് ടണ്ണായി കുതിച്ചുയർന്നു. 2026 മേയ് മാസത്തിൽ കേന്ദ്ര സർക്കാർ സ്വർണ്ണത്തിന്റെ ഇറക്കുമതി തീരുവ ആറ് ശതമാനത്തിൽ നിന്ന് പതിനഞ്ച് ശതമാനമായി ഉയർത്തിയതും, അന്താരാഷ്ട്ര വിപണിയിൽ പത്ത് ഗ്രാം സ്വർണ്ണത്തിന് ഒന്നര ലക്ഷം രൂപയ്ക്ക് മുകളിലേക്ക് വില എത്തിയതുമാണ് കള്ളക്കടത്ത് സംഘങ്ങൾക്ക് വീണ്ടും വൻ ലാഭസാധ്യത തുറന്നുനൽകിയത്.

നികുതി നിരക്കുകളിലെ മാറ്റങ്ങൾ എങ്ങനെയാണ് കരിഞ്ചന്തയെ വളർത്തുന്നതെന്നും, കള്ളക്കടത്തുകാർ ഉപയോഗിക്കുന്ന നിയമപഴുതുകളും കെണികളും എന്തൊക്കെയാണെന്നും, ഇത് രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെയും സാധാരണക്കാരെയും എങ്ങനെ ബാധിക്കുന്നുവെന്നും താഴെ വിശദമായി പരിശോധിക്കാം...

സ്വർണ്ണക്കടത്ത് കുതിച്ചുയരാനുള്ള കാരണങ്ങളും നികുതി നിരക്കുകളുടെ സ്വാധീനവും

ഇന്ത്യൻ സ്വർണ്ണ വിപണിയിൽ കള്ളക്കടത്ത് വർദ്ധിക്കുന്നതിന് പിന്നിലെ പ്രധാന സാമ്പത്തിക ഘടകങ്ങളും നികുതി കണക്കുകളും താഴെ വ്യക്തമാക്കുന്നു.

നികുതി വർദ്ധനവും കള്ളക്കടത്തുകാരുടെ ലാഭക്കണക്കും

2026 മേയ് പതിമൂന്നിന് ഇറക്കുമതി തീരുവ പതിനഞ്ച് ശതമാനമായി ഉയർത്തുകയും, അതിനൊപ്പം മൂന്ന് ശതമാനം ജിഎസ്ടി കൂടി ചേരുകയും ചെയ്തതോടെ സ്വർണ്ണത്തിന്മേലുള്ള ആകെ നികുതി ഏകദേശം പതിനെട്ടര ശതമാനമായി മാറി. ഇത്രയും വലിയ നികുതി വെട്ടിച്ച് സ്വർണ്ണം കടത്തുന്നവർക്ക് ഒരു കിലോഗ്രാം സ്വർണ്ണത്തിൽ തീരുവ ഇനത്തിൽ മാത്രം പതിനെട്ട് ലക്ഷം രൂപയിലധികവും, ജിഎസ്ടി കൂടി ഒഴിവാക്കിയാൽ ഇരുപത്തിരണ്ടര ലക്ഷം രൂപ വരെയും ലാഭം ലഭിക്കുന്നു.

മുൻകാല അനുഭവങ്ങളും നികുതി കുറച്ചപ്പോഴുണ്ടായ മാറ്റവും

2024 ജൂലൈയിൽ കേന്ദ്ര സർക്കാർ സ്വർണ്ണത്തിന്റെ ഇറക്കുമതി തീരുവ 15 ശതമാനത്തിൽ നിന്ന് 6 ശതമാനമായി കുറച്ചപ്പോൾ, വെറും മൂന്ന് മാസത്തിനുള്ളിൽ സ്വർണ്ണക്കടത്ത് 24 ടണ്ണിൽ നിന്ന് മൂന്ന് ടണ്ണായി താഴ്ന്നിരുന്നു. നികുതി കുറയുമ്പോൾ കള്ളക്കടത്തിന്റെ ലാഭവിഹിതം ഇല്ലാതാകുകയും, നികുതി ഉയർത്തുമ്പോൾ കരിഞ്ചന്ത വീണ്ടും സജീവമാവുകയും ചെയ്യുന്ന പ്രവണതയാണ് കഴിഞ്ഞ ഒരു ദശകമായി വിപണിയിൽ ആവർത്തിക്കുന്നത്.

അന്താരാഷ്ട്ര വിലയും ആഭ്യന്തര വിപണിയിലെ കിഴിവും

വേൾഡ് ഗോൾഡ് കൗൺസിൽ റിപ്പോർട്ട് പ്രകാരം 2026 മൂന്നാം പാദത്തിൽ അന്താരാഷ്ട്ര വിലയേക്കാൾ ഔൺസിന് ശരാശരി നാൽപ്പത്തിമൂന്ന് ഡോളർ കുറഞ്ഞ നിരക്കിലാണ് ഇന്ത്യൻ വിപണിയിൽ സ്വർണ്ണം വ്യാപാരം ചെയ്യപ്പെട്ടത്. നിയമപരമായി നികുതി അടച്ച് സ്വർണ്ണം ഇറക്കുമതി ചെയ്യുന്നവർക്ക് നഷ്ടം സഹിച്ച് വിൽക്കാൻ കഴിയില്ലെന്നതിനാൽ, നികുതി വെട്ടിച്ചെത്തുന്ന സ്വർണ്ണം വിപണിയിൽ സജീവമാണെന്നതിന്റെ വ്യക്തമായ തെളിവാണിത്.



രൂപയുടെ മൂല്യവും കറന്റ് അക്കൗണ്ട് കമ്മി നിയന്ത്രണവും

രൂപയുടെ മൂല്യത്തകർച്ച തടയുന്നതിനും വിദേശനാണ്യ ശേഖരം സംരക്ഷിക്കുന്നതിനും വേണ്ടിയാണ് സർക്കാർ ഇറക്കുമതി തീരുവ വീണ്ടും ഉയർത്തിയത്. ഇതിന് മുന്നോടിയായി ഒരു വർഷത്തേക്ക് സ്വർണ്ണം വാങ്ങുന്നത് ഒഴിവാക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പൊതുജനങ്ങളോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും, നിക്ഷേപമെന്ന നിലയിലുള്ള ഡിമാൻഡ് കള്ളക്കടത്ത് സംഘങ്ങൾ മുതലെടുക്കുകയായിരുന്നു.

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയ്ക്കും നിയമപരമായ വ്യാപാരത്തിനും ഏൽക്കുന്ന പ്രഹരങ്ങൾ

കരിഞ്ചന്തയിലൂടെ സ്വർണ്ണം ഒഴുകുന്നത് രാജ്യത്തിന്റെ നികുതി വരുമാനത്തെയും അംഗീകൃത ജ്വല്ലറി മേഖലയെയും ഗുരുതരമായി ബാധിക്കുന്നു.

സർക്കാർ ഖജനാവിലുണ്ടാകുന്ന കോടികളുടെ നികുതി നഷ്ടം

ഔദ്യോഗിക കണക്കുകൾ പ്രകാരം 2026 മൂന്നാം പാദത്തിൽ നിയമപരമായ സ്വർണ്ണ ഇറക്കുമതി എഴുപത് ശതമാനം ഇടിഞ്ഞ് അറുപത്തിനാല് ടണ്ണായി കുറഞ്ഞു. ഏകദേശം അൻപത് ടൺ സ്വർണ്ണം അനധികൃതമായി എത്തുന്നതിലൂടെ ആയിരക്കണക്കിന് കോടി രൂപയുടെ കസ്റ്റംസ് തീരുവയും ജിഎസ്ടി വരുമാനവുമാണ് കേന്ദ്രസംസ്ഥാന സർക്കാരുകൾക്ക് നഷ്ടമാകുന്നത്.

അംഗീകൃത ജ്വല്ലറി ശൃംഖലകൾ നേരിടുന്ന മത്സരം

ടൈറ്റൻ ഉൾപ്പെടെയുള്ള പ്രമുഖ സംഘടിത ജ്വല്ലറി ബ്രാൻഡുകൾക്ക് ഉയർന്ന വിലയ്ക്ക് നിയമപരമായി സ്വർണ്ണം വാങ്ങേണ്ടി വരുമ്പോൾ, കരിഞ്ചന്തയിൽ നിന്ന് കുറഞ്ഞ വിലയ്ക്ക് സ്വർണ്ണം ലഭിക്കുന്ന അനൗദ്യോഗിക വ്യാപാരികൾ വിപണിയിൽ വലിയ വിലക്കുറവ് വാഗ്ദാനം ചെയ്യുന്നു. ഇത് സത്യസന്ധമായി നികുതി അടച്ച് വ്യാപാരം നടത്തുന്ന സ്ഥാപനങ്ങളുടെ ലാഭവിഹിതത്തെയും വിൽപ്പനയെയും പ്രതികൂലമായി ബാധിക്കുന്നു.

ഹവാല ഇടപാടുകളുടെയും കള്ളപ്പണത്തിന്റെയും വളർച്ച

സ്വർണ്ണക്കടത്തിന് പിന്നിൽ പ്രവർത്തിക്കുന്ന അന്താരാഷ്ട്ര ശൃംഖലകൾ പണം കൈമാറുന്നതിനായി അനധികൃത ഹവാല മാർഗ്ഗങ്ങളെയാണ് ആശ്രയിക്കുന്നത്. ഇത് രാജ്യത്തിന്റെ സാമ്പത്തിക സുരക്ഷയ്ക്ക് ഭീഷണിയാകുന്നതിനൊപ്പം കണക്കിൽപ്പെടാത്ത കള്ളപ്പണത്തിന്റെ പ്രവാഹം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

ഉപഭോക്താക്കൾക്ക് നഷ്ടമാകുന്ന ഗുണനിലവാര ഉറപ്പ്

കരിഞ്ചന്ത വഴി എത്തുന്ന സ്വർണ്ണത്തിന് കൃത്യമായ ബില്ലുകളോ ഹാൾമാർക്കിംഗ് പരിശോധനകളോ ഉണ്ടാകാറില്ല. വിലക്കുറവ് കണ്ട് ഇത്തരം സ്വർണ്ണം വാങ്ങുന്ന സാധാരണക്കാർക്ക് ഭാവിയിൽ അത് വിൽക്കുമ്പോഴോ പണയം വെക്കുമ്പോഴോ ഗുണനിലവാരക്കുറവ് കാരണം വലിയ സാമ്പത്തിക നഷ്ടം സംഭവിക്കുന്നു.

കള്ളക്കടത്തുകാരുടെ കെണികളും നിയമപഴുതുകളും പ്രതിരോധമാർഗ്ഗങ്ങളും

അന്വേഷണ ഏജൻസികളുടെ കണ്ണുവെട്ടിക്കാൻ കുറ്റവാളികൾ ഉപയോഗിക്കുന്ന തന്ത്രങ്ങളും അവ തടയാനുള്ള വഴികളും താഴെ പരിശോധിക്കാം.

സാധാരണക്കാരെയും യാത്രക്കാരെയും വീഴ്ത്തുന്ന കെണികൾ

ഗൾഫ് രാജ്യങ്ങളിൽ നിന്നും മറ്റും നാട്ടിലേക്ക് വരുന്ന സാധാരണക്കാരായ യാത്രക്കാർക്കും വിദ്യാർത്ഥികൾക്കും ചെറിയ പ്രതിഫലമോ സൗജന്യ വിമാന ടിക്കറ്റോ വാഗ്ദാനം ചെയ്താണ് കള്ളക്കടത്ത് സംഘങ്ങൾ കാരിയർമാരായി ഉപയോഗിക്കുന്നത്. പലപ്പോഴും മറ്റുള്ളവർ നൽകുന്ന സമ്മാനപ്പൊതികളിലോ കോഫി മേക്കർ പോലുള്ള ഗൃഹോപകരണങ്ങളിലോ ഒളിപ്പിച്ച സ്വർണ്ണത്തെക്കുറിച്ച് യാത്രക്കാർ അറിയാറുമില്ല.

നിയമപഴുതുകളും നൂതന ഒളിപ്പിക്കൽ രീതികളും

സ്വർണ്ണം പേസ്റ്റ് രൂപത്തിലാക്കിയും, മെഴുകിൽ കലർത്തിയ സ്വർണ്ണപ്പൊടിയാക്കിയും, വിമാനത്താവളങ്ങളിലെ കാർഗോ സംവിധാനങ്ങൾ വഴിയുള്ള അൺഅക്കംപനീഡ് ബാഗേജുകളിലൂടെയുമാണ് ഇപ്പോൾ പ്രധാനമായും കടത്തുന്നത്. കൂടാതെ, ബംഗ്ലാദേശ്, മ്യാൻമർ അതിർത്തികളിലൂടെയുള്ള കരമാർഗ്ഗങ്ങളും കൊറിയർ സർവീസുകളിലെ പഴുതുകളും തട്ടിപ്പുകാർ വ്യാപകമായി ഉപയോഗിക്കുന്നു.

ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസിന്റെ കർശന നടപടികൾ


2026 ഒക്ടോബറിൽ മാത്രം ഒരു വിമാനത്താവളത്തിൽ നിന്ന് പതിനെട്ട് കോടിയിലധികം രൂപ വിലമതിക്കുന്ന പന്ത്രണ്ട് കിലോ സ്വർണ്ണവും, മറ്റൊരു കേസിൽ അൺഅക്കംപനീഡ് ബാഗേജ് വഴി കടത്തിയ ആറിലധികം കിലോ സ്വർണ്ണവും ഡിആർഐ ഉദ്യോഗസ്ഥർ പിടികൂടിയിരുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത യാത്രക്കാരുടെ വിവര വിശകലനവും രഹസ്യാന്വേഷണ ശൃംഖലയും ശക്തമാക്കിയാണ് കസ്റ്റംസ് ഇതിനെ നേരിടുന്നത്.

നികുതി പരിഷ്കരണവും സമഗ്രമായ പ്രതിരോധ തന്ത്രങ്ങളും

അന്വേഷണ ഏജൻസികളുടെ ജാഗ്രതയ്ക്കൊപ്പം, ഇറക്കുമതി തീരുവ വീണ്ടും ആറ് ശതമാനത്തിലേക്ക് കുറയ്ക്കുന്ന കാര്യം കേന്ദ്ര ധനമന്ത്രാലയം ഗൗരവമായി പരിഗണിക്കുന്നുണ്ട്. നികുതി നിരക്കുകൾ യുക്തിസഹമാക്കുന്നതും, വാങ്ങുന്ന ഓരോ ഗ്രാം സ്വർണ്ണത്തിനും ഡിജിറ്റൽ ട്രാക്കിംഗ് നിർബന്ധമാക്കുന്നതും, അപരിചിതരുടെ ബാഗേജുകൾ ഏറ്റെടുക്കരുതെന്ന ബോധവൽക്കരണം ശക്തമാക്കുന്നതും കള്ളക്കടത്ത് പൂർണ്ണമായി തടയാൻ സഹായിക്കും.



കുൽഗാം ആക്രമണത്തിന് തിരിച്ചടി; ലഷ്കർ കമാൻഡർ ലത്തീഫ് ഭട്ടിനെ വധിച്ചു സൈന്യം



ന്യൂഡൽഹി: കുൽഗാമിൽ സി.ആർ.പി.എഫ് സേനാംഗങ്ങൾക്കുനേരെയുണ്ടായ ഭീകരാക്രമണത്തിന് പിന്നാലെ സുരക്ഷാസേന നടത്തിയ നിർണായക ഭീകരവിരുദ്ധ നീക്കത്തിൽ ലഷ്കർഇതൊയ്ബ കമാൻഡർ ലത്തീഫ് ഭട്ടിനെ ഇന്ത്യൻ സൈന്യം വധിച്ചു. നവംബർ 11ന് അക്രാനിലെ സി.ആർ.പി.എഫ് ചെക്ക്പോസ്റ്റിനു നേരെ വെടിയുതിർത്ത് മൂന്ന് സേനാംഗങ്ങളെ പരിക്കേൽപ്പിച്ച ആക്രമണത്തിൽ പങ്കുണ്ടെന്ന് പോലീസ് കണ്ടെത്തിയ ഭീകരനാണ് ഭട്ട്.

കുൽഗാമിലെ അക്രാനിൽ നടന്ന ആക്രമണത്തിൽ മൂന്ന് സി.ആർ.പി.എഫ് ജവാന്മാർക്ക് പരിക്കേറ്റതോടെയാണ് മേഖലയിൽ സുരക്ഷാ സേന തിരച്ചിൽ ശക്തമാക്കിയത്. ആക്രമണത്തിന് പിന്നിൽ പ്രവർത്തിച്ചവരെ കണ്ടെത്താൻ ജമ്മു കശ്മീർ പൊലീസും സി.ആർ.പി.എഫും സൈന്യവും സംയുക്തമായി പരിശോധന വ്യാപിപ്പിച്ചിരുന്നു. ആക്രമണത്തിന് മുമ്പ് ലത്തീഫ് ഭട്ടും കൂട്ടാളി ഉമർ നിസാർ ദാറും വിവിധ സ്ഥലങ്ങളിൽ നിരീക്ഷണം നടത്തിയതിന്റെ സി.സി.ടി.വി ദൃശ്യങ്ങൾ പോലീസ് പുറത്തുവിട്ടിരുന്നു. തുടർന്ന് നടത്തിയ ഓപ്പറേഷനിൽ തിങ്കളാഴ്ച ഉമർ നിസാർ ദാർ കൊല്ലപ്പെട്ടു.

കീഴടങ്ങാൻ വീഡിയോ കോൾ

മേഖലയിലെ ആരാധനാലയത്തിൽ ഭീകരൻ ഒളിച്ചതിനാൽ അതീവ ജാഗ്രതയോടെയായിരുന്നു സുരക്ഷാസേനയുടെ നീക്കം. ആരാധനാലയത്തിന് കേടുപാടുകൾ വരുത്താതെ ഓപ്പറേഷൻ പൂർത്തിയാക്കാനായിരുന്നു തീരുമാനം. ഇതിനായി എസ്.എസ്.പി അനായത് അലിയും ഒൻപതാം രാഷ്ട്രീയ റൈഫിൾസിന്റെ കമാൻഡിങ് ഓഫീസറും വീഡിയോ കോളിലൂടെ ലത്തീഫുമായി ദീർഘ നേരം സംസാരിച്ചു. ആയുധം താഴെവച്ച് കീഴടങ്ങണമെന്നും ജീവിതം ഇനിയും മുന്നിലുണ്ടെന്നും ഉദ്യോഗസ്ഥർ ഓർമ്മിപ്പിച്ചു.

'ഞങ്ങൾ നിനക്കൊപ്പമുണ്ട്' എന്നായിരുന്നു വീഡിയോ കോളിൽ ഒരു ഉദ്യോഗസ്ഥന്റെ വാക്കുകൾ. എന്നാൽ 'എനിക്ക് അല്ലാഹുവിനെ കാണണം, ഞാൻ സന്തോഷവാനാണ്' എന്നായിരുന്നു ലത്തീഫിന്റെ മറുപടി. കീഴടങ്ങാൻ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും വഴങ്ങാൻ തയ്യാറായില്ല. തുടർന്ന് ഇന്നലെ പുലർച്ചെ 2.45ഓടെ പള്ളിക്കുള്ളിൽനിന്ന് സുരക്ഷാസേനയ്ക്കുനേരെ ലത്തീഫ് വെടിയുതിർത്തോടെയാണ് ഏറ്റുമുട്ടൽ ആരംഭിച്ചത്. പരമാവധി സംയമനം പാലിച്ച സേന ഭീകരനെ പുറത്തുകൊണ്ടുവരാൻ കണ്ണീർവാതക ഷെല്ലുകൾ പ്രയോഗിച്ചു. തുടർന്ന് പുറത്തുവന്ന ലത്തീഫിനെ വെടിവച്ചുവീഴ്ത്തി. ഇയാളുടെ മൃതദേഹവും ആയുധവും ഏറ്റുമുട്ടൽ സ്ഥലത്തുനിന്ന് കണ്ടെടുത്തു.

'ചില വിഭവങ്ങൾ തണുപ്പോടെയാണ് വിളമ്പേണ്ടത്'

ലത്തീഫ് ഭട്ട് കൊല്ലപ്പെട്ടതിനു പിന്നാലെ സി.ആർ.പി.എഫ് ഡയറക്ടർ ജനറൽ ജി.പി. സിംഗ് സമൂഹമാദ്ധ്യമത്തിൽ നടത്തിയ പ്രതികരണവും ശ്രദ്ധേയമായി. 'ചില വിഭവങ്ങൾ തണുപ്പോടെയാണ് വിളമ്പേണ്ടത്' എന്നായിരുന്നു അദ്ദേഹത്തിന്റെ കുറിപ്പ്.

ലഷ്കർ ഇ തൊയ്ബയുടെ ദക്ഷിണ കശ്മീരിലെ പ്രധാന പ്രാദേശിക കമാൻഡർമാരിലൊരാളായിരുന്നു ലത്തീഫ് ഭട്ട്. അനന്ത്നാഗിൽ പൊലീസുകാരൻ കൊല്ലപ്പെട്ട ആക്രമണത്തിലും കുൽഗാമിൽ കുടിയേറ്റ തൊഴിലാളികൾ കൊല്ലപ്പെട്ട സംഭവത്തിലും ഇയാൾക്ക് പങ്കുണ്ടെന്ന് സംശയിച്ചിരുന്നു.

രാജ്യത്ത് സാമ്പത്തിക പ്രതിസന്ധി: രാഹുൽ ഗാന്ധി



ന്യൂഡൽഹി: മോദി സർക്കാരിന്റെ സാമ്പത്തിക നയങ്ങൾ തൊഴിലില്ലായ്മ വർദ്ധിപ്പിക്കുകയാണെന്നും രാജ്യം സാമ്പത്തിക ദുരന്തത്തിലേക്ക് നീങ്ങുകയാണെന്നും കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി. യു.എസിലെ കൊളംബിയ സർവകലാശാലയിൽ നടന്ന സംവാദത്തിലാണ് വിമർശനം. വോട്ടുകൊള്ള അടക്കം വിഷയങ്ങളും അദ്ദേഹം ഉയർത്തി. ഒരു പതിറ്റാണ്ടായി രാജ്യത്തിന്റെ സാമ്പത്തിക മാതൃക ഒരു ഫലവുമുണ്ടാക്കുന്നില്ല. തൊഴിലില്ലായ്മ വർദ്ധിച്ചതും വിദ്യാഭ്യാസ സമ്പ്രദായത്തിലെ ബലഹീനതകളും ഉത്പാദന ശേഷി കുറച്ചതും ഇന്ത്യയുടെ ഭാവിക്ക് വെല്ലുവിളിയാണ്.

വിദ്യാസമ്പന്നരായ യുവാക്കൾക്ക് തൊഴിൽ ലഭിക്കാത്തതിനാൽ മദ്ധ്യവർഗ കുടുംബങ്ങൾ നിരാശരാണ്. ഐ.ഐ.ടി, ഐ.ഐ.എം ബിരുദങ്ങൾക്ക് വിലയില്ലാതായി. ഇതിന്റെ പ്രതിഫലനമായിരുന്നു വിദ്യാർത്ഥി പ്രതിഷേധം. മേക്ക് ഇൻ ഇന്ത്യ, സ്റ്റാർട്ടപ്പ് ഇന്ത്യ തുടങ്ങിയ പദ്ധതികൾ തൊഴിലവസരങ്ങളുണ്ടാക്കുന്നില്ല. ഏതാനും ബിസിനസ് ഗ്രൂപ്പുകൾക്ക് മാത്രമാണ് നേട്ടം. രാജ്യത്ത് തിരഞ്ഞെടുപ്പ് ക്രമക്കേടുകൾ നടന്നു. അതിന്റെ തെളിവുകളുണ്ട്. ഭയത്തിന്റെ അന്തരീക്ഷം മാറി. ജനങ്ങൾ തുറന്നു സംസാരിക്കാൻ തുടങ്ങി. ഇതു മനസിലാക്കാനാകാതെ പ്രതിഷേധങ്ങൾ അടിച്ചമർത്താനാണ് സർക്കാർ നീക്കമെന്നും രാഹുൽ ആരോപിച്ചു.

വികസനം കാണാൻ കാഴ്ചയില്ല: ബി.ജെ.പി

രാജ്യത്തെ വികസനം മനസിലാക്കാനുള്ള കാഴ്ച രാഹുലിനില്ലെന്ന് ബി.ജെ.പി അദ്ധ്യക്ഷൻ നിതിൻ നബിൻ പ്രതികരിച്ചു. ആഗോള പ്രതിസന്ധിക്കിടയിലും രാജ്യം നേടിയ സാമ്പത്തിക വളർച്ചയും ആളോഹരി വരുമാനവും അന്താരാഷ്ട്ര സ്ഥാപനങ്ങൾ വരെ അംഗീകരിച്ചു. പാർട്ടിക്കും തനിക്കും വളർച്ചയുണ്ടാകാത്തതിന്റെ നിരാശയാണ് രാഹുലിന്. വിദേശത്ത് ഇന്ത്യയെ അപമാനിക്കുന്ന പ്രതിപക്ഷ നേതാവ് രാജ്യത്തിന്റെ നിർഭാഗ്യമാണ്. വിദേശികളുടെ ഉപകരണമായി ഇന്ത്യയിൽ കുഴപ്പം വിതയ്ക്കാനുള്ള പദ്ധതി വിജയിക്കില്ല. ഇന്ത്യയിൽ യൂറോപ്യൻ കാഴ്ചപ്പാട് ഇറക്കുമതി ചെയ്യാനാണ് ശ്രമമെന്നും നിതിൻ പറഞ്ഞു.

നുണ പറഞ്ഞ് വാർത്തകളിൽ ഇടം നേടാനുള്ള ശ്രമമാണ് രാഹുലിന്റേത്. ഇവിടെ ആരും ശ്രദ്ധിക്കാതായപ്പോൾ വിദേശത്ത് പോയി വിലകുറഞ്ഞ പ്രസ്താവന നടത്തുന്നു. അവിടെ ഇന്ത്യാ വിരുദ്ധ സുഹൃത്തുക്കളെയും ഹാൻഡ്ലർമാരെയും കണ്ട് ഗൂഢാലോചനകൾ നടത്തുന്നു. രാഹുൽ തന്റെ പാർട്ടിക്കും ഇന്ത്യൻ ജനാധിപത്യത്തിനും ബാദ്ധ്യതയാണെന്ന് അനുരാഗ് താക്കൂർ എം.പി പറഞ്ഞു.

യോഗിയുടെ തട്ടകത്തിൽ രഥയാത്ര, അഖിലേഷിന് ബുൾഡോസർ വരവേൽപ്പ്



ന്യൂഡൽഹി: ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥിന്റെ തട്ടകമായ ഗൊരഖ്പൂരിൽ ശക്തിപ്രകടനവുമായി സമാജ്വാദി പാർട്ടി (എസ്.പി) അദ്ധ്യക്ഷൻ അഖിലേഷ് യാദവ്.

നിയമസഭാ തിരഞ്ഞെടുപ്പ് അടുത്തിരിക്കെയാണ് എസ്.പി 20 കിലോമീറ്റർ 'പി.ഡി.എ രഥയാത്ര' സംഘടിപ്പിച്ചത്. പിന്നാക്ക വിഭാഗങ്ങളെയും ദളിതരെയും ന്യൂനപക്ഷങ്ങളെയും ഒന്നിപ്പിച്ചുകൊണ്ടുപോകാനുള്ള രാഷ്ട്രീയ നീക്കത്തിന്റെ ഭാഗമാണ് യാത്ര. ഇന്നലെ ഗൊരഖ്പൂരിലെത്തിയ അഖിലേഷിന് പ്രവർത്തകർ ഒരുക്കിയത് വൻ സ്വീകരണം. ബുൾഡോസറുകൾക്ക് മുകളിൽ കയറിയ പ്രവർത്തകർ പൂക്കൾ വിതറിയാണ് വരവേറ്റത്. ഭീമൻ പൂമാലകളും മുദ്രാവാക്യങ്ങളും സംഗീതവും യാത്രയ്ക്ക് ആവേശം പകർന്നു. രണ്ട് ക്രെയിനുകളുടെ സഹായത്തോടെ ഉയർത്തിയ കൂറ്റൻ പൂമാലയും സ്വീകരണത്തിന്റെ ഭാഗമായി.

ഗൊരഖ്പൂർ വിമാനത്താവളത്തിൽ ഉച്ചയ്ക്ക് 12.30ഓടെ ചാർട്ടേഡ് വിമാനത്തിലെത്തിയ അഖിലേഷിനെ ആയിരത്തിലേറെ പ്രവർത്തകർ സ്വീകരിച്ചു. ജില്ലയിലെ ഒമ്പത് നിയമസഭാ മണ്ഡലങ്ങളിൽ നിന്നുള്ള പ്രവർത്തകരും കിഴക്കൻ ഉത്തർപ്രദേശിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവരും പങ്കെടുത്തു.

ഗൊരഖ്പൂർ നൽകുന്ന സൂചന ബി.ജെ.പിയുടെ ശക്തികേന്ദ്രം ഇളകുന്നുവെന്നാണ്. ഇത്തവണ ജില്ലയിലെ ഒമ്പത് സീറ്റുകളിലും ബി.ജെ.പിയെ ജനങ്ങൾ പരാജയപ്പെടുത്തും. പി.ഡി.എയുടെ ഐക്യം ആധിപത്യശക്തികളെ തോൽപ്പിക്കും.





ഇറാൻ യുദ്ധത്തിലെ അനിശ്ചിതത്വം പശ്ചിമേഷ്യൻ സമ്പദ്‌വ്യവസ്ഥയെയും എണ്ണവിലയെയും ഉലയ്ക്കുമ്പോൾ!

പശ്ചിമേഷ്യൻ മണലാരണ്യങ്ങളിലും പേർഷ്യൻ ഉൾക്കടലിലെ തിരമാലകളിലും യുദ്ധത്തിന്റെ പുകപടലങ്ങൾ ഉയരാൻ തുടങ്ങിയിട്ട് ഒൻപത് മാസങ്ങൾ പിന്നിടുമ്പോൾ, സമാധാന കരാറിലേക്ക് എത്താതെ സമയത്തെ തങ്ങൾക്ക് അനുകൂലമാക്കാനുള്ള തന്ത്രപരമായ നീക്കങ്ങളിലാണ് വാഷിംഗ്ടണും ടെഹ്റാനും!

2026 ഫെബ്രുവരി അവസാന വാരത്തിൽ ആരംഭിച്ച അമേരിക്ക -ഇറാൻ സംഘർഷം നവംബർ പകുതി പിന്നിടുമ്പോഴും കൃത്യമായൊരു പരിഹാരമില്ലാതെ തുടരുന്നത് ആഗോള സാമ്പത്തിക ഊർജ്ജ മേഖലകളിൽ കടുത്ത ആശങ്കയാണ് സൃഷ്ടിക്കുന്നത്. ഹോർമുസ് കടലിടുക്കിലൂടെയുള്ള കപ്പൽ ഗതാഗതത്തിന്മേലുള്ള നിയന്ത്രണങ്ങളും, ബഹ്റൈനിലെ സൈനിക താവളങ്ങൾക്ക് നേരെ നടക്കുന്ന ഡ്രോൺ ആക്രമണങ്ങളും, അന്താരാഷ്ട്ര എണ്ണവിലയിലുണ്ടാകുന്ന ചാഞ്ചാട്ടങ്ങളും ലോകരാജ്യങ്ങളുടെ സാമ്പത്തിക കണക്കുകൂട്ടലുകളെ പാടെ തെറ്റിച്ചിരിക്കുകയാണ്. ഈ നീണ്ടുപോകുന്ന യുദ്ധസാഹചര്യം ഗൾഫ് രാജ്യങ്ങളുടെ സാമ്പത്തിക ഭദ്രതയെയും, ക്രൂഡ് ഓയിൽ വിപണിയെയും, ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളിലെ സാധാരണക്കാരുടെ ജീവിതച്ചെലവുകളെയും എങ്ങനെയെല്ലാം സ്വാധീനിക്കുന്നുവെന്ന് താഴെ വിശദമായി പരിശോധിക്കാം...

സമയത്തെ കരുവാക്കുന്ന തന്ത്രങ്ങളും ഒൻപതാം മാസത്തിലെ യുദ്ധസ്തംഭനവും

ഇരുരാജ്യങ്ങളും തമ്മിലുള്ള നേരിട്ടുള്ള ഏറ്റുമുട്ടലുകൾക്കൊപ്പം നയതന്ത്ര തലത്തിലും വലിയ വടംവലികളാണ് ഇപ്പോൾ നടക്കുന്നത്.

വാഷിംഗ്ടണിന്റെ സമ്മർദ്ദ തന്ത്രങ്ങളും നിലപാടുകളും

ഇറാൻ തങ്ങളുടെ ആണവ പദ്ധതികളിലും ഹോർമുസ് കടലിടുക്കിലെ ഇടപെടലുകളിലും വിട്ടുവീഴ്ചയ്ക്ക് തയ്യാറാകാത്ത സാഹചര്യത്തിൽ, ഇറാൻ തുറമുഖങ്ങൾക്ക് മേലുള്ള നാവിക ഉപരോധം തുടരാനാണ് അമേരിക്കൻ ഭരണകൂടത്തിന്റെ തീരുമാനം. നിലവിലെ അവസ്ഥ തുടരുന്നത് അമേരിക്കയെ സംബന്ധിച്ച് സ്വീകാര്യമാണെന്നും, എന്നാൽ ദീർഘകാലത്തേക്ക് ഒരു സൈനിക ഇടപെടലിന് അമേരിക്ക ഉദ്ദേശിക്കുന്നില്ലെന്നും വൈസ് പ്രസിഡന്റ് ജെ.ഡി. വാൻസ് വ്യക്തമാക്കിയിട്ടുണ്ട്.



ടെഹ്റാന്റെ കാത്തിരിപ്പ് നയവും ആഭ്യന്തര സമ്മർദ്ദങ്ങളും

അമേരിക്കയിലെ മിഡ്ടേം തെരഞ്ഞെടുപ്പ് ഫലങ്ങൾക്ക് ശേഷം വാഷിംഗ്ടണിൽ നിന്ന് അനുകൂലമായ നയമാറ്റങ്ങൾ ഉണ്ടാകുമെന്ന പ്രതീക്ഷയിലാണ് ടെഹ്റാൻ ചർച്ചകൾ നീട്ടിക്കൊണ്ടുപോകുന്നത്. എന്നാൽ രാജ്യത്തിനകത്ത് വർദ്ധിച്ചുവരുന്ന വിലക്കയറ്റവും സാമ്പത്തിക പ്രതിസന്ധിയും കാരണം യുദ്ധത്തിൽ നിന്ന് മാന്യമായ ഒരു പിന്മാറ്റം വേണമെന്ന ആവശ്യം ഇറാനിലെ മാധ്യമങ്ങൾക്കിടയിൽ തന്നെ ശക്തമാകുന്നുണ്ട്.

ഹോർമുസ് കടലിടുക്കിലെ സുരക്ഷാ ഭീഷണികളും കപ്പൽ ആക്രമണങ്ങളും

ലോകത്തിലെ എണ്ണ വ്യാപാരത്തിന്റെ നാലിലൊന്ന് നടക്കുന്ന ഹോർമുസ് കടലിടുക്കിൽ എണ്ണക്കപ്പലുകൾക്ക് നേരെയുള്ള ആക്രമണങ്ങൾ വീണ്ടും വർദ്ധിച്ചത് ആശങ്ക ഉയർത്തുന്നുണ്ട്. ഒമാൻ തീരത്തിന് സമീപം ചരക്കുകപ്പലുകൾക്ക് നേരെ നടന്ന ആക്രമണങ്ങളും, ബഹ്റൈനിലെ അമേരിക്കൻ റഡാർ സംവിധാനങ്ങൾക്ക് നേരെ ഇറാൻ നടത്തിയ ഡ്രോൺ നീക്കങ്ങളും മേഖലയിലെ സംഘർഷം അയഞ്ഞിട്ടില്ലെന്നതിന്റെ തെളിവാണ്.

പാശ്ചാത്യ സഖ്യകക്ഷികളുടെ മധ്യസ്ഥ ശ്രമങ്ങൾ

ഒമാൻ ഉൾപ്പെടെയുള്ള പ്രാദേശിക രാജ്യങ്ങളുടെ മധ്യസ്ഥതയിൽ സമാധാന ചർച്ചകൾക്കുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും, ആണവ പരിശോധനകൾ പുനരാരംഭിക്കുന്ന കാര്യത്തിലും ഉപരോധങ്ങൾ നീക്കുന്ന കാര്യത്തിലും ഇരുപക്ഷവും വിട്ടുവീഴ്ചയ്ക്ക് തയ്യാറായിട്ടില്ല.

പശ്ചിമേഷ്യൻ രാജ്യങ്ങളിലെ സാമ്പത്തിക ആഘാതങ്ങളും അടിസ്ഥാന സൗകര്യ ഭീഷണികളും

അഞ്ച് പതിറ്റാണ്ടിനിടയിലെ ഏറ്റവും വലിയ സാമ്പത്തിക ആഘാതമാണ് ഈ യുദ്ധം ഗൾഫ് മേഖലയിൽ സൃഷ്ടിച്ചിരിക്കുന്നത്.

എണ്ണ ഇതര വരുമാന മേഖലകളിലെ മാന്ദ്യവും നിക്ഷേപ ഇടിവും

അന്താരാഷ്ട്ര ഏജൻസിയായ അലയൻസ് ട്രേഡിന്റെ കണക്കുകൾ പ്രകാരം, ഈ യുദ്ധം ഗൾഫ് രാജ്യങ്ങൾക്ക് ഇതിനോടകം ഇരുനൂറ് ബില്യൺ ഡോളറിലധികം നഷ്ടമുണ്ടാക്കുകയും 2030 ഓടെ ഇത് എഴുന്നൂറ്റി തൊണ്ണൂറ് ബില്യൺ ഡോളറിലേക്ക് എത്തുകയും ചെയ്യും. കപ്പൽ ഗതാഗതം തടസ്സപ്പെട്ടതും ഇൻഷുറൻസ് നിരക്കുകൾ കുത്തനെ ഉയർന്നതും വിദേശ നിക്ഷേപങ്ങളെയും വ്യാപാര പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിച്ചു.

ഭക്ഷ്യ – ശുദ്ധ – ജല സുരക്ഷ നേരിടുന്ന വെല്ലുവിളികൾ

ഗൾഫ് സഹകരണ കൗൺസിൽ രാജ്യങ്ങളിലേക്കുള്ള എഴുപത് ശതമാനത്തോളം ഭക്ഷ്യവസ്തുക്കളും എത്തുന്നത് ഹോർമുസ് കടലിടുക്ക് വഴിയായതിനാൽ പ്രാദേശിക വിപണികളിൽ അവശ്യസാധനങ്ങളുടെ വില ഉയരാൻ കാരണമായിട്ടുണ്ട്. കൂടാതെ, കടൽജലം ശുദ്ധീകരിക്കുന്ന പ്ലാന്റുകളെ ആശ്രയിച്ചാണ് ഖത്തർ, ബഹ്റൈൻ, യു.എ.ഇ, കുവൈറ്റ് എന്നിവിടങ്ങളിലെ കുടിവെള്ള വിതരണം നടക്കുന്നത് എന്നതിനാൽ ഈ കേന്ദ്രങ്ങളുടെ സുരക്ഷയും അതീവ ഗൗരവത്തോടെയാണ് കാണുന്നത്.

ബഹ്റൈൻ, ഇറാഖ് സമ്പദ്‌വ്യവസ്ഥകളിലെ സമ്മർദ്ദങ്ങൾ

എണ്ണ, അലുമിനിയം കയറ്റുമതി കുറഞ്ഞത് ബഹ്റൈന്റെ പൊതുവരുമാനത്തെ ബാധിച്ചപ്പോൾ, യു.എ.ഇ ഇരുപത് ബില്യൺ ദിർഹത്തിന്റെ കറൻസി സ്വാപ്പ് കരാറിലൂടെ ബഹ്റൈന് സാമ്പത്തിക പിന്തുണ നൽകി. മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ തൊണ്ണൂറ് ശതമാനവും എണ്ണ കയറ്റുമതിയെ ആശ്രയിക്കുന്ന ഇറാഖും കടുത്ത സാമ്പത്തിക സമ്മർദ്ദത്തിലാണ്.

ദുബായ് വ്യോമയാനവ്യാപാര മേഖലയുടെ അതിജീവന ശ്രമങ്ങൾ

പ്രതിസന്ധികൾക്കിടയിലും ദുബായ് അന്താരാഷ്ട്ര വിമാനത്താവളം വഴിയുള്ള യാത്രക്കാരുടെ എണ്ണത്തിൽ മൂന്നാം പാദത്തിൽ വലിയ തിരിച്ചുവരവ് രേഖപ്പെടുത്തിയത് ഗൾഫ് മേഖലയ്ക്ക് ആശ്വാസമായി. എങ്കിലും സൗദി അറേബ്യയുടെ വൻകിട വികസന പദ്ധതികൾക്കും പ്രാദേശിക വ്യാപാര ഇടനാഴികൾക്കും ദീർഘകാല സമാധാനം അനിവാര്യമാണ്.

ആഗോള എണ്ണവിലയിലെ ചാഞ്ചാട്ടങ്ങളും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിലെ പ്രതിഫലനങ്ങളും

ഊർജ്ജ വിപണിയിലുണ്ടാകുന്ന മാറ്റങ്ങൾ ആഗോള പണപ്പെരുപ്പത്തെയും ഇന്ത്യയുടെ സാമ്പത്തിക വളർച്ചയെയും നേരിട്ട് സ്വാധീനിക്കുന്നുണ്ട്.

ബാരലിന് തൊണ്ണൂറ്റിരണ്ട് ഡോളറിലേക്ക് എത്തിയ ക്രൂഡ് ഓയിൽ നിരക്ക്

യുദ്ധത്തിന്റെ തുടക്കത്തിൽ ബാരലിന് നൂറ്റിയിരുപത്തിയാറ് ഡോളർ വരെ കുതിച്ചുയർന്ന ബ്രെന്റ് ക്രൂഡ് ഓയിൽ വില, നിലവിൽ തൊണ്ണൂറ്റിരണ്ട് ഡോളറിന് മുകളിലാണ് വ്യാപാരം നടക്കുന്നത്. ഇത് യുദ്ധത്തിന് മുൻപുണ്ടായിരുന്ന നിരക്കിനേക്കാൾ നാൽപ്പത് ശതമാനത്തോളം കൂടുതലാണ്.

ഇന്ത്യയുടെ ഇറക്കുമതി ചെലവുകളും രൂപയുടെ മൂല്യവും

ആവശ്യമുള്ള ക്രൂഡ് ഓയിലിന്റെ എൺപത് ശതമാനത്തിലധികം ഇറക്കുമതി ചെയ്യുന്ന ഇന്ത്യയ്ക്ക് അന്താരാഷ്ട്ര എണ്ണവില ഉയർന്നു നിൽക്കുന്നത് വിദേശനാണ്യ ശേഖരത്തിന്മേൽ സമ്മർദ്ദമുണ്ടാക്കുന്നു. കപ്പലുകളുടെ ഇൻഷുറൻസ് നിരക്കും ചരക്കുകൂലിയും വർദ്ധിക്കുന്നത് കയറ്റുമതി -ഇറക്കുമതി മേഖലകളിലെ ചെലവുകൾ ഉയർത്തുന്നുണ്ട്.

ഗൾഫ് മേഖലയിലെ ഇന്ത്യൻ വംശജരുടെ തൊഴിൽ സുരക്ഷ

പശ്ചിമേഷ്യൻ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന ലക്ഷക്കണക്കിന് ഇന്ത്യൻ വംശജർക്ക് മേഖലയിലെ സമാധാനം ഏറെ പ്രധാനമാണ്. ഗൾഫ് രാജ്യങ്ങളിലെ നിർമ്മാണ, വ്യാപാര, സേവന മേഖലകൾ സുഗമമായി മുന്നോട്ട് പോകുന്നത് ഇന്ത്യയിലേക്കുള്ള വിദേശനാണ്യ വരവിനെ നിലനിർത്തുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്നു.

ആഗോള വളർച്ചാ നിരക്കിലുണ്ടാകുന്ന മാന്ദ്യം

ഊർജ്ജ വില വർദ്ധനവ് കാരണം യൂറോപ്യൻ, ഏഷ്യൻ വിപണികളിൽ ഉൽപ്പാദനച്ചെലവ് ഉയരുന്നത് ആഗോള സാമ്പത്തിക വളർച്ചയെ മന്ദഗതിയിലാക്കുമെന്ന് അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങൾ മുന്നറിയിപ്പ് നൽകുന്നു. ഹോർമുസ് കടലിടുക്കിലെ തടസ്സങ്ങൾ നീങ്ങുകയും സമാധാന ചർച്ചകൾ വിജയിക്കുകയും ചെയ്താൽ മാത്രമേ വിപണിയിൽ പൂർണ്ണമായ സ്ഥിരത കൈവരുകയുള്ളൂ.

അമേരിക്കയെ പിടിച്ചുലച്ച സാങ്കേതിക തടസ്സങ്ങൾ: സൈബർ ആക്രമണമല്ലെന്ന് ഉന്നത ഉദ്യോഗസ്ഥർ; ഇറാൻ ഭീഷണിയിൽ ജാഗ്രത

വാഷിംഗ്ടൺ: അമേരിക്കയിലെ വിമാനത്താവളങ്ങൾ, ബാങ്കുകൾ, മൈക്രോസോഫ്റ്റ് സേവനങ്ങൾ, ദേശീയ സുരക്ഷാ സംവിധാനങ്ങൾ എന്നിവയെ ഒരേസമയം സ്തംഭിപ്പിച്ച സാങ്കേതിക തകരാറുകൾക്ക് പിന്നിൽ സൈബർ ആക്രമണമല്ലെന്ന് ഉന്നത യു.എസ് സുരക്ഷാ ഉദ്യോഗസ്ഥർ കോൺഗ്രസിനെ അറിയിച്ചു. ബുധനാഴ്ച നടന്ന ഹൗസ് ഹോംലാൻഡ് സെക്യൂരിറ്റി കമ്മിറ്റി ഹിയറിംഗിലാണ് ഹോംലാൻഡ് സെക്യൂരിറ്റി സെക്രട്ടറി മാർക്വെയ്ൻ മുള്ളിൻ, നാഷണൽ ഇന്റലിജൻസ് ഡയറക്ടർ ജയ് ക്ലേട്ടൺ, എഫ്.ബി.ഐ ഡെപ്യൂട്ടി ഡയറക്ടർ ക്രിസ്റ്റഫർ റായ എന്നിവർ ഇക്കാര്യം വ്യക്തമാക്കിയത്. തകരാറുകൾക്ക് പിന്നിൽ വിദേശ ശക്തികളുടെ ഇടപെടലുണ്ടെന്ന അഭ്യൂഹങ്ങൾ തള്ളിക്കളഞ്ഞ ഉദ്യോഗസ്ഥർ, എന്നാൽ രാജ്യത്തിനകത്തും പുറത്തും ഇറാനിയൻ ഭീഷണി ശക്തമാണെന്ന മുന്നറിയിപ്പും നൽകി.

തുടർച്ചയായുണ്ടായ സാങ്കേതിക തടസ്സങ്ങൾ പരസ്പരംബന്ധപ്പെട്ടതാണെന്നോ ഏതെങ്കിലും രാജ്യത്തിന്റെ പിന്തുണയോടെയുള്ള സൈബർ ആക്രമണമാണെന്നോ തെളിയിക്കുന്ന യാതൊന്നും കണ്ടെത്താനായിട്ടില്ലെന്ന് മാർക്വെയ്ൻ മുള്ളിൻ പറഞ്ഞു. വിദേശ ശത്രുക്കളുടെ ഇടപെടലല്ല ഇതിന് പിന്നിലെന്ന് തനിക്ക് 98 ശതമാനം ഉറപ്പുണ്ടെങ്കിലും, ഇത്രയും കുറഞ്ഞ സമയത്തിനുള്ളിൽ ഇത്രയധികം സാങ്കേതിക തകരാറുകൾ ഉണ്ടാകുന്നത് ആദ്യമായാണ് കാണുന്നതെന്നും അദ്ദേഹം സമ്മതിച്ചു. പതിവ് അറ്റകുറ്റപ്പണികളും സാങ്കേതിക മാറ്റങ്ങളുമാണ് വിവിധയിടങ്ങളിൽ ഒറ്റപ്പെട്ട സേവന തടസ്സങ്ങൾക്ക് കാരണമായതെന്ന് ജയ് ക്ലേട്ടണും വ്യക്തമാക്കി. സംഭവത്തിൽ സൈബർ ആക്രമണ സൂചനകളൊന്നുമില്ലെന്ന് എഫ്.ബി.ഐ ഡെപ്യൂട്ടി ഡയറക്ടർ ക്രിസ്റ്റഫർ റായയും സ്ഥിരീകരിച്ചു.

വെള്ളിയാഴ്ച രാജ്യവ്യാപകമായി വിമാന സർവീസുകൾ മണിക്കൂറുകളോളം നിർത്തിവയ്ക്കേണ്ടി വന്നത് യാത്രക്കാരെ വലിയ ദുരിതത്തിലാക്കിയിരുന്നു. 2001 സെപ്രംബർ 11ന് ശേഷമുണ്ടായ ഏറ്റവും വലിയ രണ്ടാമത്തെ വിമാന ഗതാഗത തടസ്സമായിരുന്നു ഇത്. പഴയ ചെമ്പ് കേബിളുകൾ മാറ്റി ഫൈബർ ഒപ്രിക് ലൈനുകൾ സ്ഥാപിക്കുന്നതിനിടെ എഫ്.എ.എ കരാറുകാരായ എൽ3 ഹാരിസ് ടെക്നോളജീസിന്റെ റൂട്ടറിലുണ്ടായ സാങ്കേതിക പിഴവാണ് സിസ്റ്റം തകരാറിലാകാൻ കാരണമെന്ന് ഉദ്യോഗസ്ഥർ വിശദീകരിച്ചു. അതേസമയം, തിങ്കളാഴ്ച ദേശീയ സുരക്ഷാ ഏജൻസിയിൽ ഉണ്ടായ തകരാറിനെക്കുറിച്ച് ഡെമോക്രാറ്റിക് പ്രതിനിധി ഡാൻ ഗോൾഡ്മാൻ ഉന്നയിച്ച നേരിട്ടുള്ള ചോദ്യങ്ങൾക്ക് ക്ലേട്ടൺ വ്യക്തമായ ഉത്തരം നൽകാത്തത് ഹിയറിംഗിൽ തർക്കത്തിന് ഇടയാക്കി. കാലഹരണപ്പെട്ട സർക്കാർ സാങ്കേതിക സംവിധാനങ്ങൾ പുതിയ കാലത്തെ വേഗതയ്ക്കൊപ്പം എത്താത്തതാണ് ഇത്തരം പ്രതിസന്ധികൾക്ക് കാരണമാകുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വിമാനത്താവളങ്ങൾ പ്രതിസന്ധിയിലായതിന് തൊട്ടടുത്ത ദിവസം കോളേജ് ഫുട്ബോൾ മത്സരം കാണാൻ സർക്കാർ വിമാനത്തിൽ യാത്ര ചെയ്തതിന് മാർക്വെയ്ൻ മുള്ളിൻ കമ്മിറ്റിയിൽ വിമർശനം നേരിട്ടു. എന്നാൽ താൻ യാത്ര ചെയ്തില്ലായിരുന്നെങ്കിൽ അത് രാജ്യത്തിന്റെ വ്യോമസുരക്ഷയിലുള്ള അവിശ്വാസമായി വ്യാഖ്യാനിക്കപ്പെടുമായിരുന്നു എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

സാങ്കേതിക തകരാറുകൾക്ക് പുറമെ, മുതിർന്ന ട്രംപ് ഭരണകൂട ഉദ്യോഗസ്ഥരെ ലക്ഷ്യമിട്ട് ഇറാൻ ബന്ധമുള്ളവർ 'ഡേർട്ടി ബോംബ്' അഥവാ റേഡിയോളജിക്കൽ ആയുധങ്ങളോ രാസായുധങ്ങളോ ഉപയോഗിക്കാൻ പദ്ധതിയിടുന്നുണ്ടെന്ന റിപ്പോർട്ടുകളും സമിതിയിൽ ചർച്ചയായി. അമേരിക്കയ്ക്കുള്ളിൽ ഇറാനിയൻ സ്ലീപ്പർ സെല്ലുകൾ പ്രവർത്തിക്കാനുള്ള സാധ്യതയെക്കുറിച്ച് റിപ്പബ്ലിക്കൻ പ്രതിനിധി മൈക്കൽ ഗസ്റ്റ് ആശങ്ക പ്രകടിപ്പിച്ചു. ഇത്തരം ഭീഷണികളെ അതീവ ഗൗരവത്തോടെയാണ് കാണുന്നതെന്നും അവയെ തകർക്കാൻ സുരക്ഷാ ഏജൻസികൾ നിരന്തരം പ്രവർത്തിക്കുന്നുണ്ടെന്നും ഉദ്യോഗസ്ഥർ ഉറപ്പുനൽകി. ഇറാനിയൻ ഭീഷണികൾ നാടകീയമായി വർദ്ധിച്ചിട്ടുണ്ടെന്ന് മുന്നറിയിപ്പ് നൽകിയ ക്ലേട്ടൺ, ഓൺലൈൻ വഴിയുള്ള തീവ്രവാദ ആശയപ്രചരണത്തിലൂടെ രാജ്യത്തിനകത്തുള്ളവരെ സ്വാധീനിക്കാൻ വിദേശ ശൃംഖലകൾ ശ്രമിക്കുന്നുണ്ടെന്നും ചൂണ്ടിക്കാട്ടി.

രമ്യ കൃഷ്ണനും ഭർത്താവും വേർപിരിഞ്ഞ് ജീവിക്കുന്നത്?


അസാധാരണ ദാമ്പത്യത്തിന്റെ രഹസ്യം



രമ്യ കൃഷ്ണനേക്കാൾ എട്ട് വയസ്സ് കൂടുതൽ പ്രായമുള്ള ഭർത്താവ് വംസിയുമായി വേർപിരിഞ്ഞ് താമസിക്കുന്നതിനെക്കുറിച്ചുള്ള അസാധാരണ ദാമ്പത്യത്തിന്റെ രഹസ്യങ്ങളെക്കുറിച്ച് ഒരു പ്രമുഖ സംവിധായകന്റെ ഏറ്റുപറച്ചിൽ ഇപ്പോൾ നമ്മെ ഓർമ്മിപ്പിക്കുന്നത് നടി രമ്യാ കൃഷ്ണനാണ്. ഒരുമിച്ചിരുന്ന് 24 മണിക്കൂറും 365 ദിവസവും കണ്ടാൽ പ്രണയിക്കുന്ന ദമ്പതികൾക്ക് പോലും മടുക്കുമെന്നും ഇത് വഴക്കുകളിലേക്കും പ്രശ്നങ്ങളിലേക്കും നയിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.എന്നാൽ തനിക്കും ഭാര്യക്കും അത്തരം പ്രശ്നങ്ങളില്ലെന്നും എല്ലാ ദിവസവും തങ്ങൾക്ക് മധുവിധു പോലെയാണെന്നും സംവിധായകൻ പറയുന്നു. മാസങ്ങളോളം നീണ്ട പ്രീ-പ്രൊഡക്ഷനും ഷൂട്ടിംഗും പോസ്റ്റ്-പ്രൊഡക്ഷനും ശേഷം ഒന്നോ രണ്ടോ ആഴ്ച അവധിക്കാണ് താൻ വീട്ടിലെത്തുന്നത്. ഈ സമയങ്ങളിൽ താനും ഭാര്യയും പുതുതായി വിവാഹിതരായവരെപ്പോലെ അടുപ്പത്തിലും സ്നേഹത്തിലുമാണ് ജീവിക്കുന്നത്. ഇത്രയും വർഷങ്ങൾക്ക് ശേഷവും തങ്ങളുടെ ബന്ധത്തിലെ ഈ പുതുമയ്ക്ക് കാരണം ജീവിതത്തിന്റെ ഭൂരിഭാഗം സമയവും വേർപിരിഞ്ഞ് താമസിക്കുന്നതാണെന്ന് സംവിധായകൻ വെളിപ്പെടുത്തി. ഒരു നീണ്ട ഇടവേളയ്ക്ക് ശേഷം കണ്ടുമുട്ടുമ്പോൾ ശക്തമായ അടുപ്പം ഉണ്ടാകുമെന്നും ഈ കൂടിക്കാഴ്ചകൾ അവസാനിക്കരുതെന്ന് ആഗ്രഹിക്കുകയും അടുത്തതിനായി ആകാംഷയോടെ കാത്തിരിക്കുകയും ചെയ്യുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വിജയകരമായ ദാമ്പത്യത്തിന് ഇത്തരം ഇടവേളകൾ അത്യാവശ്യമാണെന്ന് വിശ്വസിക്കുന്നതായും ഒരു ചലച്ചിത്രകാരനായതുകൊണ്ട് മാത്രമാണ് ഇത് സാധ്യമാകുന്നതെന്നും സംവിധായകൻ വ്യക്തമാക്കി.നിലവിൽ അഭിനയ മികവിനേക്കാൾ വ്യക്തിപരമായ ജീവിതത്തിൽ സ്വീകരിച്ച ചില നിലപാടുകളിലൂടെയാണ് രമ്യ കൃഷ്ണൻ വാർത്തകളിൽ നിറയുന്നത്. തന്നെ വിവാഹം കഴിക്കുന്നയാൾ നല്ല മനസ്സുള്ള ഒരാളായിരിക്കണമെന്ന് രമ്യ കൃഷ്ണൻ എപ്പോഴും പറഞ്ഞിരുന്നു. രമ്യ കൃഷ്ണൻ തന്നേക്കാൾ 8 വയസ്സ് പ്രായക്കൂടുതലുള്ള തെലുങ്ക് സംവിധായകൻ വംസിയെയാണ് കണ്ടെത്തിയത്.

പന്തുകളിയിലൂടെ തലച്ചോറിന്റെ കരുത്ത് കൂട്ടാമോ? ഏകാഗ്രതയും ഓർമ്മശക്തിയും വർദ്ധിപ്പിക്കുന്ന

രഹസ്യ വ്യായാമം വെളിപ്പെടുത്തി ശിൽപ ഷെട്ടി



ശരീരവും മനസ്സും ഒരുപോലെ ഊർജ്ജസ്വലമായി നിലനിർത്താൻ വളരെ രസകരമായ ഒരു വ്യായാമരീതി പരിചയപ്പെടുത്തുകയാണ് ബോളിവുഡ് താരം ശിൽപ ഷെട്ടി. ഒറ്റനോട്ടത്തിൽ വളരെ ലളിതമെന്ന് തോന്നുമെങ്കിലും മികച്ച ഏകാഗ്രതയും വേഗതയും ആവശ്യമുള്ള പന്തുകൊണ്ടുള്ള വ്യായാമമാണ് താരം പങ്കുവെച്ചത്. ഈ ചെറിയ കളിയിലൂടെ തലച്ചോറിന്റെ പ്രവർത്തനക്ഷമതയും ഓർമ്മശക്തിയും എങ്ങനെ മെച്ചപ്പെടുത്താമെന്നും താരം വിശദീകരിക്കുന്നു.ഒരു കൈയിൽ പന്ത് പിടിച്ച് മുകളിലേക്ക് എറിഞ്ഞ ശേഷം അത് താഴെ വീഴുന്നതിന് മുമ്പ് നെഞ്ചിൽ തൊടുകയും കാൽ മുകളിലേക്ക് ഉയർത്തുകയും ചെയ്യുന്നതാണ് ഈ വ്യായാമം. ഇൻസ്റ്റാഗ്രാമിൽ പങ്കുവെച്ച വീഡിയോയിലൂടെയാണ് ശിൽപ ഷെട്ടി ഈ വ്യായാമരീതി ആരാധകർക്ക് മുന്നിൽ അവതരിപ്പിച്ചത്. ഇത്തരം വ്യായാമങ്ങൾ തലച്ചോറിന്റെ വിവിധ ഭാഗങ്ങളെ ഒരേസമയം പ്രവർത്തിക്കാൻ പ്രേരിപ്പിക്കുന്നുവെന്ന് താരം പറയുന്നു.ഓർമ്മശക്തിയെയും ശരീരചലനങ്ങളെയും നിയന്ത്രിക്കുന്ന തലച്ചോറിലെ ഭാഗങ്ങൾ ഒരുമിച്ച് പ്രവർത്തിക്കുന്നത് വഴി കൂടുതൽ ജാഗ്രതയോടെ ഇരിക്കാൻ സാധിക്കും. തലച്ചോറിന്റെ ഇടത്, വലത് ഭാഗങ്ങളെ ഉത്തേജിപ്പിക്കാനും വ്യക്തമായി ചിന്തിക്കാനും ഈ വ്യായാമം സഹായിക്കുന്നു. മാനസികമായ മടുപ്പും അലസതയും അകറ്റി മനസ്സിന് ഉന്മേഷം നൽകാൻ ഇതിലൂടെ കഴിയുമെന്നും ശിൽപ വ്യക്തമാക്കുന്നു.ശരീരവും തലച്ചോറും തമ്മിലുള്ള ഏകോപനം മെച്ചപ്പെടുത്താൻ പന്തുകൊണ്ടുള്ള വ്യായാമങ്ങൾ ഏറെ ഫലപ്രദമാണ്. തലച്ചോറിലേക്കുള്ള രക്തയോട്ടം വർദ്ധിപ്പിക്കാനും നാഡീബന്ധങ്ങളെ കൂടുതൽ ശക്തിപ്പെടുത്താനും ഇത്തരം ചലനങ്ങൾ സഹായിക്കും. ശാരീരിക വ്യായാമത്തിനൊപ്പം തലച്ചോറിനുള്ള മികച്ചൊരു പരിശീലനം കൂടിയായി ഇത് മാറുന്നു.നേരത്തെയും സമാനമായ രീതിയിൽ രണ്ട് പന്തുകൾ ഉപയോഗിച്ചുള്ള മറ്റൊരു വ്യായാമം ശിൽപ ഷെട്ടി പങ്കുവെച്ചിരുന്നു. കൈകൾ മുന്നിൽ പിണച്ചുവെച്ച് രണ്ട് കൈകളിലുമുള്ള പന്തുകൾ താഴേക്ക് ഇടുകയും അവ നിലത്ത് വീഴാതെ പിടിക്കുകയും ചെയ്യുന്നതായിരുന്നു ആ രീതി. ഒറ്റക്കാലിൽ നിന്നുകൊണ്ട് ഈ പന്തുകൾ പിടിക്കാൻ ശ്രമിക്കുന്നതിലൂടെ ശരീരത്തിന്റെ ബാലൻസും ശ്രദ്ധയും കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കും.വലിയ ഉപകരണങ്ങളുടെ സഹായമില്ലാതെ വീട്ടിൽ തന്നെ ആർക്കും പരീക്ഷിക്കാവുന്ന ലളിതമായ വ്യായാമങ്ങളാണിവ. ദൈനംദിന ജീവിതത്തിലെ തിരക്കുകൾക്കിടയിൽ മനസ്സിന്റെ ഏകാഗ്രത നഷ്ടപ്പെടുന്നവർക്ക് ഇത്തരം ബ്രെയിൻ-ജിം വ്യായാമങ്ങൾ വലിയ ആശ്വാസമാകും. ശാരീരിക ആരോഗ്യത്തിനൊപ്പം മാനസിക ആരോഗ്യത്തിനും തുല്യപ്രാധാന്യം നൽകണമെന്ന സന്ദേശമാണ് ശിൽപ ഷെട്ടി ഇതിലൂടെ നൽകുന്നത്.



ഗ്ലാസ്സൺബറി 2027: ടിക്കറ്റുകൾ 42 മിനിറ്റിനുള്ളിൽ വിറ്റഴിഞ്ഞു!

അടുത്ത വർഷം നടക്കുന്ന ഗ്ലാസ്റ്റൺബറി ഫെസ്റ്റിവലിൽ ഹാരി സ്റ്റൈൽസ്, ഷെർ, സാം ഫെൻഡർ, ബില്ലി എലിഷ് എന്നിവർ പ്രധാന ആകർഷകരാകുമെന്ന് സംഘാടകർ അറിയിച്ചു. ഹാരി സ്റ്റൈൽസിന്റെ ഗ്ലാസ്റ്റൺബറിയിലെ അരങ്ങേറ്റം കൂടിയാണിത്. 2026-ൽ ഫെസ്റ്റിവലിന് അവധിയെടുത്തതിന് ശേഷം വർധിച്ച ആവശ്യം കാരണം കഴിഞ്ഞ മാസം ടിക്കറ്റുകൾ 42 മിനിറ്റിനുള്ളിൽ വിറ്റുതീർന്നിരുന്നു. 81 വയസ്സുള്ള ഷെർ, ഗ്ലാസ്റ്റൺബറിയിൽ ലെജൻഡ്സ് സ്ലോട്ടിൽ ഏറ്റവും പ്രായം കൂടിയ കലാകാരിയായി ചരിത്രം കുറിക്കും. ഇത് അവരുടെ ഈ വർഷത്തെ ഏകയുകെ ഫെസ്റ്റിവൽ പ്രകടനമായിരിക്കും. 2024-ൽ റോക്ക് ആൻഡ് റോൾ ഹോൾ ഓഫ് ഫെയിമിൽ ഇടം നേടിയ ഷെർ, തന്റെ ഓർമ്മക്കുറിപ്പുകളുടെ രണ്ടാം ഭാഗം പുറത്തിറക്കാനൊരുങ്ങുകയാണ്.സാം ഫെൻഡർ ഫെസ്റ്റിവലിന്റെ ആദ്യ രാത്രിയിൽ പ്രധാന പ്രകടനം കാഴ്ചവെക്കും. 2025-ൽ തന്റെ മൂന്നാമത്തെ ആൽബമായ പീപ്പിൾ വാച്ചിംഗിന് മെർക്കുറി പ്രൈസ് നേടിയ സാം ഫെൻഡർ, തന്റെ പ്രോപ്പർ മാസ്സീവ് സ്റ്റേഡിയം ടൂറിന്റെ ഭാഗമായാണ് ഇവിടെ എത്തുന്നത്. ഈ വർഷം ഒലീവിയ ഡീനുമായുള്ള അദ്ദേഹത്തിന്റെ റെയിൻ മി ഇൻ എന്ന യുഗ്മ ഗാനം യുകെയിൽ ഏറ്റവും കൂടുതൽ കാലം ഒന്നാം സ്ഥാനത്ത് നിന്ന ഗാനമായിരുന്നു. ഹാരി സ്റ്റൈൽസ് ശനിയാഴ്ച പിരമിഡ് സ്റ്റേജിൽ തന്റെ പ്രകടനം അവതരിപ്പിക്കും. അദ്ദേഹത്തിന്റെ യൂഫോറിക് ആൻഡ് അത്‌ലറ്റിക് ടൂഗതർ ടൂഗതർ ടൂറിനിടെയാണ് ഈ പ്രകടനം. 2022-ൽ 20 വയസ്സായിരുന്നപ്പോൾ ഗ്ലാസ്റ്റൺബറിയിൽ പ്രധാന പ്രകടനം നടത്തിയ ഏറ്റവും പ്രായം കുറഞ്ഞ സോളോ ആർട്ടിസ്റ്റായിരുന്നു ബില്ലി എലിഷ്.

43–ാം വയസ്സിൽ വീണ്ടും അമ്മയായി ആൻ ഹാത്ത്‌വേ



ഹോളിവുഡ് സൂപ്പർതാരം ആൻ ഹാത്ത്‌വേയും ഭർത്താവ് ആദം ഷുൾമാനും തങ്ങളുടെ മൂന്നാമത്തെ കുഞ്ഞിനെ വരവേറ്റു. 43-കാരിയായ നടി വീണ്ടും അമ്മയായെന്ന സന്തോഷവാർത്ത പ്രമുഖ അന്താരാഷ്ട്ര മാധ്യമമായ പീപ്പിൾ ആണ് പുറത്തുവിട്ടത്. നവജാത ശിശുവിനൊപ്പം ന്യൂയോർക്ക് നഗരത്തിലൂടെ നടക്കുന്ന താരത്തിന്റെ ചിത്രങ്ങൾ പുറത്തുവന്നതോടെയാണ് ആരാധകർ ഈ വിവരം അറിഞ്ഞത്.ചൊവ്വാഴ്ച ന്യൂയോർക്കിൽ ഒരു സുഹൃത്തിനൊപ്പം നടക്കാനിറങ്ങിയതായിരുന്നു ആൻ ഹാത്ത്‌വേ. ബേബി കാരിയറിൽ കുഞ്ഞിനെ നെഞ്ചോട് ചേർത്ത് പിടിച്ചുനടക്കുന്ന താരത്തിന്റെ ദൃശ്യങ്ങൾ ഇതിനോടകം സോഷ്യൽ മീഡിയയിൽ തരംഗമായിക്കഴിഞ്ഞു. കുഞ്ഞിന്റെ പേരോ മറ്റ് വിവരങ്ങളോ താരദമ്പതികൾ ഇതുവരെ ഔദ്യോഗികമായി വെളിപ്പെടുത്തിയിട്ടില്ല.പത്ത് വയസ്സുകാരൻ ജോനാഥൻ, ആറ് വയസ്സുകാരൻ ജാക്ക് എന്നിവരാണ് ആൻ ഹാത്ത്‌വേയുടെയും ആദം ഷുൾമാന്റെയും മറ്റ് രണ്ട് മക്കൾ. പുതിയ അതിഥി കൂടി എത്തിയതോടെ ഇവരുടെ കുടുംബം അഞ്ചംഗങ്ങളായി വളർന്നിരിക്കുകയാണ്. 2012-ലായിരുന്നു ആൻ ഹാത്ത്‌വേയും ആദം ഷുൾമാനും വിവാഹിതരായത്.കഴിഞ്ഞ ജൂണിൽ ഇൻസ്റ്റാഗ്രാമിലൂടെയാണ് താൻ മൂന്നാമതും ഗർഭിണിയാണെന്ന വിവരം താരം ആരാധകരെ അറിയിച്ചത്. പുതിയ സിനിമകളുടെ പ്രചാരണ തിരക്കുകൾക്കിടയിലും ഈ വിവരം വളരെ രഹസ്യമായി സൂക്ഷിക്കാൻ താരത്തിന് സാധിച്ചിരുന്നു. അപ്രതീക്ഷിതമായി പുറത്തുവിട്ട വീഡിയോയിലൂടെയാണ് ആൻ ഹാത്ത്‌വേ ഈ സന്തോഷവാർത്ത പങ്കുവെച്ചത്.ഒക്ടോബറിൽ സിബിഎസ് മോർണിംഗ്സ് എന്ന പരിപാടിയിൽ പങ്കെടുത്തപ്പോൾ മൂന്നാമത്തെ കുഞ്ഞിനായുള്ള ഒരുക്കങ്ങളെക്കുറിച്ച് നടി മനസ്സുതുറന്നിരുന്നു. പുതിയ കുഞ്ഞ് എത്തുന്നത് തങ്ങളുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരുമെന്ന് താരം അന്ന് പറഞ്ഞിരുന്നു. പ്രത്യേകിച്ച് മൂത്ത മക്കളുടെ ജീവിതത്തിൽ ഈ വരവ് മനോഹരമായ മാറ്റങ്ങളുണ്ടാക്കുമെന്നും ആൻ കൂട്ടിച്ചേർത്തു.43-ാം വയസ്സിൽ അമ്മയാകുന്നതിനെക്കുറിച്ച് ലേറ്റ് നൈറ്റ് വിത്ത് സേത്ത് മേയേഴ്സ് എന്ന ഷോയിലും ആൻ ഹാത്ത്‌വേ രസകരമായി സംസാരിച്ചിരുന്നു.

പുതിയ ബോണ്ടായി റോബർട്ട് പാറ്റിൻസണെ എടുത്തതിന് പിന്നിൽ ജെഫ് ബെസോസ്



ഹോളിവുഡ് സിനിമാ ലോകം ആകാംക്ഷയോടെ കാത്തിരുന്ന പുതിയ ജെയിംസ് ബോണ്ട് പ്രഖ്യാപനത്തിന് പിന്നിലെ രഹസ്യങ്ങൾ വെളിപ്പെടുത്തി ആമസോൺ സ്ഥാപകൻ ജെഫ് ബെസോസ്. പ്രശസ്ത നടൻ റോബർട്ട് പാറ്റിൻസണെ പുതിയ 007 ഏജന്റായി തിരഞ്ഞെടുത്തതിൽ തനിക്ക് നിർണ്ണായക പങ്കുണ്ടായിരുന്നെന്ന് ബെസോസ് വ്യക്തമാക്കി. തിങ്കളാഴ്ചയാണ് റോബർട്ട് പാറ്റിൻസൺ അടുത്ത ജെയിംസ് ബോണ്ടാകുമെന്ന ഔദ്യോഗിക പ്രഖ്യാപനം പുറത്തുവന്നത്.സിലിക്കൺ വാലിയിൽ നടന്ന ഒരു പരിപാടിയിൽ സംസാരിക്കവെയാണ് ജെഫ് ബെസോസ് തിരഞ്ഞെടുപ്പ് പ്രക്രിയയെക്കുറിച്ച് മനസ്സുതുറന്നത്. സംവിധായകൻ ഡെനിസ് വില്ലെന്യൂവിനൊപ്പം ചേർന്ന് മാസങ്ങൾ നീണ്ട സൂക്ഷ്മപരിശോധനകൾക്ക് ശേഷമാണ് അന്തിമ തീരുമാനമെടുത്തത്. 2022-ൽ മെട്രോ-ഗോൾഡ്വിൻ-മേയർ സ്റ്റുഡിയോയെ ആമസോൺ ഏറ്റെടുത്തതിന് പിന്നാലെ ബോണ്ട് സിനിമകളുടെ പൂർണ്ണ നിയന്ത്രണവും കമ്പനി സ്വന്തമാക്കിയിരുന്നു.തുടക്കത്തിൽ നിരവധി താരങ്ങളെ പരിഗണിച്ചിരുന്നെങ്കിലും അവസാന റൗണ്ടിലേക്ക് അഞ്ച് പേരെ മാത്രമാണ് തിരഞ്ഞെടുത്തത്. ഈ അഞ്ച് പേർക്കും യഥാർത്ഥ സിനിമാ സെറ്റുകളിലും വേഷവിധാനങ്ങളിലും മൂന്ന് വ്യത്യസ്ത സ്ക്രീൻ ടെസ്റ്റുകൾ നടത്തി. മണിക്കൂറുകൾ നീണ്ട വിലയിരുത്തലുകൾക്കൊടുവിലാണ് റോബർട്ട് പാറ്റിൻസണിലേക്ക് അണിയറപ്രവർത്തകർ എത്തിയത്.തുടക്കത്തിൽ റോബർട്ട് പാറ്റിൻസണെ തിരഞ്ഞെടുക്കുന്നതിനോട് തനിക്കും സംവിധായകനും ചെറിയ വിയോജിപ്പുണ്ടായിരുന്നെന്ന് ബെസോസ് സമ്മതിച്ചു. പാറ്റിൻസൺ ഇതിനോടകം തന്നെ ലോകപ്രശസ്തനായ ഒരു താരമായതിനാൽ അത്രയധികം പ്രശസ്തനല്ലാത്ത ഒരാളെ ബോണ്ടാക്കാനായിരുന്നു ആദ്യം ആലോചിച്ചിരുന്നത്. എന്നാൽ സ്ക്രീൻ ടെസ്റ്റിലെ പാറ്റിൻസണിന്റെ പ്രകടനം കണ്ടതോടെ തങ്ങളുടെ എല്ലാ സംശയങ്ങളും അപ്രത്യക്ഷമായെന്ന് ബെസോസ് പറഞ്ഞു.

കൊച്ചുമക്കൾക്കും കുടുംബത്തിനുമൊപ്പം ഗ്രീസിൽ അവധിക്കാലം ആഘോഷിച്ച് രജനീകാന്ത്



സൂപ്പർസ്റ്റാർ രജനീകാന്തും കുടുംബവും ഗ്രീസിൽ അവധിക്കാലം ആഘോഷിക്കുന്ന മനോഹരമായ ചിത്രങ്ങൾ സോഷ്യൽ മീഡിയയിൽ തരംഗമാകുന്നു. മകൾ സൗന്ദര്യ രജനീകാന്താണ് തന്റെ ഔദ്യോഗിക ഇൻസ്റ്റാഗ്രാം പേജിലൂടെ ഈ അപൂർവ്വ ചിത്രങ്ങൾ ആരാധകർക്കായി പങ്കുവെച്ചത്. ഭാര്യ ലതയ്ക്കും മക്കളായ ഐശ്വര്യയ്ക്കും സൗന്ദര്യയ്ക്കും നാല് കൊച്ചുമക്കൾക്കുമൊപ്പം സന്തോഷത്തോടെ സമയം ചെലവഴിക്കുന്ന രജനീകാന്തിനെയാണ് ചിത്രങ്ങളിൽ കാണാൻ സാധിക്കുന്നത്.സംഗീത സംവിധായകൻ അനിരുദ്ധ് രവിചന്ദറിന്റെയും കാവ്യ മാരന്റെയും വിവാഹത്തിൽ പങ്കെടുക്കാനാണ് രജനീകാന്തും കുടുംബവും ഗ്രീസിൽ എത്തിയത്. ആഘോഷങ്ങൾക്കൊപ്പം ഏഥൻസിലെ മനോഹരമായ കാഴ്ചകൾ ആസ്വദിക്കാനും താരം സമയം കണ്ടെത്തി. ഒരു ചിത്രത്തിൽ ഭാര്യ ലതയുടെ കൈപിടിച്ച് കൊച്ചുമക്കൾക്കൊപ്പം നടന്നുനീങ്ങുന്ന രജനീകാന്തിനെ കാണാം.കൊച്ചുമക്കളായ യാത്ര രാജ, ലിംഗ രാജ, വേദ് കൃഷ്ണ, വീർ എന്നിവരും മുത്തച്ഛനൊപ്പം അവധിക്കാലം ആഘോഷിക്കാൻ ഒപ്പമുണ്ട്. ഐശ്വര്യ രജനീകാന്തിന്റെയും നടൻ ധനുഷിന്റെയും മക്കളാണ് യാത്രയും ലിംഗയും. സൗന്ദര്യയുടെ മക്കളാണ് വേദ് കൃഷ്ണയും വീറും.ഏഥൻസിൽ തങ്ങൾ മനോഹരമായ ഓർമ്മകൾ സൃഷ്ടിച്ചുവെന്നും ഈ കുടുംബയാത്രയുടെ ഓരോ നിമിഷവും ആസ്വദിക്കുകയാണെന്നും സൗന്ദര്യ ചിത്രങ്ങൾക്കൊപ്പം കുറിച്ചു. നിമിഷനേരം കൊണ്ടാണ് ഈ ചിത്രങ്ങൾ ആരാധകരും സിനിമാ താരങ്ങളും ഏറ്റെടുത്തത്.

1500 കോടി ക്ലബ്ബിലേക്ക് ഇനി ഏതാനും ചുവടുകൾ മാത്രം



ആഗോള ബോക്സ് ഓഫീസിൽ സമാനതകളില്ലാത്ത കുതിപ്പ് തുടർന്ന് നിതേഷ് തിവാരി സംവിധാനം ചെയ്ത ബ്രഹ്മാണ്ഡ ചിത്രം രാമായണം. റിലീസ് ചെയ്ത് 13 ദിവസം പിന്നിടുമ്പോൾ ലോകമെമ്പാടുമുള്ള തിയേറ്ററുകളിൽ നിന്നായി 1,483.50 കോടി രൂപയാണ് ചിത്രം വാരിക്കൂട്ടിയത്. പ്രശസ്തമായ 1,500 കോടി ക്ലബ്ബിൽ ഇടംപിടിക്കാൻ ഇനി വെറും 16.50 കോടി രൂപ മാത്രമാണ് ചിത്രത്തിന് ആവശ്യമുള്ളത്.പതിമൂന്നാം ദിവസമായ ചൊവ്വാഴ്ച ഇന്ത്യൻ ബോക്സ് ഓഫീസിൽ നിന്ന് മാത്രം 28.70 കോടി രൂപ നെറ്റ് കളക്ഷൻ നേടാൻ ചിത്രത്തിന് സാധിച്ചു. രാജ്യത്തുടനീളമുള്ള 22,551 പ്രദർശനങ്ങളിൽ നിന്നാണ് ഈ വമ്പൻ നേട്ടം. ഇതോടെ ഇന്ത്യയിൽ നിന്നുള്ള ചിത്രത്തിന്റെ ആകെ നെറ്റ് കളക്ഷൻ 821.30 കോടി രൂപയായി ഉയർന്നു. ഉടൻ തന്നെ ആഭ്യന്തര വിപണിയിൽ മാത്രം 1,000 കോടി ഗ്രോസ് എന്ന അപൂർവ്വ നേട്ടവും രാമായണം സ്വന്തമാക്കും.പതിമൂന്നാം ദിവസം വിദേശ രാജ്യങ്ങളിൽ നിന്ന് മാത്രം 12 കോടി രൂപ ചിത്രം സ്വന്തമാക്കി. ഇതോടെ ആകെ ഓവർസീസ് കളക്ഷൻ 502 കോടി രൂപയായി ഉയർന്നു. ഹിന്ദി പതിപ്പിലാണ് കൂടുതൽ വരുമാനം ലഭിക്കുന്നത്.

എഴുപത്തിരണ്ട് മണിക്കൂർ സ്വയം പര്യാപ്തരാകാൻ പൗരന്മാർക്ക് നിർദ്ദേശം; ബ്രിട്ടനിലെ പുതിയ 'ബി റെഡി' ക്യാമ്പയിനും സൈബർ സുരക്ഷാ കരുതലുകളും!

വൈദ്യുതിയും മൊബൈൽ നെറ്റ്വർക്കുകളും ഡിജിറ്റൽ പണമിടപാടുകളും ഒരുമിച്ച് നിലച്ചുപോകുന്ന ഒരു അസാധാരണ സാഹചര്യം ഉണ്ടായാൽ അതിനെ അതിജീവിക്കാൻ ബ്രിട്ടനിലെ ഓരോ കുടുംബവും കുറഞ്ഞത് മൂന്ന് ദിവസത്തേക്ക് സ്വയം പര്യാപ്തരാകണമെന്ന അടിയന്തര നിർദ്ദേശവുമായി യുകെ ഭരണകൂടം രംഗത്തെത്തിയിരിക്കുകയാണ്!

സൈബർ ആക്രമണങ്ങളോ തീവ്രമായ കാലാവസ്ഥാ വ്യതിയാനങ്ങളോ കാരണം രാജ്യത്തെ പവർ ഗ്രിഡ് പൂർണ്ണമായും തകരാറിലാകുന്ന 'ബ്ലാക്ക് സ്കൈ' പ്രതിസന്ധിയെ നേരിടുന്നതിനായി പ്രധാനമന്ത്രി ആൻഡി ബേൺഹാമിന്റെ നേതൃത്വത്തിലുള്ള സർക്കാർ തങ്ങളുടെ ദേശീയ പ്രതിരോധ പദ്ധതികൾ ശക്തിപ്പെടുത്തിക്കഴിഞ്ഞു. ഇതിന്റെ ഭാഗമായി വൈദ്യുതിയും ഇന്റർനെറ്റും ഇല്ലാത്ത അവസ്ഥയിലും ജനങ്ങളിലേക്ക് ഔദ്യോഗിക വിവരങ്ങൾ എത്തിക്കാൻ ബിബിസി പ്രത്യേക എഫ്എം റേഡിയോ സംവിധാനങ്ങൾസജ്ജമാക്കുമ്പോൾ,'ബിറെഡി' ക്യാമ്പയിനിലൂടെ ഓരോ വീട്ടിലും കരുതേണ്ട അവശ്യവസ്തുക്കളുടെ പട്ടികയും ക്യാബിനറ്റ് ഓഫീസ് പുറത്തുവിട്ടു.

ബ്രിട്ടനെ ആശങ്കയിലാക്കുന്ന ഈ ബ്ലാക്ക്സ്കൈ സാഹചര്യം എന്താണെന്നും, പവർ ഗ്രിഡ് പുനഃസ്ഥാപിക്കാൻ അധികൃതർ തയ്യാറാക്കിയിരിക്കുന്ന കർമ്മപദ്ധതികളും, അവിടെ താമസിക്കുന്ന ഇന്ത്യൻ വംശജർ ഉൾപ്പെടെയുള്ള താമസക്കാർ സ്വീകരിക്കേണ്ട മുൻകരുതലുകളും താഴെ വിശദമായി പരിശോധിക്കാം...

'ബ്ലാക്ക് സ്കൈ' പ്രതിസന്ധിയും യുകെ സർക്കാരിന്റെ അടിയന്തര തയ്യാറെടുപ്പുകളും

രാജ്യത്തെ അടിസ്ഥാന സൗകര്യങ്ങൾക്കുണ്ടാകുന്ന ഗുരുതരമായ തടസ്സങ്ങളെ നേരിടാനായി ബ്രിട്ടീഷ് ഭരണകൂടം ആവിഷ്കരിച്ചിരിക്കുന്ന സുപ്രധാന നടപടികൾ താഴെ വ്യക്തമാക്കുന്നു.

എന്താണ് ബ്ലാക്ക് സ്കൈ സാഹചര്യം

വൈദ്യുതി വിതരണ ശൃംഖലയിൽ ഉണ്ടാകുന്ന വൻ തകരാർ കാരണം ദിവസങ്ങളോളം രാജ്യം ഇരുട്ടിലാകുകയും, അതിനോടനുബന്ധിച്ച് വാർത്താവിനിമയം, കുടിവെള്ള വിതരണം, ഗതാഗതം, ബാങ്കിംഗ് സംവിധാനങ്ങൾ എന്നിവയെല്ലാം നിശ്ചലമാകുകയും ചെയ്യുന്ന അതിതീവ്ര അടിയന്തരാവസ്ഥയെയാണ് ദുരന്തനിവാരണ വിദഗ്ദ്ധർ ബ്ലാക്ക് സ്കൈ എന്ന് വിളിക്കുന്നത്. നിലവിൽ അത്തരമൊരു ഭീഷണി ബ്രിട്ടന് മുന്നിലില്ലെങ്കിലും, ഏത് അപ്രതീക്ഷിത സാഹചര്യത്തെയും നേരിടാനുള്ള മുൻകരുതൽ എന്ന നിലയിലാണ് സർക്കാർ ഈ പദ്ധതികൾ തയ്യാറാക്കുന്നത്.



ബിബിസിയുടെ പ്രത്യേക റേഡിയോ പ്രക്ഷേപണ പദ്ധതി

വൈദ്യുതിയും ഇന്റർനെറ്റും നിലച്ചാലും ജനങ്ങളിലേക്ക് സർക്കാരിന്റെ നിർദ്ദേശങ്ങൾ എത്തിക്കുന്നതിനായി ബിബിസി നൂറോളം ജീവനക്കാരെ ഉൾപ്പെടുത്തി പ്രത്യേക എമർജൻസി റേഡിയോ സ്റ്റുഡിയോകൾ സജ്ജമാക്കിയിട്ടുണ്ട്. ഡീസൽ ജനറേറ്ററുകളുടെയും സാറ്റലൈറ്റ് ഫോണുകളുടെയും സഹായത്തോടെ എഴുപത്തിരണ്ട് മണിക്കൂർ നേരത്തേക്ക് തടസ്സമില്ലാതെ എഫ്എം റേഡിയോ വഴി വാർത്തകളും ആരോഗ്യ വകുപ്പിന്റെ മുന്നറിയിപ്പുകളും പ്രക്ഷേപണം ചെയ്യാൻ ഇതിലൂടെ സാധിക്കും.

നാഷണൽ എനർജി സിസ്റ്റം ഓപ്പറേറ്ററുടെ പുനഃസ്ഥാപന ലക്ഷ്യം

രാജ്യത്തെ വൈദ്യുതി ശൃംഖല പൂർണ്ണമായും നിലച്ചുപോയാൽ അത് തിരികെ കൊണ്ടുവരാൻ നാഷണൽ എനർജി സിസ്റ്റം ഓപ്പറേറ്റർ പ്രത്യേക 'ബ്ലാക്ക് സ്റ്റാർട്ട്' തന്ത്രം രൂപീകരിച്ചിട്ടുണ്ട്. തകരാർ സംഭവിച്ച് ഇരുപത്തിനാല് മണിക്കൂറിനുള്ളിൽ രാജ്യത്തെ അറുപത് ശതമാനം വൈദ്യുതി ആവശ്യകതയും, അഞ്ച് ദിവസത്തിനുള്ളിൽ നൂറ് ശതമാനം വിതരണവും പുനഃസ്ഥാപിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

മുൻകാല പരീക്ഷണങ്ങളും ഓഡിറ്റ് കണ്ടെത്തലുകളും

2023ൽ സർക്കാർ നടത്തിയ ദേശീയ വൈദ്യുതി മുടക്ക പരീക്ഷണത്തിന് ശേഷം, 2026 സെപ്തംബറിൽ പുറത്തുവന്ന ഓഡിറ്റ് റിപ്പോർട്ടിൽ ഭക്ഷ്യജല വിതരണ മേഖലകളിലെ അടിയന്തര പദ്ധതികൾ കൂടുതൽ ശക്തമാക്കേണ്ടതുണ്ടെന്ന് ചൂണ്ടിക്കാണിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് 2026 ഡിസംബർ മുപ്പത്തിയൊന്നിന് മുൻപായി മുഴുവൻ സുരക്ഷാ സംവിധാനങ്ങളും കുറ്റമറ്റതാക്കാൻ പ്രധാനമന്ത്രി ആൻഡി ബേൺഹാമിന്റെ സർക്കാർ നിർദ്ദേശം നൽകിയിരിക്കുന്നത്.

ഓരോ വീട്ടിലും കരുതേണ്ട എഴുപത്തിരണ്ട് മണിക്കൂർ അടിയന്തര കിറ്റ്

പ്രതിസന്ധിയുടെ ആദ്യ മൂന്ന് ദിവസങ്ങളിൽ പൊതുസംവിധാനങ്ങളെ ആശ്രയിക്കാതെ കുടുംബങ്ങൾക്ക് സ്വയം പിടിച്ചുനിൽക്കാൻ 'ബി റെഡി' ക്യാമ്പയിനിലൂടെ സർക്കാർ നിർദ്ദേശിക്കുന്ന അവശ്യവസ്തുക്കൾ താഴെ നൽകുന്നു.

കുടിവെള്ളവും പാചകം ചെയ്യേണ്ടാത്ത ഭക്ഷണവും

ഒരാൾക്ക് പ്രതിദിനം കുറഞ്ഞത് മൂന്ന് ലിറ്റർ എന്ന കണക്കിൽ മൂന്ന് ദിവസത്തേക്ക് ആവശ്യമായ ശുദ്ധജലം കുപ്പികളിലാക്കി വീടുകളിൽ സൂക്ഷിക്കണം. വൈദ്യുതിയും ഗ്യാസും നിലച്ചാൽ പോലും കഴിക്കാൻ സാധിക്കുന്ന ടിന്നിലടച്ച ഭക്ഷണസാധനങ്ങൾ, ദീർഘകാലം കേടുകൂടാതെ ഇരിക്കുന്ന പാൽ, ഉണങ്ങിയ പഴങ്ങൾ, ലഘുഭക്ഷണങ്ങൾ എന്നിവയും കരുതേണ്ടതുണ്ട്.

ബാറ്ററി റേഡിയോയും ടോർച്ചുകളും

മൊബൈൽ നെറ്റ്വർക്കുകളും ബ്രോഡ്ബാൻഡ് സേവനങ്ങളും പ്രവർത്തിക്കാത്ത സാഹചര്യത്തിൽ ഔദ്യോഗിക വാർത്തകൾ അറിയാൻ ബാറ്ററിയിൽ പ്രവർത്തിക്കുന്നതോ കൈകൊണ്ട് ചാർജ് ചെയ്യാവുന്നതോ ആയ ഒരു എഫ്എം റേഡിയോ നിർബന്ധമായും കരുതണം. മെഴുകുതിരികൾക്ക് പകരം സുരക്ഷിതമായ എൽഇഡി ടോർച്ചുകളും അധിക ബാറ്ററികളും ഫോൺ ചാർജ് ചെയ്യാനുള്ള പവർ ബാങ്കുകളും സജ്ജമാക്കി വെക്കണം.

കൈവശം സൂക്ഷിക്കേണ്ട പണവും പ്രഥമശുശ്രൂഷാ കിറ്റും

വൈദ്യുതി മുടങ്ങുമ്പോൾ എടിഎമ്മുകളും കാർഡ് പേയ്മെന്റ് മെഷീനുകളും പ്രവർത്തിക്കാത്തതിനാൽ അവശ്യസാധനങ്ങൾ വാങ്ങാൻ കുറച്ച് നോട്ടുകളും നാണയങ്ങളും വീട്ടിൽ കരുതണം. ഇതിനൊപ്പം പ്രഥമശുശ്രൂഷാ മരുന്നുകൾ, സ്ഥിരമായി കഴിക്കുന്ന മരുന്നുകളുടെ ശേഖരം, തണുപ്പിനെ പ്രതിരോധിക്കാനുള്ള അധിക കമ്പിളി വസ്ത്രങ്ങൾ, ശുചിത്വ വസ്തുക്കൾ എന്നിവയും പായ്ക്ക് ചെയ്തു വെക്കണം.

പ്രധാന രേഖകളുടെ പകർപ്പുകളും ഫോൺ നമ്പറുകളും

ഫോൺ ഓഫായാൽ ബന്ധുക്കളെയുംഅയൽക്കാരെയുംഅടിയന്തരസേവനങ്ങളെയും വിളിക്കാൻ കഴിയാതെ വരുന്നതിനാൽ പ്രധാനപ്പെട്ട ഫോൺ നമ്പറുകൾ ഒരു പേപ്പറിൽ എഴുതി സൂക്ഷിക്കണം. പാസ്പോർട്ട്, ഇൻഷുറൻസ് രേഖകൾ എന്നിവയുടെ പകർപ്പുകളും സുരക്ഷിതമായി കരുതാൻ അധികൃതർ നിർദ്ദേശിക്കുന്നു.

പൊതുജന ജീവിതത്തിലും ഇന്ത്യൻ വംശജർക്കിടയിലും ഉണ്ടാകുന്ന പ്രതിഫലനങ്ങൾ

യുകെയിലെ ദൈനംദിന ജീവിതത്തെയും അവിടെ താമസിക്കുന്ന ലക്ഷക്കണക്കിന് ഇന്ത്യൻ വംശജരെയും ഈ മുന്നറിയിപ്പുകൾ എങ്ങനെ സ്വാധീനിക്കുന്നുവെന്ന് പരിശോധിക്കാം.

അനാവശ്യ പരിഭ്രാന്തി ഒഴിവാക്കാനുള്ള സർക്കാർ അഭ്യർത്ഥന

ബ്ലാക്ക് സ്കൈ എന്നത് ഒരു നിശ്ചിത തീയതിയിൽ സംഭവിക്കാൻ പോകുന്ന ദുരന്തമല്ലെന്നും, മറിച്ച് ഏത് രാജ്യവും പാലിക്കേണ്ട സാധാരണ ദുരന്തനിവാരണ തയ്യാറെടുപ്പ് മാത്രമാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ സോഷ്യൽ മീഡിയയിലെ വ്യാജ പ്രചാരണങ്ങളിൽ വിശ്വസിച്ച് കടകളിൽ തിരക്കുകൂട്ടി സാധനങ്ങൾ വാങ്ങിക്കൂട്ടരുതെന്ന് അധികൃതർ ഓർമ്മിപ്പിക്കുന്നു.

യുകെയിലെ ഇന്ത്യൻ വംശജരുടെയും വിദ്യാർത്ഥികളുടെയും ജാഗ്രത

ലണ്ടൻ, മാഞ്ചസ്റ്റർ, ബർമിംഗ്ഹാം തുടങ്ങിയ നഗരങ്ങളിൽ താമസിക്കുന്ന ഇന്ത്യൻ വംശജരും വിദ്യാർത്ഥികളും സർക്കാരിന്റെ 'ബി റെഡി' നിർദ്ദേശങ്ങൾക്കനുസരിച്ച് തങ്ങളുടെ വീടുകളിൽ അവശ്യവസ്തുക്കൾ കരുതിത്തുടങ്ങിയിട്ടുണ്ട്. പ്രത്യേകിച്ച് തണുപ്പുകാലം അടുക്കുന്നതിനാൽ ഹീറ്റിംഗ് സംവിധാനങ്ങൾ നിലച്ചാൽ ഉപയോഗിക്കാനുള്ള കമ്പിളി വസ്ത്രങ്ങളും പവർ ബാങ്കുകളും കരുതാൻ ഇന്ത്യൻ സംഘടനകളും നിർദ്ദേശിക്കുന്നു.

ആരോഗ്യ ഉപകരണങ്ങളെ ആശ്രയിക്കുന്നവർക്കുള്ള പ്രത്യേക രജിസ്ട്രേഷൻ

വീടുകളിൽ വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ജീവൻരക്ഷാ മെഡിക്കൽ ഉപകരണങ്ങൾ ഉപയോഗിക്കുന്നവർ തങ്ങളുടെ ഊർജ്ജ വിതരണ കമ്പനികളുടെ 'പ്രയോറിറ്റി സർവീസസ് രജിസ്റ്ററിൽ' പേര് ചേർക്കണമെന്ന് ആരോഗ്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. ഇവർക്ക് അടിയന്തര ഘട്ടങ്ങളിൽ പ്രത്യേക വൈദ്യുതി സഹായവും പരിഗണനയും ലഭിക്കും.


ആഗോള തലത്തിൽ വർദ്ധിക്കുന്ന അടിസ്ഥാന സൗകര്യ സുരക്ഷാ ബോധം

സൈബർ ഭീഷണികളും കാലാവസ്ഥാ മാറ്റങ്ങളും വർദ്ധിക്കുന്ന ഈ കാലഘട്ടത്തിൽ ബ്രിട്ടന് സമാനമായി ജപ്പാൻ ഉൾപ്പെടെയുള്ള മറ്റ് വികസിത രാജ്യങ്ങളും തങ്ങളുടെ പൗരന്മാർക്ക് സ്വയം പര്യാപ്തതാ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ആധുനിക ഡിജിറ്റൽ സൗകര്യങ്ങളെ അമിതമായി ആശ്രയിക്കുന്ന സമൂഹത്തിന് ഇത്തരം അടിസ്ഥാന കരുതലുകൾ വലിയ സുരക്ഷാ കവചമാണ് നൽകുന്നത്.

ജൻസൻ ഹുവാങ് ഇനിയില്ല, പകരം ശമ്പള വർദ്ധനവ്; ജീവനക്കാരെ പിടിച്ചുനിർത്താൻ എൻവിഡിയയുടെ വമ്പൻ നീക്കം

ന്യൂയോർക്ക്: ദീർഘകാലം കമ്പനിയെ നയിച്ച സിഇഒ ജൻസൻ ഹുവാങ്ങിന്റെ രാജിക്ക് പിന്നാലെ എൻവിഡിയയിൽ ഉടലെടുത്ത ആഭ്യന്തര പ്രതിസന്ധികൾ പരിഹരിക്കാൻ മാനേജ്മെന്റ് അടിയന്തര നടപടികളിലേക്ക്. മികച്ച പ്രതിഭകൾ കമ്പനി വിട്ടുപോകുന്നത് തടയുന്നതിനായി, ജീവനക്കാരുടെ ശമ്പള വർദ്ധനവും അധിക ഇക്വിറ്റി ഗ്രാന്റുകളും നേരത്തെ നിശ്ചയിച്ചതിലും മാസങ്ങൾക്ക് മുൻപേ നൽകാൻ കമ്പനി തീരുമാനിച്ചു.

ബുധനാഴ്ച നടന്ന കമ്പനിയുടെ ആദ്യ 'ജൻസൻ ഇല്ലാത്ത' ടൗൺ ഹാൾ യോഗത്തിലാണ് താൽക്കാലിക സിഇഒ കൊളെറ്റ് ക്രെസ് ഈ സുപ്രധാന പ്രഖ്യാപനം നടത്തിയത്. വരുന്ന ഡിസംബറിൽ തന്നെ ശമ്പള വർദ്ധനവും അധിക ഓഹരി ആനുകൂല്യങ്ങളും ജീവനക്കാർക്ക് ലഭ്യമാകും. അതേസമയം, സിഇഒ സ്ഥാനത്തേക്ക് തിരിച്ചുവരാൻ ജൻസൻ ഹുവാങ് താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ടെങ്കിലും അദ്ദേഹത്തെയാതൊരു കാരണവശാലും തിരിച്ചെടുക്കില്ലെന്ന് നേതൃത്വം യോഗത്തിൽ തീർത്തുപറഞ്ഞു. പുതിയ സിഇഒയ്ക്കായുള്ള ബോർഡിന്റെ തിരച്ചിൽ ഊർജിതമായി തുടരുകയാണ്.



ഹുവാങ്ങിനെ തിരിച്ചുകൊണ്ടുവരണമെന്ന് ആവശ്യപ്പെട്ട് ആയിരക്കണക്കിന് ജീവനക്കാർ കമ്പനിക്കുള്ളിലും പുറത്തും നിവേദനങ്ങൾ നൽകിയതോടെ എൻവിഡിയയിൽ വലിയ രീതിയിലുള്ള അസ്വാരസ്യങ്ങൾ ഉടലെടുത്തിരുന്നു. ഈ സാഹചര്യത്തിലാണ് ജീവനക്കാരെ അനുനയിപ്പിക്കാൻ ഉന്നത ഉദ്യോഗസ്ഥർ നേരിട്ടെത്തിയത്. ജിപിയു എഞ്ചിനീയറിംഗ് സീനിയർ വൈസ് പ്രസിഡന്റ് ജോണ അൽബെൻ, വേൾഡ്വൈഡ് ഫീൽഡ് ഓപ്പറേഷൻസ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് നിക്ക് പാർക്കർ, ആൻഡ്രൂ ബെൽ, ഡൈറ്റ് ഡയർക്സ്, ഡെബോറ ഷോകിസ്റ്റ് തുടങ്ങിയ പ്രമുഖർ യോഗത്തിൽ സംസാരിക്കുകയും കമ്പനിയുടെ ഭാവിയെക്കുറിച്ച് ജീവനക്കാർക്ക് ഉറപ്പ് നൽകുകയും ചെയ്തു.

അതിവേഗത്തിൽ പുതിയ തലമുറ ചിപ്പുകൾ വിപണിയിലെത്തിക്കുന്ന എൻവിഡിയയുടെ വിജയത്തിന് പിന്നിൽ പ്രത്യേക വൈദഗ്ധ്യമുള്ള ജീവനക്കാരുടെ കഠിനാധ്വാനമാണുള്ളത്. ഇവരെ നഷ്ടപ്പെടുന്നത് കമ്പനിയുടെ ഭാവിയെ സാരമായി ബാധിക്കും. ഏണിംഗ്സ് കോളിനിടെ ജീവനക്കാരുടെ കൊഴിഞ്ഞുപോക്കിനെക്കുറിച്ചുള്ള ചോദ്യത്തിന്, എൻവിഡിയയുടെ വളർച്ചയ്ക്ക് ജീവനക്കാർ അത്യന്താപേക്ഷിതരാണെന്നും ഈ മാറ്റത്തിന്റെ ഘട്ടത്തിൽ അവരെ പൂർണ്ണമായും സംരക്ഷിക്കുമെന്നും കൊളെറ്റ് ക്രെസ് വ്യക്തമാക്കിയിരുന്നു.

സതീശനെ ജഡായുവാക്കി ചിറകരിയാൻ എത്ര രാവണന്മാർ



തീയറ്ററുകളിൽ രാമായണം തകർത്തോടുകയാണ്. ഇതിനിടെ കൊല്ലത്തുള്ള ജടായുപ്പാറ സോഷ്യൽ മീഡിയയിൽ വൈറലായിട്ടുണ്ട്. ആന്ധ്രാപ്രദേശിലെ ലേപാക്ഷിയിലാണ് ജടായു വീണതെന്ന് തെലുങ്ക് ജനത വിശ്വസിക്കുന്നു, എന്നാൽ കൊല്ലത്തുകാർ വിട്ടുകൊടുക്കുന്നതേയില്ല. കൊല്ലം ജില്ലയിലെ ചടയമംഗലത്താണ് ജടായു വീണതെന്നും, അവിടെയുള്ള കരിങ്കൽപ്പാറയിൽ ശ്രീരാമപാദങ്ങൾ പതിഞ്ഞിട്ടുണ്ടെന്നും, അവിടെയുള്ള ശ്രീരാമക്ഷേത്രത്തിന് പൗരാണികചരിത്രമുണ്ടെന്നും കൂടി അവർ വാദിക്കുന്നു.

എന്തായാലും ജടായുവിന്റെ ശിൽപ്പമുള്ള ഇവിടേയ്ക്ക് ഇപ്പോൾ ഉത്തരേന്ത്യക്കാർ ഓടിയെത്തുകയാണ്. അതോടൊപ്പം രാമായണം മലയാളപതിപ്പിന്റെ കേരളത്തിലെ വിതരണാവകാശം സ്വന്തമാക്കിയ മുകേഷ് മേത്തയും (ഇ 4 എന്റർടെയിൻമെന്റ്സ്) ഏ.വി. അനുപൂം (മെഡിമിക്സ് സോപ്പ് കമ്പനിയുടെ ഉടമ കൂടിയായ ഇദ്ദേഹത്തിന്റെ വിതരണക്കമ്പനിയുടെ പേര് എവിഎ എന്റർടെയിൻമെന്റ്സ്) ഹാപ്പിയാണ്.

രാമായണത്തിന്റെ റിപ്പീറ്റ് പ്രേക്ഷകരുടെ എണ്ണം കേരളത്തിലാണത്രെ ഏറ്റവും കൂടുതലുള്ളത്. എന്തായാലും ജടായുവിന്റെ വലത്തെ ചിറകിനാണോ ഇടത്തെ ചിറകിനാണോ രാവണന്റെ വെട്ടേറ്റതെന്ന തർക്കവും നവമാധ്യമങ്ങളിൽ അരങ്ങേറുന്നു. മാത്രമല്ല, ജടായു പറുന്തല്ല കഴുകനായിരുന്നുവെന്നും അഹങ്കാരിയായിരുന്നുവെന്നും ചില പുരാണവിദ്വാൻ ചൂണ്ടിക്കാണിക്കുന്നു.

സതീശനെ ജടായുവാക്കി മാറ്റുന്നവർ

കേരളം രാമായണ കഥയോട് ബന്ധപ്പെട്ട സ്ഥലനാമങ്ങളാൽ പ്രസിദ്ധമാണ്. ഇങ്ങനെ പുരാണ ബന്ധമുള്ള സ്ഥലങ്ങൾ ഏറെയുമുള്ളത് കണ്ണൂരും വയനാട്ടിലുമാണത്രെ. ഭൂമി പിളർന്ന് സീത അപ്രത്യക്ഷയായ സ്ഥലമെന്ന് കരുതുന്ന 'ചിതലയം' കണ്ണൂർ ജില്ലയിലാണ്. കതിരൂരും പുരാണത്തിന്റെ പശ്ചാത്തലമുള്ള സ്ഥലമാണ്. മധ്യ കേരളത്തിലേക്കു വന്നാൽ മുഖ്യമന്ത്രി സതീശന്റെ മണ്ഡലമായ പറവൂരിലുള്ള 'തിരുവാലൂർ' ശ്രീരാമന്റെ വാളിന്റെ അറ്റം വീണ സ്ഥലമാണെന്ന് വിശ്വസിക്കുന്നവരുണ്ട്. വാളിന്റെ മധ്യഭാഗം വീണ സ്ഥലമാണത്രെ ആലുവ യു.സി. കോളജിനടുത്തുള്ള കടുങ്ങല്ലൂർ. പുരാണം പറച്ചിൽ ഇവിടെ നിർത്താം.

സതീശൻ അഹങ്കാരിയായ ജടായുവിന്റെ പ്രതീകമാണെന്നും, മുഖ്യമന്ത്രിയുടെ ചിറകരിഞ്ഞേ പറ്റൂ എന്നും കേരള രാഷ്ട്രീയത്തിലെ രാവണൻ ഫെയിം ആയ മുൻ മുഖ്യമന്ത്രി ധരിച്ചുവച്ചിട്ടുണ്ട്. മലയാള മനോരമയുടെ എഡിറ്റ് പേജിലെ ചെറിയൊരു ലേഖനത്തിൽ മുഖ്യമന്ത്രിയെ ഏകാധിപതിയാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തിയിട്ടുമുണ്ട്. സതീശന്റെ ചിറകരിയാൻ കോൺഗ്രസ് പാർട്ടിയിലെ ചില രാവണവേഷങ്ങളും ഇപ്പോൾ രംഗത്തുണ്ട്.

കൂടിയാലോചനയില്ല, യു.ഡി.എഫ്. യോഗം ചേരുന്നില്ല തുടങ്ങിയ പരാതികൾ ക്യാബിനറ്റ് കൂടിയപ്പോൾ മന്ത്രിമാർ തന്നെ ഉന്നയിച്ചതായി ചാനൽ വാർത്തകളുണ്ട്. ഇന്നത്തെ മന്ത്രിസഭായോഗം രണ്ടര മണിക്കൂർ നീണ്ടത് പി.എസ്.സി.യിലേക്കുള്ള പുതിയ അഞ്ച് അംഗങ്ങളെ മുഖ്യമന്ത്രി ഏകപക്ഷീയമായി പ്രഖ്യാപിച്ചതുകൊണ്ടാണെന്നും മാധ്യമങ്ങൾ കുറ്റപ്പെടുത്തുന്നു. ഏതായാലും ആറ് മാസം തികഞ്ഞപ്പോൾ മന്ത്രിസഭയിലുണ്ടായ പൊട്ടിത്തെറികൾ പൊലിപ്പിച്ചു പറയാൻ ഏഷ്യാനെറ്റ് ന്യൂസ് ഏറെ പണിപ്പെടുന്നതു കണ്ടു.

പി.എസ്.സി.യോ പാർട്ടി സർവീസ് കമ്മീഷനോ?

പി.എസ്.സി. കഴിഞ്ഞ 10 വർഷവും പാർട്ടിക്കാർക്കു മാത്രം ജോലി നൽകുന്ന ഉഡായിപ്പ് സംഘമായി പരിണമിച്ചതിനെക്കുറിച്ച് സി.പി.എം. പറയുന്നത് വിചിത്ര ന്യായമാണ്. ചെയർമാൻ എം.ആർ.ബൈജുവിനെ എസ്.ഐ.ടി. ഭീഷണിപ്പെടുത്തി മൊഴിയെടുക്കാൻ ശ്രമിക്കുകയാണെന്നാണ് ഗോവിന്ദൻ മാഷിന്റെ ആരോപണം.

സ്വന്തക്കാർക്ക് അഭിമുഖത്തിലും എഴുത്തു പരീക്ഷയിലുമെല്ലാം തരികിട കാണിച്ചുവെന്ന് പ്രഥമ ദൃഷ്ട്യാ കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ള ചെയർമാൻ ബൈജുവിനെ ഇനിയും പാർട്ടി ചുമക്കുന്നത് ദുഃഖകരമാണ്. തെറ്റ് ചെയ്യാൻ പാർട്ടി പ്രേരണയൊന്നും നൽകിയിട്ടില്ലെങ്കിൽ ബൈജുവിന്റെ കാര്യത്തിൽ 'നിയമം നിയമത്തിന്റെ വഴിക്ക് പോകട്ടെ'യെന്ന് ധീരതയോടെ പറയാൻ എന്തുകൊണ്ട് ഗോവിന്ദനും കൂട്ടർക്കും കഴിയുന്നില്ല?

പി.എസ്.സി. ചെയർമാനും അദ്ദേഹത്തിന്റെ ശിങ്കിടിയും ചേർന്നു നടത്തിയ നിയമനത്തട്ടിപ്പുകൾ ഓരോന്നായി പുറത്തുവന്നുകൊണ്ടിരിക്കുമ്പോൾ പാർട്ടി പ്രതിരോധം തീർക്കാൻ കഴിയാനാവാതെ പൊതുസമൂഹത്തിനു മുമ്പിൽ ചൂളിപ്പോകുന്നുണ്ട്. പിണറായിയുടെ ലേഖനത്തിനുതാഴെ സി.പി.ഐയുടെ മുൻ പി.എസ്.സി. മെമ്പർ ഡോ. അജയകുമാർ കോടോത്തിന്റെ ഒരു ലേഖനമുണ്ട്.

'പ്രതി രാഷ്ട്രീയ നേതൃത്വം' എന്നാണ് ലേഖനത്തിന്റെ തലക്കെട്ട് തന്നെ. പാർട്ടിയംഗം പി.എസ്.സി. മെമ്പറായി നോമിനേറ്റ് ചെയ്യപ്പെട്ടാൽ പാർട്ടിയാപ്പിസിന്റെ ഏഴയലത്തപോലും വരരുതെന്ന പഴയ സി.പി.ഐ. സെക്രട്ടറി വെളിയം ഭാർഗവന്റെ വാക്കുകൾ ലേഖനത്തിൽ അദ്ദേഹം അനുസ്മരിക്കുന്നു.

രണ്ടാം പിണറായി സർക്കാർ നേരിട്ട ദുർഗതി എന്തായിരുന്നുവെന്ന് ഡോ.അജയൻ ഈ ലേഖനത്തിൽ വ്യക്തമാക്കിയത്, ശരിക്കും പിണറായിയുടെ ലേഖനത്തിനുള്ള മറുപടിയായി മാറിയിട്ടുണ്ട്. പിണറായിക്ക് അടിമപ്പെട്ട ഒരു 'രാഷ്ട്രീയ ബ്യൂറോക്രസി' കേരളത്തെ കഴിഞ്ഞ വർഷങ്ങളിൽ നയിച്ചത് തികഞ്ഞ ഭരണ പരാജയത്തിലേക്കാണെന്ന് അദ്ദേഹം അവകാശപ്പെടുന്നു.

ഘടകകക്ഷികളുടെ ആക്രാന്തം, വിലപേശൽ

ഒറ്റയ്ക്ക് മൽസരിച്ചാൽ എട്ടു നിലയിൽ പൊട്ടുന്ന ഘടകകക്ഷികളാണ് കേരളത്തിലെ ഇരുമുന്നണികളിലുമുള്ളത്. കേരളാ കോൺഗ്രസിലെ എല്ലാ ഗ്രൂപ്പുകളും കൂടി നിയമസഭാ തെരഞ്ഞെടുപ്പിൽ നേടിയത് വെറും 5.72 ശതമാനം വോട്ടുകൾ മാത്രമാണ്. എന്നിട്ടും 63 സീറ്റുകൾ സ്വന്തമായുള്ള കോൺഗ്രസിനോടുള്ള ചെറുകക്ഷികളുടെ മനോഭാവം പൊതുസമൂഹത്തിന് പിടിക്കാനിടയില്ല. വയോജന കമ്മീഷന്റെ ചെയർമാൻ സ്ഥാനം മുസ്ലീം ലീഗിലെ കെ.പി.എ.മജീദിന് വേണമെന്നുള്ള 'മോഹം' അവർ സതീശനെ അറിയിച്ചു കഴിഞ്ഞു.

പി.ജെ. ജോസഫിന്റെ മകൻ അപു ജോസഫിന് ചീഫ് വിപ്പ് സ്ഥാനം നൽകിയിരിക്കെ, തങ്ങളുടെ നേതാവ് പി.ജെ. ജോസഫിനു കൂടി ക്യാബിനറ്റ് റാങ്കുള്ള പദവി വേണമെന്ന് മന്ത്രി മോൻസ് ജോസഫ് ചൊവ്വാഴ്ച കോട്ടയത്തുവച്ച് പറയുകയുണ്ടായി. ഇപ്പോൾ കാർഷിക കമ്മീഷൻ എന്നൊരു പുതിയ സംവിധാനമുണ്ടാക്കി. ജോസഫിനെ അവിടെ കുടിയിരുത്താൻ കോൺഗ്രസിന് പദ്ധതിയുണ്ട്. 2029ൽ നടക്കാൻ പോകുന്ന ലോക്സഭാ തെരഞ്ഞെടുപ്പിനു മുമ്പായി ജോസ് കെ.മാണിയും ഉചിതമായ സമയത്ത് ഇടതുമുന്നണി വിട്ടേക്കാം. 2030 വരെ ജോസിന് രാജ്യസഭാംഗത്വമുണ്ടെന്നിരിക്കെ, മുന്നണി മാറ്റം വലിയ പ്രശ്നമാവില്ലെന്ന് മാണി ഗ്രൂപ്പ് കണക്ക് കൂട്ടുന്നു.

ആർ.എസ്.പി. (ബേബി ജോൺ പക്ഷം) ക്കുമുണ്ട് പരാതികൾ. പ്രേമചന്ദ്രന്റെ മകന് കൊല്ലം ജില്ലയിൽ ഏതെങ്കിലും ഒരു സീറ്റ് കിട്ടിയാൽ കൊള്ളാമെന്നുണ്ടായിരുന്നു. എന്നാൽ ഷിബു ബേബി ജോൺ ഈ ആവശ്യം തുടക്കത്തിലേ തള്ളി. ഇപ്പോഴും ചില അപസ്വരങ്ങൾ പാർട്ടിയിലുണ്ടെന്ന് ഷിബുവിനറിയാം. അവരെ ഒതുക്കാൻ ഏതെങ്കിലും ബോർഡ്, കോർപ്പറേഷൻ പദവികൾ കഴിയും വേഗം കിട്ടണമെന്ന് മന്ത്രി ഷിബുവും ആഗ്രഹിക്കുന്നുണ്ട്.

കെ.ടി.ഡി.സി. ചെയർമാൻ പദവി ഏറ്റെടുക്കാൻ പി.വി. അൻവർ ആഫ്രിക്കയിൽ നിന്ന് പുറപ്പെട്ടിട്ടുണ്ടത്രെ. ചെറിയ കക്ഷികളും തെരഞ്ഞെടുപ്പ് അടുത്തപ്പോൾ ഐക്യമുന്നണിയിലേക്ക് ഓടിക്കൂടിയവരുമെല്ലാം അസംതൃപ്തരാണ്. കഴിയുന്നത്ര വേഗം പദവികൾ കിട്ടിയേ തീരുവെന്ന പൂതി അവർക്കുള്ളിൽ വളർന്നു കഴിഞ്ഞു.

വേണ്ട, ഞങ്ങൾക്ക് കേൾക്കേണ്ട, ഇതെന്ത് ന്യായം?

തളിപ്പറമ്പ് സർക്കിൾ സഹകരണയൂണിയന്റെ പരിപാടിയിൽ പയ്യന്നൂരിലെ എം.എൽ.എ. ആരായാലും പങ്കെടുത്തിരിക്കണമെന്നാണ് സഹകരണ നിയമം. എം.എൽ.എ.യ്ക്ക് അസൗകര്യമുണ്ടെങ്കിലേ മറ്റൊരാളെ ഉദ്ഘാടനത്തിനായി ക്ഷണിക്കാവൂ എന്നും നിയമത്തിലുണ്ട്. സ്ഥലം എം.എൽ.എ. സി.പി.എം. വിമതനായ വി. കുഞ്ഞിക്കൃഷ്ണനാണ്.

കുഞ്ഞിക്കൃഷ്ണനെ വിളിക്കാതെ പകരം പയ്യന്നൂർ നഗരസഭാ ചെയർമാനെ വിളിക്കാൻ സംഘാടകർ സഹകരണവകുപ്പിന്റെ അനുമതി തേടിയെങ്കിലും നടപ്പായില്ല. ഇന്ന് കുഞ്ഞിക്കൃഷ്ണൻ ഉദ്ഘാടനത്തിനെത്തിയപ്പോൾ സി.പി.എം.കാർ ഞങ്ങൾ എം.എൽ.എ.യുടെ പ്രസംഗം കേൾക്കാനില്ലെന്നു പറഞ്ഞ് സദസ്സ് വിട്ടിറങ്ങി.

എന്തൊരു ജനാധിപത്യ മര്യാദയാണിത്? ജനങ്ങൾ തെരഞ്ഞെടുക്കപ്പെട്ട ഒരു എം.എൽ.എ.യെ അപമാനിക്കുന്നതാണോ പിണറായിസത്തിന്റെ വരട്ടുതത്വശാസ്ത്രം? കണ്ണൂരിലെ പാർട്ടി കെ.കെ.രാഗേഷിന്റെ നേതൃത്വത്തിൽ എന്നെങ്കിലും പച്ച പിടിക്കുമോ?

ഇതിനിടെ പാലക്കാട്ട് സി.പി.എം. ഉം മുസ്ലീം ലീഗും ചേർന്ന് ഒരു പഞ്ചായത്തിൽ കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള പഞ്ചായത്ത് ഭരണം പിടിച്ചെടുത്തുവെന്നൊരു വാർത്ത കണ്ടു. പ്രാദേശികമായ ഇത്തരം കുതികാൽ വെട്ടുകൾ വേണോ? ലീഗാണ് ഈ ചോദ്യത്തിന് ഉത്തരം പറയേണ്ടത്.

മുഖ്യമന്ത്രി വി.ഡി.സതീശനെ എതിർക്കുന്ന ഗ്രൂപ്പ് നേതാക്കൾ പ്രാദേശികമായി കൂട്ടിച്ചേരുവാൻ കോപ്പ് കൂട്ടുന്നുണ്ടോ? അത്തരം സൂചനകൾ അന്തരീക്ഷത്തിലുണ്ട്. സതീശൻ ശക്തനായ ജനകീയ നേതാവെന്ന നിലയിൽ വളർന്നുവരുന്നതിനെ ചെറുക്കാൻ പിണറായി കോൺഗ്രസിൽ നിന്നുതന്നെ നേതാക്കളെ വിലയ്ക്കെടുക്കാനുള്ള തത്രപ്പാടിലാണത്രെ.

കേരളാ വിൻഡോ



ആന്റണി ചടയംമുറി

യൂണിയനുകളുടെ പിപ്പിടികാണിക്കൽ

ശബരിമല ക്ഷേത്രത്തിലെ പ്രധാന യൂണിയൻ സി.പി.എം.ന്റേതാണ്. നിലവിലുള്ള പല കരാറുകാരും ഇടതു ഭരണകാലത്ത് ക്ഷേത്ര സ്വത്തിൽ കൈയിട്ടു വാരിയവരാണ്. എല്ലാവരുമല്ല ചിലർ മാത്രം. ഇത്തവണത്തെ തീർത്ഥാടന കാലത്ത് കഴിയുന്നത്ര പ്രശ്നമുണ്ടാക്കാൻ സി.പി.ഐ. യൂണിയനിൽ പെട്ടവർ ശ്രമിച്ചുവെന്നത് കരക്കമ്പിയായി ഇവിടെ പടർന്നിട്ടുണ്ട്.

ആദ്യം നെയ്യ്, അരവണ വിതരണം തകരാറിലാക്കാൻ ഒരു ഗ്രൂപ്പ് ശ്രമിച്ചു. ആ പ്രശ്നം പരിഹരിച്ചപ്പോൾ, പമ്പയിൽ നിന്ന് സന്നിധാനത്തേയ്ക്കുള്ള ജലവിതരണം തടസ്സപ്പെടുത്തി. ഇപ്പോൾ ഇക്കാര്യത്തിൽ പൊലീസ് അന്വേഷണം നടക്കുന്നുണ്ട്. സന്നിധാനത്ത് അയ്യപ്പ ഭക്തർക്കുള്ള ഭക്ഷണ വിതരണവും അട്ടിമറിക്കാൻ ശ്രമമുണ്ടായി. ശബരിമലയോടനുബന്ധിച്ചുള്ള കരാറുകാർ കൂട്ടമായി ലേലത്തിൽ നിന്ന് വിട്ടുനിന്നതും പരോക്ഷമായി സി.പി.എം.ന്റെ ഭാഗത്തുനിന്നുള്ള ഇടങ്കോലിടലായി സംശയിക്കുന്നുണ്ട്.

അയ്യപ്പ സന്നിധിയിൽ പോലും ചീഞ്ഞ രാഷ്ട്രീയം കളിക്കാനുള്ള ചിലരുടെ ശ്രമം ഇപ്പോൾ ഏതാണ്ട് പൊളിഞ്ഞ മട്ടാണ്. തീർത്ഥാടനകാലത്തെ ഒരുക്കങ്ങൾക്കായി ശരണപാത കടന്നുപോകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് റോഡ് നന്നാക്കാനും മറ്റുമായി യു.ഡി.എഫ്. സർക്കാർ പ്രത്യേകം ഗ്രാന്റും അനുവദിച്ചു.

ദൈവവിശ്വാസമില്ലാത്തവരും, വിശ്വാസമുള്ളവരും തമ്മിലുള്ള നേർക്കുനേർ പോരാട്ടമായി ഈ തീർത്ഥാടനകാലം മാറിക്കഴിഞ്ഞു. ഇവിടെ ദൈവമേ ജയിക്കൂ. ബാക്കി കത്തിവേഷങ്ങളെല്ലാം കത്തിവീഴുകതന്നെ ചെയ്യും.



ആസിയാൻ കരാറിന്റെ 17 വർഷങ്ങൾ

വ്യാപാര നേട്ടങ്ങളും കർഷകന്റെ കണ്ണീരും പിന്നെ 2027ലെ പ്രതീക്ഷകളും

ഡൽഹി ഡെർബാർ

കിഴക്കനേഷ്യൻ രാജ്യങ്ങളുമായുള്ള വാണിജ്യനയതന്ത്ര ബന്ധം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഇന്ത്യ ഒപ്പുവെച്ച ഇന്ത്യ-ആസിയാൻ സ്വതന്ത്ര വ്യാപാര കരാർ നടപ്പിലായിട്ട് 17 വർഷം പിന്നിടുകയാണ്. 2009 ഓഗസ്റ്റിൽ ബാങ്കോക്കിൽ വെച്ച് ഒപ്പുവെക്കുകയും 2010 ജനുവരി ഒന്നിന് പ്രാബല്യത്തിൽ വരികയും ചെയ്ത ഈ കരാർ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിലും, പ്രത്യേകിച്ച് കേരളത്തിന്റെ കാർഷിക മേഖലയിലും വലിയ ചലനങ്ങളാണ് സൃഷ്ടിച്ചത്.

തൊണ്ണൂറുകളിൽ ഇന്ത്യ ആവിഷ്കരിച്ച 'ലുക്ക് ഈസ്റ്റ് പോളിസി'യുടെ സ്വാഭാവിക തുടർച്ചയായിരുന്നു ആസിയാൻ കരാർ. തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളുടെ കൂട്ടായ്മയായ ആസിയാനുമായി ചരക്ക് വ്യാപാരത്തിൽ ഇറക്കുമതി തീരുവ ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവരിക എന്നതായിരുന്നു കരാറിന്റെ കാതൽ. കയറ്റുമതി വർദ്ധിപ്പിക്കാനും, ആഗോള വിപണിയിൽ ഇന്ത്യൻ ഉൽപ്പന്നങ്ങൾക്ക് കൂടുതൽ ഇടം നേടാനും ഇത് സഹായിക്കുമെന്ന് അന്നത്തെ ഭരണകൂടം വിലയിരുത്തി.

17 വർഷം കൊണ്ടുണ്ടായ നേട്ടങ്ങളും കോട്ടങ്ങളും

കരാർ നിലവിൽ വന്നതിന് ശേഷം ഇന്ത്യയും ആസിയാൻ രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരത്തിൽ വലിയ വർദ്ധനവുണ്ടായി. 2025-26 സാമ്പത്തിക വർഷത്തിൽ ഇത് 128.38 ബില്യൺ ഡോളറിലേക്ക് ഉയർന്നു. ഇന്ത്യയുടെ ആകെ ആഗോള വ്യാപാരത്തിന്റെ 10.55 ശതമാനവും ഇപ്പോൾ ആസിയാൻ രാജ്യങ്ങളുമായാണ്. വിവരസാങ്കേതികവിദ്യ, ഫാർമസ്യൂട്ടിക്കൽസ്, എഞ്ചിനീയറിംഗ് ഉൽപ്പന്നങ്ങൾ എന്നിവയുടെ കയറ്റുമതി വർദ്ധിച്ചു.

ഇന്തോ-പസഫിക് മേഖലയിൽ ചൈനയുടെ സ്വാധീനത്തെ പ്രതിരോധിക്കാനും, 'ആക്ട് ഈസ്റ്റ് പോളിസി'യിലൂടെ കിഴക്കൻ രാജ്യങ്ങളുമായി തന്ത്രപരമായ പങ്കാളിത്തം ഉറപ്പിക്കാനും ഇന്ത്യയ്ക്ക് സാധിച്ചു.

എന്നാൽ ഈ കരാർ വഴി ഇന്ത്യയ്ക്ക് ഗുണകരമായി എന്നതിനേക്കാൾ കൂടുതൽ നേട്ടമുണ്ടാക്കിയത് ആസിയാൻ രാജ്യങ്ങളാണ്. 2025-26 കണക്കുകൾ പ്രകാരം ഇന്ത്യയുടെ കയറ്റുമതി 38.41 ബില്യൺ ഡോളർ മാത്രമായിരുന്നപ്പോൾ, ഇറക്കുമതി 89.96 ബില്യൺ ഡോളറായി കുതിച്ചുയർന്നു. ഇതോടെ വ്യാപാരക്കമ്മി 51.55 ബില്യൺ ഡോളറായി വർദ്ധിച്ചു.

ഇന്ത്യ 80 ശതമാനത്തോളം ഉൽപ്പന്നങ്ങളുടെ തീരുവ കുറച്ചപ്പോൾ, വിയറ്റ്നാം, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങൾ സ്റ്റീൽ, ഓട്ടോമൊബൈൽ, ടെക്സ്റ്റൈൽ മേഖലകളിൽ ഇന്ത്യൻ ഉൽപ്പന്നങ്ങൾക്ക് നിയന്ത്രണങ്ങൾ തുടർന്നു.



കൃഷിക്കാരനെന്നും കഞ്ഞി കുമ്പിളിൽ തന്നെയോ...!

കേരളത്തിലെ കർഷകരുടെ ദുരിതങ്ങൾ

ആസിയാൻ കരാറിന്റെ ഏറ്റവും വലിയ പ്രഹരമേറ്റത് കേരളത്തിലെ നാണ്യവിള കർഷകർക്കാണ്. ആസിയാൻ രാജ്യങ്ങളുടെയും കേരളത്തിന്റെയും ഭൂപ്രകൃതിയും കാർഷിക വിളകളും സമാനമായതാണ് തിരിച്ചടിയായത്.

റബ്ബർ മേഖലയിലെ തകർച്ച: മലേഷ്യ, ഇന്തോനേഷ്യ, തായ്‌ലൻഡ് എന്നിവിടങ്ങളിൽനിന്ന് കുറഞ്ഞ വിലയ്ക്ക് റബ്ബർ ഇറക്കുമതി ചെയ്തതോടെ ആഭ്യന്തര വിപണിയിൽ റബ്ബർ വില കൂപ്പുകുത്തി. സംസ്ഥാനത്തെ റബ്ബർ ഉൽപ്പാദനം 10 ലക്ഷം ടണ്ണിൽ നിന്ന് ഗണ്യമായി കുറയുകയും ലക്ഷക്കണക്കിന് ചെറുകിട കർഷകർ കടക്കെണിയിലാവുകയും ചെയ്തു.

വിയറ്റ്നാമിൽ നിന്നുള്ള വിലകുറഞ്ഞ കുരുമുളക് ഇറക്കുമതി (പലപ്പോഴും ശ്രീലങ്ക വഴി വളഞ്ഞ വഴികളിലൂടെ) കേരളത്തിലെ കുരുമുളക് കർഷകരുടെ നട്ടെല്ലൊടിച്ചു. കാപ്പി, തേയില, ഭക്ഷ്യ എണ്ണ (പാം ഓയിൽ) എന്നിവയുടെ ഇറക്കുമതി നാളികേര കർഷകരെയും തോട്ടം മേഖലയെയും പ്രതിസന്ധിയിലാക്കി.

മനില ഉച്ചകോടി നൽകുന്ന സൂചനകൾ

ഫിലിപ്പീൻസിലെ മനിലയിൽ വെച്ച് നടക്കുന്ന 23മത് ഇന്ത്യ-ആസിയാൻ ഉച്ചകോടിയും 21-ാമത് ഈസ്റ്റ് ഏഷ്യ ഉച്ചകോടിയും ഇന്ത്യയെ സംബന്ധിച്ചിടത്തോളം നിർണ്ണായകമാണ്. പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുത്ത ഈ ഉച്ചകോടിയിലെ പ്രധാന തീരുമാനങ്ങൾ താഴെ പറയുന്നവയാണ്:

ഇന്ത്യ നേരിടുന്ന ഭീമമായ വ്യാപാര കമ്മി പരിഹരിക്കുന്നതിനായി നിലവിലെ ചരക്ക് വ്യാപാര കരാർ അടിയന്തരമായി പരിഷ്കരിക്കണമെന്ന് ഇന്ത്യ ശക്തമായി ആവശ്യപ്പെട്ടു. ഇതിനായുള്ള ചർച്ചകൾ വേഗത്തിലാക്കാൻ ഉച്ചകോടിയിൽ ധാരണയായി.

2026 'ഇന്ത്യആസിയാൻ സമുദ്ര സഹകരണ വർഷമായി' ആചരിക്കുന്നതിന്റെ ഭാഗമായി ദീർഘകാല സമുദ്ര സുരക്ഷാ പദ്ധതികൾക്കും, സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള സംയുക്ത നീക്കങ്ങൾക്കും ഉച്ചകോടി രൂപം നൽകി. ആസിയാൻ രാജ്യങ്ങളിൽ നിന്നുള്ള വിനോദസഞ്ചാരികൾക്ക് സൗജന്യ ഇവിസ നൽകാനും, ഇന്ത്യയുടെ യു.പി.ഐ പോലുള്ള ഡിജിറ്റൽ സംവിധാനങ്ങൾ മേഖലയിലേക്ക് വ്യാപിപ്പിക്കാനും തീരുമാനമായി.

2027ലെ സമ്മേളനങ്ങളും ഇന്ത്യയുടെ നേതൃത്വവും

ഇന്ത്യ-ആസിയാൻ നയതന്ത്ര ബന്ധത്തിന്റെ 35-ാം വാർഷികം ആഘോഷിക്കുന്ന 2027 ഇന്ത്യയെ സംബന്ധിച്ചിടത്തോളം സുപ്രധാന വർഷമാണ്. 2027ൽ ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന പ്രധാന അന്താരാഷ്ട്ര വേദികൾ ആസിയാൻ സഹകരണത്തിന് പുതിയ ദിശാബോധം നൽകും:

ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന ആഗോള മാധ്യമവിനോദ ഉച്ചകോടിയായ 'വേവ്സ് 2027'ൽ ആസിയാൻ രാജ്യങ്ങൾക്കായി പ്രത്യേക 'ക്രിയേറ്റീവ് പാർട്ണർഷിപ്പ് പവലിയൻ' ഒരുക്കുമെന്ന് ഇന്ത്യ പ്രഖ്യാപിച്ചിട്ടുണ്ട്. 2027ൽ മുംബൈയിൽ വെച്ച് നടക്കുന്ന പ്രഥമ കാഡ് ബിസിനസ് ഫോറം ഇന്തോ-പസഫിക് മേഖലയിലെയും ആസിയാൻ രാജ്യങ്ങളിലെയും നിക്ഷേപ സാധ്യതകൾക്ക് വലിയ ഉണർവ് നൽകും.

2027ഓടെ AITIGA കരാർ പരിഷ്കരണം പൂർത്തിയാകുമ്പോൾ, ഇന്ത്യൻ കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിൽ സെൻസിറ്റീവ് ലിസ്റ്റിൽ കൂടുതൽ കാർഷിക ഉൽപ്പന്നങ്ങൾ ഉൾപ്പെടുത്താനും, ഇറക്കുമതി മാനദണ്ഡങ്ങൾ കർശനമാക്കാനും സാധിക്കുമെന്നാണ് വിലയിരുത്തപ്പെടുന്നത്.

ചുരുക്കത്തിൽ, കഴിഞ്ഞ 17 വർഷത്തെ അനുഭവപാഠങ്ങളിൽ നിന്ന് ഉൾക്കൊണ്ട്, വ്യാപാരക്കമ്മി നികത്താനും കർഷകരുടെ കണ്ണീരൊപ്പാനും സാധിക്കുന്ന തരത്തിൽ ആസിയാൻ കരാറിനെ പുനർനിർമ്മിക്കാനുള്ള നയതന്ത്ര നീക്കങ്ങളിലാണ് ഇന്ത്യ ഇന്ന്.

എം എൽസ എൽവിൻ

ആസിയാൻ കരാർ: കേരളം നേരിട്ട തിരിച്ചടികൾ (ഒറ്റനോട്ടത്തിൽ)

- **റബ്ബർ വിലയിടിവ്:** കരാറിന് മുൻപ് കിലോയ്ക്ക് 245 രൂപ വരെ ഉയർന്നിരുന്ന റബ്ബർ വില, മലേഷ്യ, ഇന്തോനേഷ്യ എന്നിവിടങ്ങളിൽ നിന്നുള്ള ഇറക്കുമതി വർദ്ധിച്ചതോടെ 110-130 രൂപ നിലവാരത്തിലേക്ക് കൂപ്പുകുത്തി.
- **ഉൽപ്പാദനത്തിലെ ഇടിവ്:** പ്രതിവർഷം 10 ലക്ഷം ടണ്ണായിരുന്ന കേരളത്തിന്റെ റബ്ബർ ഉൽപ്പാദനം 67 ലക്ഷം ടണ്ണായി ചുരുങ്ങി. ലക്ഷക്കണക്കിന് ചെറുകിട കർഷകർ ടാപ്പിംഗ് ഉപേക്ഷിക്കാൻ നിർബന്ധിതരായി.
- **കുരുമുളക് പ്രതിസന്ധി:** വിയറ്റ്നാമിൽ ഹെക്ടറിന് 1.2 ടണ്ണും ഇന്തോനേഷ്യയിൽ 2.3 ടണ്ണും കുരുമുളക് ഉൽപ്പാദിപ്പിക്കുമ്പോൾ കേരളത്തിൽ ഇത് കേവലം 320 380 കിലോ മാത്രമാണ്. കുറഞ്ഞ വിലയ്ക്കുള്ള ഇറക്കുമതി കേരളത്തിലെ കുരുമുളക് വിപണിയെ തകർത്തു.
- **നാളികേരവും തോട്ടം മേഖലയും:** പാം ഓയിൽ ഇറക്കുമതി തീരുവ കുറച്ചത് നാളികേര കർഷകരെയും, കാപ്പിതേയില ഇറക്കുമതി ഹൈറേഞ്ച് മേഖലയിലെ കർഷകരെയും കടുത്ത കടക്കെണിയിലാക്കി.

23-ാമത് ഇന്ത്യ-ആസിയാൻ ഉച്ചകോടി: നേട്ടങ്ങളും പ്രഖ്യാപനങ്ങളും

1. **സമുദ്ര സുരക്ഷാ പദ്ധതി (Maritime Cooperation):** 2026 'സമുദ്ര സഹകരണ വർഷമായി' ആചരിക്കുന്നതിന്റെ ഭാഗമായി തീരദേശ സംരക്ഷണം, സമുദ്ര ഗവേഷണം, നാവികരുടെ സുരക്ഷ എന്നിവയ്ക്കായി ദീർഘകാല കർമ്മപദ്ധതിക്ക് രൂപം നൽകി.
2. **സൗജന്യ ഇ-വിസ:** വിനോദസഞ്ചാര മേഖലയ്ക്ക് ഉണർവ് നൽകാൻ ആസിയാൻ രാജ്യങ്ങളിൽ നിന്നുള്ള പൗരന്മാർക്ക് ഇന്ത്യ സൗജന്യ ഇ-വിസ പ്രഖ്യാപിച്ചു.
3. **സൈബർ സുരക്ഷയും ബഹിരാകാശവും:** ഓൺലൈൻ തട്ടിപ്പുകൾ തടയാൻ സംയുക്ത സൈബർ ഫോറൻസിക് പരിശീലന പരിപാടിയും, യുവപ്രതിഭകൾക്കായി 'ആസിയാൻ-ഇന്ത്യ സ്പേസ് ഹാക്കത്തണും' പ്രഖ്യാപിച്ചു.
4. **ദുരന്തനിവാരണവും ആണവോർജ്ജവും:** പ്രകൃതിദുരന്തങ്ങൾ മുൻകൂട്ടിഅറിയാൻ സാറ്റലൈറ്റ് വിവരങ്ങൾ പങ്കുവെക്കുന്നതിനും, സമാധാനപരമായ ആവശ്യങ്ങൾക്കായി ആണവോർജ്ജ സാങ്കേതികവിദ്യ കൈമാറുന്നതിനും ധാരണയായി.
5. **യുവജനവിദ്യാഭ്യാസ പങ്കാളിത്തം:** നളന്ദസർവ്വകലാശാലയിൽആസിയാൻവിദ്യാർത്ഥികൾക്ക്കൂടുതൽസ്കോളർഷിപ്പുകളും, 'യൂത്ത് കണക്ട്' പരിപാടികളും നടപ്പിലാക്കും.

അമിത് ഷാ ജയിലിൽ പോയത് ഭാഗ്യം; മോദിക്കെതിരായ അന്വേഷണം തടഞ്ഞത് കോൺഗ്രസ് നേതാക്കളെന്ന് വീരപ്പ മൊയ്‌ലി

2002ലെ ഗുജറാത്ത് കലാപവുമായി ബന്ധപ്പെട്ട് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന നരേന്ദ്ര മോദിക്കെതിരായ അന്വേഷണം യുപിഎ സർക്കാരിന്റെ കാലത്ത് ചില കോൺഗ്രസ് നേതാക്കൾ തടസ്സപ്പെടുത്തിയെന്ന് മുൻ കേന്ദ്രമന്ത്രിയും കർണാടക മുഖ്യമന്ത്രിയുമായിരുന്ന എം. വീരപ്പ മൊയ്‌ലി വെളിപ്പെടുത്തി. സോണിയ ഗാന്ധിയുടെ 'ബിലോങ്ങിങ് എ ജേർണി ഓഫ് ലവ്' എന്ന പുസ്തകം ബെംഗളൂരുവിൽ പ്രകാശനം ചെയ്യുവെയാണ് അദ്ദേഹം ഈ നിർണായക വെളിപ്പെടുത്തൽ നടത്തിയത്.

ആഭ്യന്തര മന്ത്രി അമിത് ഷായാണ് ആദ്യം ജയിലിൽ പോയതെന്ന കാര്യം മൊയ്‌ലി ചൂണ്ടിക്കാട്ടി. അദ്ദേഹം ജയിലിൽ പോയിരുന്നില്ലെങ്കിൽ ഇന്ന് കാണുന്ന ഈ ശക്തനായ നേതാവും ആഭ്യന്തര മന്ത്രിയും ആകില്ലായിരുന്നെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അമിത് ഷായുടെ കേസ് ഗുജറാത്തിന് പുറത്താണ് വിചാരണ ചെയ്തതെന്നും ഒരു പ്രവാസിയെപ്പോലെയാണ് അദ്ദേഹം ജീവിച്ചതെന്നും മൊയ്‌ലി കൂട്ടിച്ചേർത്തു.

അടുത്ത ഊഴം നരേന്ദ്ര മോദിയുടേതായിരുന്നുവെന്നും അദ്ദേഹത്തിനും ഒരു പ്രവാസിയെപ്പോലെ ജീവിക്കേണ്ടി വരുമായിരുന്നുവെന്നും വീരപ്പ മൊയ്‌ലി വ്യക്തമാക്കി. എന്നാൽ, അന്നത്തെ യുപിഎ സർക്കാർ ആ അന്വേഷണം തടയുകയായിരുന്നുവെന്ന് അദ്ദേഹം വെളിപ്പെടുത്തി.

ഇതിന് പിന്നിൽ അന്നത്തെ പ്രധാനമന്ത്രി മൻമോഹൻ സിങ് ആയിരുന്നില്ലെന്നും മറിച്ച് മറ്റ് ചില നേതാക്കളായിരുന്നെന്നും മൊയ്‌ലി വിശദീകരിച്ചു.

ഇപ്പോൾ മോദിയുടെ ഭരണത്തിൽ ഈ കാര്യങ്ങൾ തങ്ങൾ അനുഭവിക്കുകയാണെന്നും കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നില്ലെന്നും വീരപ്പ മൊയ്‌ലി കൂട്ടിച്ചേർത്തു. 2009ൽ സുപ്രീം കോടതി നിർദേശിച്ച പ്രത്യേക അന്വേഷണ സംഘം, 2002 ലെ കലാപത്തിലെ ഗൂഢാലോചനയെക്കുറിച്ച് 2010ൽ മോദിയെ ചോദ്യം ചെയ്തിരുന്നു.

തുടർന്ന്, 2012ൽ ഈ പ്രത്യേക അന്വേഷണ സംഘം മോദിക്ക് ക്ലീൻ ചിറ്റ് നൽകി. 2010ൽ സൊഹ്റാബുദ്ദീൻ ഷെയ്ഖ് വ്യാജ ഏറ്റുമുട്ടൽ കേസിൽ സിബിഐ അമിത് ഷായെ അറസ്റ്റ് ചെയ്തിരുന്നു. എന്നാൽ, തെളിവുകളുടെ അഭാവം ചൂണ്ടിക്കാട്ടി 2014 ഡിസംബറിൽ മുംബൈയിലെ പ്രത്യേക കോടതി അദ്ദേഹത്തെ വെറുതെവിട്ടു.

2010-11 കാലഘട്ടത്തിൽ വീരപ്പ മൊയ്‌ലി കേന്ദ്ര നിയമമന്ത്രിയായിരുന്നു.



